LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 ജൂലൈ വാല്യം 3 ലക്കം 7

Therefore
"Come out from among them
And be separate, says the Lord.
Do not touch what is unclean,
And I will receive you."
(2 Corinthians 6:17)



## ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

ദേവസ്യാ മുല്ലക്കര സാർ



# എഡിറ്റോറിയൽ

# സുവിശേഷ വിഹിതർ പാപരഹിതർ

ദേവസ്യാ മുല്ലക്കരസാർ

ചില കത്തോലിക്കാ മെത്രാന്മാരും ഏതാനും ഓർത്തഡോക്സ് പുരോഹിതന്മാരും സ്ത്രീസംബന്ധമായ വിഷയങ്ങളിൽ തകർന്ന് തരിപ്പണമാകുന്നതായി നാം പത്രമാദ്ധ്യമങ്ങളിൽ കണ്ട്, അത്ഭുതപരതന്ത്രരാവുകയാണ് ഈ കഴിഞ്ഞ ആഴ്ചകളിൽ. കത്തോലിക്കാ മെത്രാന്മാരും അച്ചന്മാരും കന്യാസ്ത്രീകളും അവിവാഹിതരായി ജീവിക്കുന്നതുകൊണ്ടാണ് ഈ പ്രലോഭനങ്ങളിൽ പെട്ടുപോകുന്നതെന്ന് പലരും ആശ്വസിപ്പിക്കുകയും ആശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ ഓർത്തഡോക്സ് – ജാക്കബൈറ്റ് വിഭാഗത്തിൽപ്പെട്ടവർ, വിവാഹജീവിതം നയിക്കുന്നവരായിട്ടെന്തു പറ്റിയെന്ന് മൂക്കത്ത് വിരൽവെച്ച് പലരും അടക്കം പറയുന്നു.

ഇക്കാര്യങ്ങളിൽ അടങ്ങിയിരിക്കുന്ന ബൈബിൾ വിരുദ്ധമായ യാഥാർത്ഥ്യങ്ങളേവ എന്ന് പരിശോധിക്കുകയാണെന്റെ ലക്ഷ്യം. പാപവിമോചനമാണ് മനുഷ്യന്റെ നിത്യതയ്ക്ക് ഏറ്റവും ആവശ്യം. പാപവിമോചനം പുരോഹിതന്മാരിലൂടെയാണെന്ന് പുതിയനിയമം നമ്മെ പഠിപ്പിക്കുന്നില്ല. ഏതെങ്കിലും കൂദാശകളിലൂടെയാണ് പാപവിമോചനമെന്ന് വിശുദ്ധ വേദപുസ്തകം ഒരിക്കലും പഠിപ്പിക്കുന്നില്ല. കുമ്പസാരം എന്ന സംഭവം പാപവിമോചനത്തിലേയ്ക്കല്ല, പാപത്തിലേക്കാണ് മനുഷ്യനെ നയിക്കുക എന്ന സത്യം മേലെഴുതിയ സംഭവങ്ങളിലൂടെ ഒരിക്കൽകൂടെ തെളിയിക്കപ്പെടുകയാണ്.

നീതീകരണം വിശ്വാസത്താലാണ് കൂദാശകളാലല്ല. യേശുക്രിസ്തുവിന്റെ കൃപയാലാണ് മാനസാന്തരവും വീണ്ടും ജനനവും. ഒരിയ്ക്കലും ബിഷപ്പുമാരിലൂടെയൊ അച്ചന്മാരിലൂടെയൊ അവരുടെ പള്ളിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കർമ്മാചാരങ്ങളിലൂടെയൊ അല്ല. അങ്ങനെയാണെന്ന നുണയാൽ അവർ പാവം ജനത്തെ കബളിപ്പിക്കാൻ തുടങ്ങിയിട്ട് രണ്ടായിരം വർഷം കഴിഞ്ഞു. അവർക്ക്, അവരുടെ നേതാക്കന്മാർക്ക് നല്ല സാമ്പത്തികകൊയ്ത്തും നല്ല ലൈംഗിക കൊയ്ത്തും ആണ്. ഈ കൊയ്ത്തുകളൊക്കെയും ആത്മനാശത്തിലേക്കും നരകശിക്ഷയിലേക്കുമാണ് ജനകോടികളെ നയിക്കുന്നതെന്ന് ബൈബിൾ പഠിക്കേണ്ടതുപോലെ പഠിക്കാത്തവർ ആയതുകൊണ്ട് ബിഷപ്പുമാരും അച്ചന്മാരും കന്യാസ്ത്രീകളും ആ മതിൽക്കെട്ടിൽ അകപ്പെട്ട വിശ്വാസികൾ എന്നറിയപ്പെടുന്നവരും, അറിയുന്നതേയില്ല. അവരൊക്കെയും പള്ളിയിലും പള്ളിക്കർമ്മങ്ങളിലും മനുഷ്യന്റെ മുമ്പിലുള്ള കുമ്പസാരത്തിലുമാണ് കെട്ടപ്പെട്ട് കിടക്കുന്നത്.

“കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ മാത്രമാണ് പാപവിമോചനം” (ലൂക്കോ.24:47). “ഇവൻ മൂലം (ക്രിസ്തു) നിങ്ങളോട് പാപമോചനം അറിയിക്കുന്നു” (അപ്പൊ.13:38). “അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കുവാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേരിടണം” (മത്താ.1:21). മാലാഖ മറിയയുടെ ഭർത്താവായ ജോസഫിനോട് പറഞ്ഞതാണിത്. ക്രിസ്തുവിന്റെ മനുഷ്യാവതാരലക്ഷ്യം തന്നെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുക എന്നതാണെന്ന് ഈ വചനം ധ്യാനിക്കുന്നവർക്ക് മനസ്സിലാകും.

അന്ന് ക്രിസ്തുവിനെ സമീപിച്ച സകലർക്കും അവിടുന്ന് പാപവിമോചനം കൊടുത്തു. ഇന്ന് ആ നാമത്തിൽ വിശ്വസിച്ച് അനുതാപത്തോടെ സമീപിക്കുന്നവർക്ക് യേശു തന്റെ രക്തത്താലും, ആത്മാവിനാലും സൗജന്യമായി പാപവിമോചനം നൽകുന്നു. താഴെപ്പറയുന്ന വചനങ്ങൾ ശ്രദ്ധിക്കുക:

(ശേഷം 4–ാം പേജിൽ)

## CONTENTS


എഡിറ്റോറിയൽ........ 2,4
ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും........ 3,5-11
അതിശയവാനായ ക്രിസ്തു........ 12-17
ന്യായപ്രമാണവും വിശ്വാസപ്രമാണവും........ 18-24, 26, 28
സത്യസാക്ഷ്യം........25
ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?........27,29-33
വാർത്തകൾ........34



# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

ദേവസ്യാ മുല്ലക്കരസാർ

**ക്രി**സ്തീയജീവിതം ജീവനുള്ള ദൈവമായ ക്രിസ്തുവുമായുള്ള ഒരു അനുഭവമാകാനിടയായാലേ അതുകൊണ്ട് കാര്യമുള്ളൂ. ക്രിസ്ത്വാനുഭവം എന്നു പറയുന്നത്, പരിശുദ്ധാത്മാവിന്റെ ഉൾവാസത്താൽ, ജീവിതത്തിലുണ്ടാകുന്ന ആഴമേറിയ സ്വച്ഛതയാണ്. അതൊരു ആന്തരികസമാധാനാനുഭവമാണ്, ക്രൂശിൽ മരിച്ചെങ്കിലും, ഉയിർത്തെഴുന്നേറ്റുകൊണ്ട് തന്റെ പരമമായ സ്നേഹത്താൽ എല്ലാവരെയും നിറയ്ക്കുന്ന, ജീവിക്കുന്ന ദൈവമായ യേശുവിനോട് ചേർന്നുള്ള ഒരു വ്യക്തിബന്ധം പുലർത്തലാണ് ക്രൈസ്തവജീവിതം. ക്രിസ്തുവിന്റെ ജീവിതവും, മരണവും, ഉത്ഥാനവും പരിശുദ്ധാത്മാവിനെ നൽകലും-ഈ നാല് പ്രവൃത്തികളിലൂടെ നമ്മിലുണ്ടാകുന്ന വിശ്വാസത്തിലധിഷ്ഠിതമായ ഒരു ജീവിതമാണ് ക്രൈസ്തവജീവിതം എന്നു പറയാം.

ക്രിസ്ത്വാനുഭവം എന്നു പറയുന്നത് ഏതെങ്കിലും പൗരോഹിത്യകൂട്ടായ്മകളുടെ ഉപദേശങ്ങൾകൊണ്ട് ലഭിക്കുന്നതേയല്ല. ശരിക്കും ദൈവരാജ്യാനുഭവം തന്നെയാണ് ഇവിടെ അത്യാവശ്യമായിരിക്കുന്നത്. "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല" (യോഹ.3:3) എന്നും, "ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു" (യോഹ.3:6) എന്നും കർത്താവ് പറയുമ്പോൾ അത്തരം ദൈവരാജ്യാനുഭവമില്ലെങ്കിൽ ക്രിസ്തുവിനോട്കൂടിയുള്ള ജീവിതം അസാധ്യമാണ്. ക്രൈസ്തവജീവിതം ക്രിസ്തുവിനോടുകൂടെയുള്ള ജീവിതമാണ്. ത്യാഗോജ്ജ്വലമായി മാനവരക്ഷയ്ക്കുവേണ്ടി ക്രൂശിൽ മരിക്കയും, മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും, നമ്മെ നയിക്കുവാൻ ദൈവാത്മാവിനെ അയയ്ക്കുകയും ചെയ്തിട്ട്, സ്വർത്തിലിരുന്നുകൊണ്ട് പൗരോഹിത്യശുശ്രൂഷയും മദ്ധ്യസ്ഥപ്രാർത്ഥനാശുശ്രൂഷയും ചെയ്തുകൊണ്ടിരിക്കുന്ന സാക്ഷാൽ യേശുവിൽ പ്രത്യാശവെച്ചുകൊണ്ടുള്ള, വിശുദ്ധിയുടെയും വിടുതലിന്റെയും ജീവിതമാണ് ക്രൈസ്തവജീവിതം. മതാചാരങ്ങൾക്കോ മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിനൊ "കേവലമായ സോഷ്യൽവർക്കിനോ" അതാതിന്റേതായ കുറച്ച് പ്രാധാന്യങ്ങളുണ്ടെങ്കിലും അവയൊന്നും സ്വർഗ്ഗം കിട്ടുവാൻ മതിയായ സാധ്യതകളല്ല. അവയെല്ലാം വേണം. മാനവസ്നേഹത്തിനത്യാവശ്യവുമാണ്. ഏറ്റവും ആവശ്യം അഗാപ്പെയുടെ സ്നേഹമാണ്.

മതപരമായ ആചാരാനുഷ്ഠാനങ്ങൾ മുഖാന്തരം പാപമൊക്കെ പോയി എന്നു വിചാരിക്കും, പക്ഷേ കുറേനാൾ, പിടിച്ചുനിന്നെന്നും വരും, അതുകൊണ്ടായില്ല; പുതുതായി ജനിക്കുകതന്നെ വേണം. മസ്തിഷ്കപ്രക്ഷാളനങ്ങളിലൂടെയൊ മന:ശാസ്ത്രപരമായ ചില കർമ്മങ്ങളിലൂടെയൊ കുമ്പസാരം, കുർബാന മുതലായ ഭക്താഭ്യാസങ്ങളിലൂടെയൊ പാപം പോകുമെങ്കിൽ, പോകുമെന്ന് തന്നെയിരിക്കട്ടെ. പക്ഷേ വീണ്ടും ആ തെറ്റുകൾ ആവർത്തിക്കുന്നുണ്ടെങ്കിലോ? പാപം പോയിട്ടില്ല, അഥവാ പഴയ അവസ്ഥയാണെന്നല്ലേ അർത്ഥം? പുതുതായി ജനിച്ചില്ല എന്നല്ലേ അർത്ഥം? മാംസത്തിൽനിന്നും (മാതാപിതാക്കൾ വഴി) ജനിച്ച മാംസം തന്നെയായ ഒരു അവസ്ഥയാണെന്നല്ലേ അർത്ഥം?

അത് മാനസാന്തരമല്ല, ക്രിസ്തുവിലേക്കല്ല അത് മാംസത്തിലേക്കാണ്. സുവിശേഷം കേട്ട് ദൈവീകജീവനായ യേശുവിനെ തിരിച്ചറിഞ്ഞ് ആ രക്തത്താൽ കഴുകപ്പെട്ട്, പാപത്തെ പൂർണ്ണമായും ഉപേക്ഷിക്കുന്ന ആത്മീയാനുഭൂതി ലഭിച്ച്, ക്രിസ്തുവിനുവേണ്ടി ജീവിക്കുന്ന അവസ്ഥയാണ് യേശു നിക്കോദേമോസിനെ പഠിപ്പിച്ചത്. ബാക്കിയുള്ളതെല്ലാം മനുഷ്യൻ സംവിധാനം ചെയ്യുന്ന മതത്തിലേക്കുള്ള ചായ്വാണ്. മതാനുഭവത്തിൽനിന്നും മനുഷ്യൻ മാറുകയില്ലാത്തിന്റെ ഒരു സുപ്രധാന കാരണം "പ്രാക്ടിക്കൽ" ആണ് മതാചാരങ്ങൾ എന്നതാണ്. ഉദാഹരണത്തിന്, ഒരു പുണ്യമലയിൽ പലവട്ടംകയറിയിറങ്ങുക, ഒരു പുണ്യനദിയിൽ പലവട്ടം മുങ്ങിക്കയറുക, ഒരു പുണ്യശ്ലോകം ഒരായിരംവട്ടം ചൊല്ലുക, കുറേ പുണ്യവിളക്കുകൾ കത്തിക്കുക, പുരോഹിതന്മാരോട് ചേർന്ന് ക്രിസ്തുവിന്റെ ക്രൂശിതമരണം തന്നെയാണെന്ന പഠനത്തോടൊപ്പം, കുറച്ച് പണവുംകൂടി മുടക്കിക്കൊണ്ടുള്ള കുർബ്ബാനകളിലൊ റാസകളിലൊ ഒക്കെ സംബന്ധിക്കുക -ഇവയെല്ലാം പ്രാക്ടിക്കലാണ്. കവികൾക്കും, മഹർഷീശ്വരന്മാർക്കും, വലിയ മെത്രാപ്പോലീത്താമാർക്കും ഒക്കെ, ആവിഷ്ക്കരിക്കുവാൻ കഴിയുന്നതാണ്.

(ശേഷം 5-ാം പേജിൽ)

# സുവിശേഷ വിഹിതർ പാപരഹിതർ

ദേവസ്യാ മുല്ലക്കരസാർ **എഡിറ്റോറിയൽ**

(2-ാം പേജിൽ നിന്നും തുടർച്ച)

1. "മകനെ നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു എന്നു പറഞ്ഞു" (മർക്കോ.2:5).

2. "ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിക്കുവാൻ കഴിയുന്നവൻ ആർ?" (മർക്കോ.2:7).

3. "അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുകയും നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുകയും ചെയ്യുന്നു" (സങ്കീ.103:3).

4. "ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മുഷ്യപുത്രന് അധികാരമുണ്ട്" (മർക്കോ.2:10).

5. "ലോകത്തിന്റെ പാപം ചുമന്ന് നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് യേശു" എന്ന് യോഹ.1:29.

6. "യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി" (യേശ.53:6).

7. "ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന് നീതിമാനായി നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിയ്ക്കൽ കഷ്ടം അനുഭവിച്ചു. ജഡത്തിൽ മരണശിക്ഷ എല്ക്കുകയും ആത്മാവിൽ ജീവിപ്പിക്കപ്പെടുകയും ചെയ്തു" (1 പത്രൊ.3:18).

8. "മുമ്പേ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ട് അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധന്മാരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തേണ്ടതിന് അവൻ ഇപ്പോൾ തന്റെ ജഡത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു" (കൊലോ.1:21,22).

9. "പാപം അറിയാത്തവനെ (ക്രിസ്തുവിനെ) നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി" (2 കൊരി.5:21).

10. "അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കുകയും ചെയ്യുന്ന നിന്നോട് സമനായ ദൈവം ആരുള്ളൂ" (മീഖാ.7:18).

പാപത്തിന്റെ ശമ്പളം മരണം ആണല്ലോ (റോമ.6:23). ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം ജനകോടികളുടെ പാപവിമോചനം സാധിക്കേണ്ടതുണ്ട്. അതിനൊരു ശരീരം ആവശ്യമായി വന്നു. അതായത് ആത്മാവായ ദൈവം ജഡമെടുത്തു. മൃഗബലികളിൽ ദൈവം പ്രസാദിക്കാതെ, മരണത്തിന് ഒരുക്കപ്പെട്ട ഒരു ശരീരം കൊടുത്തു. പുത്രനായ ക്രിസ്തുവിനെ ലോകത്തിലേക്ക് പ്രവേശിപ്പിച്ചത്, പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിക്കുവാനാണ് (എബ്രാ.10:11). സദാകാലത്തേക്കും സദ്ഗുണപൂർത്തിവരുത്തുവാനുമാണ് (എബ്രാ.10:14).

അതായത്, ക്രിസ്തു തന്റെ ജഡത്തിൽ മരണശിക്ഷ ഏറ്റുകൊണ്ട് (1 പത്രൊ.3:18) തന്റെ ജഡത്തിൽ തന്റെ മരണത്താൽ ദൈവത്തോട് ദൈവജനത്തെ നിരപ്പിക്കുവാൻ, മരണം ആസ്വദിക്കുകയും അനുഭവിക്കുകയും (എബ്രാ.2:9) ചെയ്തു. ഇത്രയും വിശ്വസിച്ച്, മാനസാന്തരതീരുമാനവുമായി അനുതാപത്തോടെ ഇന്ന് ക്രിസ്തുവിനെ ജീവനുള്ളവനായതുകൊണ്ട് തന്നെ, ആരാര് സമീപിക്കുന്നുവോ അവർക്ക് പാപവിമോചനം സൗജന്യമായി തത്ക്ഷണം ലഭിക്കുന്നു. ഇതാണ്, ബൈബിൾ സത്യം. ഇങ്ങനെ മാത്രമേ പാപവിമോചനമുള്ളു. അങ്ങനെയിരിക്കെ എന്തൊക്കെയാണ് പാപവിമോചനം ലഭിക്കാനും കൊടുക്കുവാനുമായി പുരോഹിതവൃന്ദങ്ങളും ജനകോടികളും കാട്ടിക്കൂട്ടുന്നത്? എന്നിട്ട് ഈ എഡിറ്റോറിയലിന്റെ ആദ്യം സൂചിപ്പിച്ചപോലുള്ള ലജ്ജാകരമായ സംഭവങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുമ്പോൾ ലോകത്തിലെ നാനാജാതിമതജനം, അവരുടെ ആചാരാനുഷ്ഠാനശൈലിയിലുള്ള മതമാണ് ഇതിലും ഭേദമെന്ന് പറഞ്ഞുപോകുന്നു. സൽകർമ്മങ്ങൾ ചെയ്ത് സ്വർഗ്ഗം വെട്ടിപ്പിടിക്കാൻ മറ്റൊരു വിഭാഗം ബുദ്ധിജീവികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസംപോലുള്ള ഇസങ്ങളിലും കൊടികളിലും മറ്റൊരു കൂട്ടർ വിശ്വസിച്ച് കർമ്മനിരതരാകുന്നു. ഇനിയൊരുകൂട്ടർ യുക്തിവാദത്തിന്റെയും നിരീശ്വരപ്രസ്ഥാനത്തിന്റെയും പിടിയിലകപ്പെട്ട് പോകുന്നു. മറ്റൊരു കൂട്ടർ കൾട്ട് വാദവുമായി നീങ്ങുന്ന വ്യാജക്രൈസ്തവ ദർശനങ്ങളിൽ പെട്ട് കിടക്കുന്നു.

യഥാർത്ഥത്തിൽ ബൈബിളിനല്ല, തെറ്റ് സംഭവിച്ചത്. അതിന്റെ കാമ്പിനെ തിരിച്ചറിഞ്ഞ്, വിശ്വാസത്തിലേറ്റെടുക്കാത്തവർക്കാണ്, തെറ്റ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വിശ്വാസസത്യങ്ങളിലെ വൈരുദ്ധ്യങ്ങൾക്ക് കാരണം, തിരുവചനമല്ല - നാം തന്നെയാണ്. നമ്മിൽ പലരും വചനത്തെ തെറ്റായി വ്യാഖ്യാനിച്ച് തല തിരിച്ചിടുന്നു. നിത്യജീവനും ദൈവകൃപയും നമ്മുടെ പരിശ്രമത്താൽ സംഘടിപ്പിക്കണമെന്ന് നാം തെറ്റിദ്ധരിച്ച് മനസ്സിലാക്കുന്നു. ഇനിയും ഒരാവശ്യവും ഇല്ലാത്ത പാരമ്പര്യവാദത്തിൽ അനേകർ ചേർന്ന് കഴിയുന്നു.

ഇവയ്ക്കൊക്കെപ്പുറമേ, മറിയാരാധനയും, വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും, പത്രൊസിന്റെ അധികാരത്തിന് ചിരപ്രതിഷ്ഠ നല്കലും ഒക്കെയായി നടക്കാതെ, മെത്രാന്മാരോടും അച്ചന്മാരോടും ചേർന്ന് നടക്കുന്നവരേ, നിങ്ങൾ തിരുവെഴുത്തുകളെ മാത്രം (sola scripture) ഏകാടിസ്ഥാനമാക്കി, നവീകരണത്തിന്റെ മൗലീകപ്രമാണങ്ങൾക്കനുസരിച്ച് ജീവിക്കാൻ ശ്രമിച്ചാൽ നിത്യതയും ഉറപ്പ്, യഥാർത്ഥ സമാധാനവും ഉറപ്പ് ●

# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

**ദേവസ്യാ മുല്ലക്കരസാർ**

(3-ാം പേജിൽ നിന്നും തുടർച്ച)

പക്ഷേ ഇക്കാര്യങ്ങൾക്കൊന്നിനും ക്രിസ്തുവിന്റെ ഉപദേശങ്ങളുമായൊ ജീവിതവുമായൊ അശ്ശേഷം ബന്ധമില്ല. ക്രിസ്തുമാത്രം തീർത്തുംപറയും നിക്കൊദേമോസിലൂടെ സകലരോടും, "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല" (യോഹ.3:5). "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെകൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങളറിയുന്നുവല്ലോ?" (1 പത്രൊ.1:18). "മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴിയുകയില്ല, ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയില്ല" (1 കൊരി.15:50).

ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ട് കഴുകപ്പെടുക എന്നതും, നശ്വരമായത് അനശ്വരമായതിനെ അവകാശപ്പെടുത്തുകയില്ല എന്നതും പാപത്തെ പരാജയപ്പെടുത്തിക്കൊണ്ടും മരണാനന്തരം ഉയിർത്തെഴുന്നേൽക്കണ്ടവരാണെന്ന ബോധ്യത്തോടെ സാത്താനെയും ദുർമ്മോഹങ്ങളെയും വലിച്ചെറിഞ്ഞുകൊണ്ടുമുള്ള ഒരു ജീവിതമാണ്, അതാണ് ക്രിസ്തുശിഷ്യത്വത്തിന്റെ പരിണിതഫലമായ ക്രിസ്തീയജീവിതം. മുടിയൻ പുത്രൻ തന്റെ സകല പാപങ്ങളും ഹൃദയാന്തർഭാഗത്തുനിന്ന് ഏറ്റുപറഞ്ഞതോർക്കുന്നുവോ? "അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകനെന്ന് വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു" (ലൂക്കോ.15:21). അവൻ അപ്പനോട് രമ്യതപ്പെട്ടപോലെ, നീ നിന്റെ പാപജീവിതത്തെക്കുറിച്ച് അനുതപിച്ച്, നല്ലവണ്ണം പൊട്ടിക്കരഞ്ഞ് സകല അപരാധങ്ങളും അവിടുത്തോട് ഇപ്പോൾ തന്നെ ഏറ്റുപറയുക.

പാപം ചെയ്യുമ്പോൾ നാം ദൈവേഷ്ടത്തിൽ നിന്നുമകലുകയാണ്. ഇനി, മടങ്ങിവരുവാൻ ഒരേയൊരു മാർഗ്ഗമേയുള്ളു. ദൈവേഷ്ടം പൂർണ്ണമായും അനുസരിക്കുവാൻ, വചനത്തെ വിശ്വസിക്കുവാൻ, വചനത്തെ അനുസരിക്കുവാൻ, വചനം മാംസം ധരിച്ച യേശുവിനെ രക്ഷിതാവായി സ്വീകരിക്കാൻ കഴിയുക എന്നതു മാത്രമാണ് ദൈവേഷ്ടം. "ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു" (സങ്കീ.40:8, എബ്രാ.10:7) എന്നും പറഞ്ഞ് മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായി ജീവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റ് ഇന്നുമെന്നും ജീവിക്കുന്ന ക്രിസ്തുവിനോട് നാം ചേരുക. അപ്പോൾ ശിക്ഷയെല്ലാം ഒഴിവാകും. ശിക്ഷ എല്ലാം ഒഴിവാകലാണ് രക്ഷിക്കപ്പെടുക എന്നത്.

നീ നിന്നെ മുഴുവനായി അവന്റെ ആത്മാവിനാൽ നടത്തപ്പെടുവാൻ വിട്ടുകൊടുക്കുക. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ക്രിസ്തുവിന്റെ ആത്മാവിനാൽ നയിക്കപ്പെടും. "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല; ക്രിസ്തു നിങ്ങളിലുണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമ.8:9-11).

ക്രിസ്തുശിഷ്യത്വത്തിലേക്ക് പ്രവേശിക്കുക. അത് ഏറ്റവുമൊടുവിൽ ഒരു ക്രൂശിക്കപ്പെടൽ വരെ ആകാം, അനുസരണത്തിന്റെ പ്രഥമപടി വിശ്വാസവും. "നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിലകപ്പെടും" (മർക്കോ.16:16) എന്ന വചനസന്ദർഭം, ക്രിസ്തുശിഷ്യത്വത്തിന്റെ ആദ്യപടിയിലേക്ക് നമ്മെ ക്ഷണിക്കുകയാണ്. സുവിശേഷം കേട്ട് വിശ്വസിച്ചവർ സ്നാനപ്പെടുക തന്നെ വേണമെന്ന് മർക്കോ.16:16-ൽ യേശു കല്പിച്ചിരിക്കുന്നു. "ഇപ്പോൾ സമ്മതിക്ക, ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം എന്ന് ഉത്തരം പറഞ്ഞു; എന്നാറെ അവൻ അവനെ സമ്മതിച്ചു. യേശു സ്നാനമേറ്റ ഉടനെ വെള്ളത്തിൽ നിന്നും കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവുമുണ്ടായി" എന്ന് മത്താ.3:15-17-ൽ കാണുക. യേശു ജോർദ്ദാനിൽ സ്നാപ

# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

## ദേവസ്യാ മുല്ലക്കരസാർ

കയോഹന്നാനാൽ സ്നാനമെടുത്തതും, തൊട്ടടുത്തുണ്ടായ അവർണ്ണനീയങ്ങളായ സംഭവങ്ങളും നാം വായിക്കുന്നു. അപ്പൊ.9:18-ൽ പൗലൊസപ്പൊസ്തലൻ മുഴുകൽ സ്നാനം സ്വീകരിച്ച രംഗങ്ങൾ നാമിങ്ങനെയും കാണുന്നു; "ഉടനെ അവന്റെ കണ്ണിൽ നിന്ന് ചെതുമ്പൽ പോലെ വീണു; കാഴ്ച ലഭിച്ചു; അവൻ എഴുന്നേറ്റ് സ്നാനമേൽക്കുകയും ആഹാരം കൈക്കൊണ്ട് ബലം പ്രാപിക്കുകയും ചെയ്തു."

അനുസരണത്തിന്റെ ദ്വിതീയപടി അപ്പംമുറിയ്ക്കൽ ശുശ്രൂഷയിൽ സംബന്ധിക്കലാണ്. അതൊരു മതാനുഷ്ഠാനമല്ല. ക്രിസ്തു തന്റെ വത്സലശിഷ്യന്മാർക്ക് പ്രതീകാത്മകമായി നൽകിയ ഒരു സന്ദേശമാണ്. അതായത് "അപ്പമെടുത്ത് വാഴ്ത്തി നുറുക്കി അവർക്ക് കൊടുത്തു: ഇത് നിങ്ങൾക്കു വേണ്ടി നൽകുന്ന എന്റെ ശരീരം. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവുമെടുത്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമമാകുന്നു" (ലൂക്കോ.22:19,20).

**കുരിശാകുന്ന യാഗപീഠത്തിൽ, മനുഷ്യവർഗ്ഗത്തിനായി, തന്റെ ശരീരം ഹോമിക്കപ്പെടുന്നു. മാനവസമുദായത്തിന്റെ വീണ്ടെടുപ്പിനായി കാൽവരിയിൽ തന്റെ രക്തം ചിന്തപ്പെടുന്നു. അതിന്റെ ഓർമ്മയ്ക്കായി, തന്റെ രണ്ടാം വരവുവരെയും അപ്പംമുറിയ്ക്കൽ ശുശ്രൂഷ ചെയ്യാൻ അവിടുന്ന് കല്പിച്ചു. നാം അനുസരിക്കുക.**

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നുതന്നെ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും" (യോഹ.13:34-35) എന്നതാണ് അവിടുന്ന് നമുക്ക് നൽകിയ ഏറ്റവും വലിയ കല്പന. ഇതാണ് അനുസരണത്തിന്റെ തൃതീയപടി. ഇതാണ് ഏറ്റവും വലിയത്. പുതിയനിയമം നമുക്ക് നൽകിയ സ്നേഹത്തിന്റെ കല്പനയുടെ വ്യാഖ്യാനമാണ് 1 കൊരി.13-ാം അദ്ധ്യായം. "ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്ക് പ്രവചനവരമുണ്ടായിരിക്കുകയും സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിക്കുകയും ചെയ്താലും, മലകൾ നീക്കുവാൻ തക്ക വിശ്വാസമുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാനേതുമില്ല. എനിക്കുള്ളതെല്ലാം ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കുവാൻ ഏല്പിച്ചാലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല. സ്നഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം അസൂയപ്പെടുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല. പരുഷമായി പെരുമാറുന്നില്ല; അയോഗ്യമായി നടക്കുന്നില്ല; സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം വിശ്വസിക്കുന്നു; എല്ലാം പ്രത്യാശിക്കുന്നു. എല്ലാം സഹിക്കുന്നു" (1 കൊരി. 13:1-7).

അനുസരണത്തിന്റെ നാലാമത്തെ പടി സഭയെ സ്നേഹിച്ചുകൊണ്ട് ബൈബിൾ വായിച്ചും ഗ്രഹിച്ചും ആരാധനയുടെയും പ്രാർത്ഥനയുടെയും ഒരു ജീവിതം നയിക്കുക എന്നതാണ്. ചർച്ച് എന്ന് അർത്ഥമുള്ള എക്ലീഷിയ എന്ന ഗ്രീക്കുപദത്തിന് വേർതിരിക്കപ്പെട്ടവരുടെ സമൂഹം എന്നാണർത്ഥം. രക്ഷിക്കപ്പെട്ട ക്രിസ്തുവിശ്വാസികളുടെ ഒരു സമൂഹമാണ് സഭ. ദൈവവചനം കേട്ട് മാനസാന്തരത്തിലേക്കെത്തിയവർ ദൈവസ്നേഹത്താൽ പ്രേരിതരായി കുടുംബാംഗങ്ങളുൾപ്പെടെ, അയൽവാസികളുൾപ്പെടെ സകലരെയും സ്നേഹിക്കുന്നവരായിരിക്കും. ഇവർ വിശ്വാസസ്നാനമെടുത്തവരും കർത്തൃമേശയിൽ സംബന്ധിക്കുന്നവരും സ്വരാജ്യസ്നേഹത്തിൽ ഏറെ താല്പര്യമുള്ളവരുമായിരിക്കും.

ഈ സഭയുടെ തലവൻ യേശുക്രിസ്തു ആയിരിക്കും. "സർവ്വവും അവന്റെ കാൽക്കീഴിൽ ആക്കിവെച്ച് അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു" (എഫേ.1:22-23) എന്ന വചനത്താൽ, യേശുക്രിസ്തു എന്ന സഭാതലവന്റെ നിറവിലാണ് നമ്മളോരോരുത്തരും എന്നഭിമാനിക്കാം. 1 പത്രൊ.2:9,10 വചനപ്രകാരം "തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും ദൈവത്തിന്റെ സ്വന്തജനവുമാകുന്നു ദൈവജനം. ക്രിസ്തുവിന്റെ സഭയെ പണിഞ്ഞി

# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

ദേവസ്യാ മുല്ലക്കരസാർ

രിക്കുന്നത് പരിശുദ്ധാത്മാവാണ് (അപ്പൊ.2:14, 36:41). "ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു" (എഫേ.2:20,21, മത്താ.16:18, 1 കൊരി.3:11, 1 പത്രൊ.2:48). "അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ (എഫേ.4:11) എന്നിങ്ങനെ വിവിധ ശുശ്രൂഷകന്മാരെ ദൈവം നിയമിക്കുകയും (1 കൊരി.12:28) സഭാപ്രവർത്തനങ്ങൾ ചെയ്യുവാനുള്ള പ്രത്യേക വരദാനങ്ങളും ശക്തിയും പരിശുദ്ധാത്മാവ് നൽകുകയും ചെയ്യുന്നു (1 കൊരി.12:7-11).

നമ്മൾ ദൈവത്തിന്റെ മക്കളാണ്. നമുക്കാകെ ദൈവം ഒരു മാതൃകയേ തന്നിട്ടുള്ളു, യേശുക്രിസ്തുവിനെ. ഒരു ഗുരുവിനെയേ തന്നിട്ടുള്ളു, യേശുക്രിസ്തുവിനെ. ജീവിക്കുവാനും പഠിക്കുവാനും ഒരു പുസ്തകമേ നൽകിയിട്ടുള്ളു, വേദപുസ്തകം. വഴിയും സത്യവും ജീവനും (യോഹ.14:6). എല്ലാം യേശുക്രിസ്തു തന്നെ. ഈ വഴി നിത്യജീവനിലേക്കുള്ള ശാശ്വതസമാധാനം നൽകുന്ന വഴിയാണ്.

ക്രിസ്തുവിന്റെ ശരീരത്തിൽ നാമെല്ലാവരും പരസ്പരപൂരകങ്ങളാണ്. ഒറ്റപ്പെട്ട ദ്വീപുകളല്ല. ക്രിസ്തുവിലേക്ക് വരുമ്പോൾ സാത്താന്യലോകത്തിൽ നിന്നും ആരുടെ നേർക്കും ആക്രമണം ഉണ്ടാകും. ചിലപ്പോൾ ജോലി പോയെന്നിരിക്കും, ട്രാൻസ്ഫർ ആയെന്നിരിക്കും. ഭീഷണിയും പരിഹാസവുമൊക്കെ കേൾക്കേണ്ടി വരും. എന്നാൽ എല്ലാം സഹിച്ച് ശുശ്രൂഷാജീവിതം നയിക്കുക തന്നെവേണം. മാത്രമല്ല എവിടെയും കള്ളയപ്പൊസ്തലന്മാരുണ്ടെന്നത് നാമോർക്കണം. "സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുയേശുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഒരുത്തൻ വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയൊ നിങ്ങൾക്ക് ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ സഹിക്കുന്നത് ആശ്ചര്യം"(2 കൊരി.11:3,4) എന്ന വചനപ്രകാരം നാം ഏറെ സഹിഷ്ണുത കാണിക്കണം. "ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരുമത്രേ; അത് ആശ്ചര്യമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമില്ല; അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കൊത്തതായിരിക്കും" (2 കൊരി.11:13-15) എന്ന വചനം ശ്രദ്ധിച്ചുവല്ലൊ. നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചുകൊണ്ട് 'ആടുമോഷണം' നടത്തുന്നവരെ നാം ശ്രദ്ധിച്ചേ പറ്റൂ. അവരുടെ ലക്ഷ്യം ദൈവരാജ്യം മഹത്വപ്പെടുക എന്നതല്ല; അവരുടെ സഭയിൽ ഇത്തരം സഭകളിൽ നിന്ന് ആളുകൾ വരണമെന്നതും സ്തോത്രക്കാഴ്ച അവർക്ക് ലഭിക്കണമെന്നതുമാണ്. വെളി.2:2-ൽ "അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ച് കള്ളന്മാർ എന്ന് കാണണം" എന്ന് കർത്താവ് പഠിപ്പിക്കുന്നുമുണ്ട്.

യഥാർത്ഥ അപ്പൊസ്തലനെയും കള്ളയപ്പൊസ്തലനെയും തിരിച്ചറിയാനുള്ള വിവേചനവരം നമുക്കുണ്ടായിരിക്കണം. കള്ളയപ്പൊസ്തലന്മാരുടെ ആചാരാനുഷ്ഠാനങ്ങളോടു കൂടിയ ആരാധനകളും ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ കേന്ദ്രീകരിക്കാത്ത സമാന്തര ആത്മീയതയും എവിടെയും കാണുവാൻ കഴിയും. 1 കൊരി.12:10-ൽ ആത്മാക്കളുടെ വിവേചനം എന്ന പ്രത്യേക കൃപ ഉണ്ടെന്ന് പഠിപ്പിച്ചിട്ടുണ്ടല്ലോ. 1 കൊരി.14:24,25-ൽ "എല്ലാവരും പ്രവചിക്കുന്നുവെങ്കിലൊ അവിശ്വാസിയൊ ആത്മവരം ഇല്ലാത്തവനൊ അകത്തു വന്നാൽ എല്ലാവരുടെ വാക്കിനാലും അവന് പാപബോധം വരും; അവൻ എല്ലാവരാലും വിവേചിക്കപ്പെടും. അവന്റെ ഹൃദയരഹസ്യ

"ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ അത്രേ. ( 1 കൊരി.13 : 1 )

# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

ദേവസ്യാ മുല്ലക്കരസാർ

ങ്ങളും വെളിപ്പെട്ട് വരും; അങ്ങനെ അവൻ കമിണ്ണ് വീണ്, ദൈവം വാസ്തവമായും നിങ്ങളുടെയിടയിലുണ്ട് എന്ന് ഏറ്റു പറഞ്ഞ് ദൈവത്തെ നമസ്ക്കരിക്കും" എന്ന് നാം വായിക്കുന്നു. 1 കൊരി.14:29–33 – ൽ "വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷക്കാരും സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ. പ്രവാചകന്മാർ രണ്ടുമൂന്ന്പേർ സംസാരിക്കുകയും മറ്റുള്ളവർ വിവേചിക്കുകയും ചെയ്യട്ടെ.............. പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല. സമാധാനത്തിന്റെ ദൈവമത്രേ" എന്ന് അപ്പൊസ്തലൻ പഠിപ്പിക്കുമ്പോൾ ഏതുതരം ആത്മാവാണ് തങ്ങളുടെ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നതെന്ന് വിവേചിക്കുവാൻ എല്ലാ ആത്മീയർക്കും അവകാശമുണ്ടെന്ന് നാം തിരിച്ചറിയണം. യഥാർത്ഥ ആത്മീയൻ മതങ്ങൾക്കും സഭാവിഭാഗങ്ങൾക്കും പാരമ്പര്യങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും അതീതമായി ക്രിസ്തുദർശനത്തിലേക്ക് മനുഷ്യരെ എത്തിക്കുവാൻ അശ്രാന്ത പരിശ്രമം ചെയ്തിരിക്കും. അത്തരം ആത്മീയരോട് ചേർന്നുള്ള പ്രാർത്ഥനാജീവിതവും സ്നേഹത്തിലധിഷ്ഠിതമായ വചനബദ്ധജീവിതവും ആണ് യഥാർത്ഥ ക്രൈസ്തവജീവിതം. അങ്ങനെ മാത്രമേ ആകാവൂ താനും. ക്രിസ്തുദർശനത്തിലേക്ക് ആത്മാക്കളെ എത്തിക്കാതെ ശുശ്രൂഷ ചെയ്യുന്നവരോട്, ചേർന്ന്, ആരാധനാജീവിതം നയിക്കുന്നവർക്ക് കാലം നഷ്ടപ്പെടുന്നുവോ എന്നത് പരിശോധിക്കേണ്ടതാണ്.

ക്രിസ്തീയജീവിതം വിശുദ്ധിയുടെ ജീവിതമാണ്. ക്രിസ്തുവിനേപ്പോലെ ആകുന്നതാണ് വിശുദ്ധി എന്നതിന്റെ മാനദണ്ഡം. ദൈവം വിശുദ്ധനായതുകൊണ്ട് അവിടുത്തോട് അടുക്കുന്നവർക്കെല്ലാവർക്കും ആ വിശുദ്ധി പകർന്നു കിട്ടുക തന്നെ ചെയ്യും. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (1 പത്രൊ.1:16, ലേവ്യ.11:45).

ഏതെങ്കിലും പുണ്യകർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന നടപടി ദൈവവചനത്തിനെതിരാണ്. യേശു തന്റെ രക്തത്താൽ കഴുകി നമ്മെ തന്റെ സ്വന്തം മക്കളാക്കുമ്പോഴാണ് നാം വിശുദ്ധരായിത്തീരുന്നത്. "ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (എബ്രാ.10:10). മാത്രമല്ല, വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സഭാത്മകജീവിതത്തിലുമെല്ലാം നാം ആ ജീവിത വിശുദ്ധിയെ തികയ്ക്കുകയും വേണം. "ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക" എന്ന് 2 കൊരി.7:1–ൽ നാം വായിക്കുന്നു. ഈ വിശുദ്ധിയെ തികയ്ക്കുമ്പോൾ പാപത്തിൽ നിന്നും ലോകത്തിൽനിന്നും വേർപെട്ട ഒരു ജീവിതമായിരിക്കും നാം നയിക്കുക. നാം ദൈവത്തിനായി വേർപെടണം. നമ്മുടെ സർവ്വ കഴിവുകളും യോഗ്യതകളും അവസരങ്ങളും ദൈവത്തിൽ നിന്ന് ലഭിക്കുന്നതിനാൽ, ഈ ലോകത്തിൽനിന്നും മതാചാരങ്ങളിൽ നിന്നും ജഡികമോഹങ്ങളിൽ നിന്നും അന്നന്നുവേണ്ട ആഹാരത്തിനപ്പുറമുള്ള സമ്പാദ്യലക്ഷ്യങ്ങളിൽ നിന്നും നാം വേർപെട്ടിരിക്കുക തന്നെ വേണം. "നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്ത് ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്ത് കൂട്ടായ്മ? ക്രിസ്തുവിനും ബലിയാലിനും തമ്മിൽ എന്തുപൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദേവാലയത്തിന് വിഗ്രഹങ്ങളുമായി എന്ത് യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. ഞാൻ അവനിൽ വസിക്കുകയും അവരുടെയിടയിൽ നടക്കുകയും ചെയ്യും. ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവുമാകും എന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലൊ."

"അതുകൊണ്ട് അവരുടെ നടുവിൽ നിന്ന് പുറപ്പെട്ട് വേർപെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു; അശുദ്ധമായതൊന്നും തൊടരുത്. എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരുമായിരിക്കുമെന്ന് സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു" (2 കൊരി.6:14–18) എന്ന വചനസന്ദർഭത്തിൽ വേർപാടിൽ എത്രമാത്രം ആഴപ്പെടേണ്ടതുണ്ടെന്ന് ലാഘവബുദ്ധിയോടുകൂടിയല്ലാതെ നാം ചിന്തിക്കണം. "നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്ക് ദൈവത്തിൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി തീർന്നു എന്നും (1 കൊരി.1:30) വായിക്കുമ്പോൾ ക്രിസ്തു ആണ് നമ്മുടെ വിശുദ്ധി എന്നതിന് സംശയലേശമേ

# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

ദേവസ്യാ മുല്ലക്കരസാർ

വേണ്ട.

നമ്മുടെ അനുഭവത്തിലും ജീവിതത്തിലും വിശുദ്ധിയെ തികയ്ക്കുവാൻ വേണ്ടി വിശ്വാസത്തെയും വിവേകത്തെയും ജ്ഞാനവിജ്ഞാനങ്ങളെയും സ്നേഹത്തെയും നാം വളർത്തിയെടുക്കേണ്ടതുണ്ട്. മാത്രമല്ല, സാത്താന്റെ എല്ലാ കുടിലതന്ത്രങ്ങളിൽ നിന്നും നാം അകന്നു നിൽക്കയും വേണം. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയിൽ നിന്നും നാം അകലണം. പഴയനിയമത്തിലെ പത്ത് പ്രമാണങ്ങൾക്ക് ക്രിസ്തുയേശു നൽകുന്ന വ്യാഖ്യാനങ്ങളിൽ ചിലത് എഴുതാം.

1. കൊല ചെയ്യരുത് = കോപിക്കരുത് (മത്താ.5:21,22)
2. വ്യഭിചാരം ചെയ്യരുത് = എതിർലിംഗത്തെ മോഹിക്കരു-ത് (മത്താ.5:27,28)
3. കള്ളസത്യം ചെയ്യരുത് = അശ്ലേഷം സത്യം ചെയ്യരുത് (മത്താ.5:33,34)
4. കൂട്ടുകാരനെ സ്നേഹിക്ക= ശത്രുക്കളെ സ്നേഹിക്കുകയും ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക (മത്താ.5:43,44)
5. നിന്റെ വലത്തേ ചെകിട്ടത്തടിക്കന്നവന് മറ്റേതും തിരിച്ചു കാണിക്ക (മത്താ.5:39)
6. നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്കുക (മത്താ.5:40)
7. ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് നാഴിക അവനോട്കൂടെ പോവുക (മത്താ.5:41)
8. വായ്പ വാങ്ങാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത് (മത്താ.5:42).
9. രഹസ്യമായി ഭിക്ഷ കൊടുക്കുക (മത്താ.6:3)
10. രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക (മത്താ.6:6)
11. രഹസ്യമായി ഉപവസിക്കുക (മത്താ.6:17).
12. ജാതികൾ അന്വേഷിക്കുന്നതുപോലെ എന്തു തിന്നും, എന്തു കുടിക്കും, എന്ത് ഉടുക്കും എന്നിങ്ങനെ വിചാരപ്പെടാതെ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് ഈ ആവശ്യങ്ങളെല്ലാം അറിയുന്നുവെന്ന് വിശ്വസിച്ച് കാത്തിരിക്കുക (മത്താ.6:31,32).

പുതിയനിയമം എത്ര ശ്രദ്ധയോടെയാണ് നമ്മുടെ ജീവിതവിശുദ്ധിയെ ലക്ഷ്യം വെയ്ക്കുന്നതെന്ന് മത്താ.5,6,7 അദ്ധ്യായങ്ങളിലൂടെ നാം മനസ്സിലാക്കുന്നു. കർത്താവിന്റെ ഗിരിപ്രഭാഷണത്തിലെ സുവർണ്ണനിയമം എന്നറിയപ്പെടുന്നതാണ് മത്താ.7:12–ലെ തിരുവചനം. "മനുഷ്യർ നിങ്ങൾക്ക് ചെയ്യണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും അവർക്കും ചെയ്യുവിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെ." ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടും നമ്മുടെ വിശുദ്ധമായ പ്രവർത്തനങ്ങളാൽ നിറച്ചും – ഈ രണ്ട് വിധത്തിലാണ് വിശുദ്ധിയെ നാം തികയ്ക്കുന്നത്. നാം രക്ഷിക്കപ്പെടുമ്പോൾ നീതിയുള്ളവരായി പിതാവ് നമ്മെ പ്രഖ്യാപിക്കുമെങ്കിലും നാം പിന്നെയും ജീവിക്കുന്നത് ഈ ജഡമനുഷ്യനിലാണ് എന്ന് മറക്കണ്ട. അതുകൊണ്ട് വിശുദ്ധീകരണപ്രക്രിയ തുടരുക തന്നെ വേണം. "ദൈവം അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രേ വിളിച്ചത്" (1 തെസ്സ. 4:7) എന്ന് പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നുവല്ലൊ. ഇവിടെ വിവാഹജീവിതത്തിന് വെളിയിലുള്ള ലൈംഗീകബന്ധവും, പണ്ട് ക്ഷേത്രങ്ങളിലുണ്ടായിരുന്നുവെന്ന് പറയപ്പെടുന്ന ദേവദാസി സമ്പ്രദായവും, അവിവാഹിതരായി ജീവിക്കുന്ന കന്യാസ്ത്രീ – പുരോഹിതർ തമ്മിലുണ്ടാകുന്ന രതിവൈകൃതങ്ങളുമെല്ലാം ഈ വിശുദ്ധിക്ക് എതിരാണ്. വിവാഹജീവിതത്തിന് വെളിയിലുള്ള പ്രേമചാപല്യങ്ങളും വിവാഹിതർ തന്നെ ഇണയോടല്ലാതെ കാണിക്കുന്ന പ്രേമചാപല്യങ്ങളും എല്ലാം നമ്മുടെ കർത്താവിന്റെ ജീവിതവിശുദ്ധിക്ക് യോജിക്കാത്തതാണ്. ഇത്രമാത്രം നാം പെർഫക്ട് ആകേണ്ടതിന്റെ കാരണം എബ്രാ.12:14 ആണ്. "ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല." (വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല – പി.ഒ.സി ബൈബിൾ")

വിശുദ്ധികൂടാതെയും വിശ്വാസം കൂടാതെയും ഒരാൾക്കും കർത്താവിനെ കാണുവാൻ കഴിയുകയില്ല. കർത്താവിനെ പ്രസാദിപ്പിക്കുവാനും കഴിയുകയില്ല. "വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ദൈവസന്നിധിയിൽ ശരണം പ്രാപിക്കന്നവൻ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം"(എബ്രാ.11:6). ഈ തിരുവചനങ്ങൾ നാം ആവർത്തിച്ചു വായിച്ച് ഹൃദയത്തിൽ എപ്പോഴും താലോലിച്ച് സൂക്ഷിക്കണം.

# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

ദേവസ്യാ മുല്ലക്കരസാർ

വിശുദ്ധിയും വിശ്വാസവും കൂടാതെ ആർക്കും ദൈവാനുഭവം ഇല്ല. ഉണ്ടാവുകയുമില്ല. ഉണ്ടാകുന്നുവെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അത് പൈശാചികാനുഭവമാണ്. വിശുദ്ധിയും വിശ്വാസവും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാത്ത ശുശ്രൂഷകർ, അവർ പുരോഹിതരാകട്ടെ, പാസ്റ്റർമാരാകട്ടെ, അവരുടെ ശുശ്രൂഷാജീവിതം തുടരുന്നത് സ്വർഗ്ഗത്തിൽ നേട്ടങ്ങളുണ്ടാകാതെയിരിക്കാനേ സഹായിക്കൂ. അത്തരക്കാർ കള്ളപുരോഹിതരും കള്ളപാസ്റ്റർമാരുമാണ്. അവരിലൂടെ നമ്മുടെ ദൈവം പ്രവർത്തിക്കുകയില്ല. ഇടവകയിലും സഭയിലും അവർ ദൈവജനത്തിന് എന്നും ശാപമായിരിക്കും. അവർ അനഭിഷിക്തരാണ്. അവരോട് ചേരുന്ന ജനവും പിശാചിന്റെ കയ്യിലെ ഉപകരണങ്ങളായിക്കൊണ്ടേയിരിക്കും.

"ജഡികപ്രവണതകൾക്കനുസരിച്ച് ജീവിക്കുവാൻ നാം ജഡത്തിന് കടപ്പെട്ടവരല്ല. ജഡികരായി ജീവിക്കുന്നുവെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നുവെങ്കിൽ നിങ്ങൾ ജീവിക്കും" (റോമ.8:12,13). അതായത് നമ്മുടെ പാപസ്വഭാവത്തിന്റെ ബന്ധനങ്ങളെ അഴിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. സ്വപ്രയത്നത്താൽ ആർക്കും വിശുദ്ധരായിത്തീരുവാൻ കഴിയുകയില്ല. പരിശുദ്ധാത്മാവ് സഹായിക്കണം. നല്ലവണ്ണം വചനം വായിച്ച് (2 തിമൊ.3:16) വാക്യങ്ങൾ മന:പാഠമാക്കി (2 പത്രൊ.1:4, സങ്കീ.119:11) ക്കൊണ്ട് ജഡത്തിന്റെ മോഹങ്ങളെ രൂപാന്തരപ്പെടുത്തുവാൻ തിരുവെഴുത്തുകളെ അനുവദിക്കണം. വലിയ ദൈവകൃപയുണ്ടെങ്കിൽമാത്രമേ ഇത് കഴിയുകയുള്ളു. നിരന്തരമുള്ള പ്രാർത്ഥനാജീവിതമാണ് ഈ തിരുവചനസദ്യയുണ്ണുവാനും ജഡമോഹങ്ങളെ പരാജയപ്പെടുത്തുവാനും നമ്മെ സഹായിക്കുന്നത്.

ഒരാൾ മാനസാന്തരപ്പെട്ട്, അതിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് കഴിഞ്ഞ്, തൊട്ടടുത്ത്, വീണ്ടുംജനനവും പ്രാപിച്ച് ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയർന്ന്, വിശ്വാസസ്നാനവും സ്വീകരിച്ച്, ക്രിസ്തു നൽകുന്ന രക്ഷ ആസ്വദിക്കുമ്പോൾ, യഥാർത്ഥത്തിൽ അയാൾ വിശുദ്ധിയിലാണ്. എങ്കിലും നാം പക്വമതികളാകുവാനും സാത്താന്റെ ശല്യങ്ങളിൽ നിന്നും വേർപെടുവാനും കഴിയണമെങ്കിൽ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ അലങ്കരിക്കപ്പെടണം. എങ്കിൽ മാത്രമേ പാപത്തിനെതിരേ സന്ധിയില്ലാത്ത സമരം നടത്തുവാൻ കഴിയൂ.

വിശുദ്ധിയെ തികയ്ക്കുവാൻ ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയാണ് ഇനി ആവശ്യമായിരിക്കുന്നത്. യോഹ.4-ാം അദ്ധ്യായത്തിൽ 21 മുതലുള്ള വാക്യങ്ങളിൽ ശമര്യാ സ്ത്രീയോട് "എന്റെ വാക്ക് വിശ്വസിക്കുക: നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും അല്ല യെരൂശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു. ഞങ്ങളോ അറിയുന്നതിനെ നമസ്ക്കരിക്കുന്നു; രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവരായിരിക്കണമെന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം" എന്നു നാം വായിക്കുന്നു. അസത്യമായി ആരാധനയുള്ളതുകൊണ്ടാണ് സത്യത്തിൽ ആരാധിക്കണമെന്ന് കർത്താവ് പഠിപ്പിക്കുന്നത്. അശുദ്ധമായ ആത്മാവുള്ളതുകൊണ്ടുമാണ് (പിശാചുള്ളതുകൊണ്ടാണ്) ആത്മാവിൽ ആരാധിക്കണമെന്ന് യേശു ഊന്നിപ്പറഞ്ഞത്.

സ്രഷ്ടാവായ ദൈവത്തെയല്ലാതെ മറ്റെന്തിനെയെങ്കിലും ആരാധിക്കുന്നത് അസത്യമായ ആരാധനയാണ്. എല്ലാ മഹത്വത്തിനും ആരാധനയ്ക്കും അർഹത പിതാവിന് മാത്രമാണ്. **പിതാവിനെ ആരാധിക്കേണ്ടത് ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഏകമദ്ധ്യസ്ഥനായ (1 തിമൊ.2:5) യേശുക്രിസ്തുവിലൂടെയാണ്.** മറിയത്തിലൂടെയൊ വേറെ വിശുദ്ധന്മാരിലൂടെയൊ ഒരു കുഞ്ഞുചിന്ത പോലും ഉയർത്തുന്നത് സ്വർഗ്ഗത്തിന് സ്വീകാര്യമല്ല. ക്രിസ്തുവിലൂടെ ആത്മീയജീവൻ പ്രാപിക്കാത്ത ആർക്കും ദൈവത്തിന് സ്വീകാര്യമായ വിധത്തിൽ ആരാധിക്കുവാൻ കഴിയുകയില്ല. അനേകം ക്രൈസ്തവർ തപ്പുകൊട്ടി താളംകൊട്ടി ദർശനപ്രവചന അന്യഭാഷാവരങ്ങളുപയോഗിച്ചുകൊണ്ട് രണ്ട് മണിക്കൂറൊ മൂന്ന് മണിക്കൂറൊ ക്രിസ്തുവിനെക്കൂടാതെ ആരാധിച്ചേക്കാം. ഇത് സ്വർഗ്ഗത്തിൽ സ്വീകരിക്കുകയില്ല. വേറെ അനേകം ക്രൈസ്തവർ ക്രിസ്തുവിന്റെ പ്രതിമകളെയും പ്രതീകങ്ങളെയും ഉപയോഗിച്ചുകൊണ്ട് ദൈവത്തെ ആരാധിച്ചേക്കാം. അതും സ്വർഗ്ഗ

# ക്രൈസ്തവജീവിതത്തിൽ വിശുദ്ധിയും വേർപാടും

ദേവസ്യാ മുല്ലക്കരസാർ

ത്തിൽ സ്വീകരിക്കുകയില്ല.

1 കൊരി.14:15-ൽ "ഞാൻ ആത്മാവുകൊണ്ടും പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവു കൊണ്ടും പാടും; ബുദ്ധികൊണ്ടും പാടും" എന്നു നാം വായിക്കുന്നു. ദൈവാത്മാവിലുള്ള ആരാധനയാണ് ആത്മാവിലുള്ള ആരാധന. ഇവിടെ മനസ്സിനും ബുദ്ധിക്കും ശാരീരിക അവയവങ്ങൾക്കും വലിയ ഉപയോഗങ്ങളില്ല. ആത്മാവിന്റെ വിഷയം ആത്മാവു മാത്രമാണ്. ഇന്ദ്രിയങ്ങളല്ല.

ആത്മാവിൽ ആരാധിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം കൂടിയേ കഴിയൂ. പരിശുദ്ധാത്മാവിനു മാത്രമേ ദൈവഹിതം അറിയാവൂ. റോമാ.8:26,27 വചനങ്ങളിൽ "അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതക്ക് തുണ നിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാമറിയുന്നില്ലല്ലോ. ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞെരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു."

ഞാനൊക്കെ ആത്മാവിലും സത്യത്തിലും ആരാധിച്ചുകൊണ്ട് യാചിക്കുമ്പോഴാണ് അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നത്; സഭയിലും കുടുംബത്തിലും സമൂഹത്തിലും സമാധാനമുണ്ടാകുന്നത്. വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു വാക്യമാണ് ആത്മാവിലും സത്യത്തിലുമുള്ള ആരാധനയെന്നത്. കാറിയും കൂവിയും തൊണ്ട പൊട്ടിച്ച് ഒച്ചയെടുത്തും കയ്യിലുള്ള താളോപകരണങ്ങൾ ദ്രുതകാലത്തിൽ വായിച്ചും സ്ത്രീപുരുഷന്മാർ ഒന്നിച്ച് പാടിയാരാധിക്കുന്നതാണ് ആത്മാവിലും സത്യത്തിലുമുള്ള ആരാധനയെന്ന് ജനലക്ഷങ്ങൾ ഇന്ന് കരുതി വരുന്നുണ്ട്. അനേകർ ചേർന്ന് സ്തോത്രത്തിന്റെ അന്യഭാഷാപദങ്ങൾ താളമേളക്കൊഴുപ്പുകളോടെ, ആരോഹണ അവരോഹണ ക്രമത്തിൽ പാടിപ്പാടി പ്രാർത്ഥിക്കുന്നതാണ് ആത്മാവിലും സത്യത്തിലുമുള്ള ആരാധനയെന്ന് വിചാരിക്കുന്നവർ ഏറെയാണ്. അവരവർക്ക് അവരവരുടേത് ശരിയുമാണ്. എന്നാൽ ഏറ്റവും വലിയ ശരി, ക്രിസ്തുവിന്റെ ഉപദേശങ്ങളെ വായിച്ചും പ്രസംഗിച്ചും കേട്ടും, വിശ്വാസത്തോടും വിശുദ്ധിയോടുംകൂടി പ്രാർത്ഥിക്കുമ്പോൾ വിരിയുന്ന അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും അകമ്പടിയോടുകൂടി, പരിശുദ്ധാത്മാവിൽ സന്തോഷിച്ച് ദൈവജനം സമാധാനമനുഭവിക്കുന്ന അവസ്ഥയാണ്. ഇവിടെ അന്യഭാഷ ഒരിക്കലും അന്യമല്ല. സാക്ഷ്യമുണ്ടാവുക തന്നെ ചെയ്യും. വെറും ജഡത്തിന്റെയും ബുദ്ധിയുടെയും മനുഷ്യൻ ആത്മീയ അനുഗ്രഹങ്ങൾ അനുഭവിക്കുന്ന മാലാഖമാർക്ക് തുല്യരാകുന്നു.

ആത്മാവിൽ ആരാധിക്കാൻ കഴിയണമെങ്കിൽ ആരാധകൻ ആത്മാവിൽ ജനിച്ചവനും ആത്മാവ് നിറഞ്ഞവനുമായിരിക്കണം. കുടുംബാംഗങ്ങളോടും, ഇതരസഭാംഗങ്ങളോടും, ജാതികളോടും, അസൂയയും വെറുപ്പും ഹൃദയത്തിൽ സൂക്ഷിക്കുന്നവർ ഏതെല്ലാം വരദാനങ്ങളുപയോഗിച്ചും, എത്ര നീളത്തിലുള്ള റാസ ചൊല്ലിയും, എത്ര സംഗീതോപകരണങ്ങൾ വിവിധ ഗായക സാമ്രാട്ടുകളെ ഉപയോഗിപ്പിച്ചും സഭാഹോളും അരങ്ങും തകർത്താലും ജീവിതവിശുദ്ധിയില്ലാത്തവരുടെ ആരാധന സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടുന്നേയില്ല. എന്തുകൊണ്ടാണ് അനകം ആത്മീയസഭകളിൽ അത്ഭുതങ്ങളും അടയാളങ്ങളും നടക്കാത്തതും, പുതിയ പുതിയ മാനസാന്തരികൾ വന്ന് വിശ്വാസസ്നാനം സ്വീകരിച്ച് സഭ വളരുകയും ചെയ്യാത്തത് എന്ന് ഇപ്പോൾ മനസ്സിലായല്ലേ? സത്യം ക്രിസ്തുവാണ്, ക്രിസ്തുവിന്റെ പ്രബോധനങ്ങളാണ് (ഉപദേശങ്ങളാണ്). ക്രിസ്തുവാകുന്ന സത്യവും ദൈവത്തിന്റെ ആത്മാവാകുന്ന വിശ്വാസവിശുദ്ധികളും ഒന്നിച്ചുപയോഗിച്ചുകൊണ്ടുള്ള ആരാധന - അത് ഇന്നെവിടെ കിട്ടും?

ആത്മാവിലും സത്യത്തിലുമുള്ള ആരാധനയിൽ ഓരോ ക്രിസ്ത്യാനിയുടെയും ഉള്ളത്തിൽ പരിശുദ്ധാത്മാവ് വസിക്കുന്നു (റോമ.5:5; 8:9) ആത്മാവിന്റെ അഗ്നി നമ്മിൽ ആളിക്കത്തും (2 തിമൊ.1:6). ക്രിസ്തു മാത്രമായിരിക്കും നമ്മുടെ രക്ഷകനും പുരോഹിതനും മദ്ധ്യസ്ഥനും. അകം ക്രിസ്തുവിന്റെ ആത്മാവാൽ നിറയുന്നതുപോലെ പുറവും ക്രിസ്തുവിന് യോജിച്ചതാകണം. ഈ ചിന്തയിലാണ് വില കൂടിയ വസ്ത്രങ്ങളും സ്വർണ്ണാഭരണങ്ങളും നാം വർജ്ജിക്കുന്നത്. അവയെല്ലാം പാവങ്ങൾക്കായി ഉപയോഗിക്കുമ്പോൾ അവരും നമ്മളും ഒരുപോലെയാകും. ഒരുപോലെയായ ഒരു സമൂഹം ഒരുമിച്ചാകുന്നതാണ് കർത്താവിനേറ്റവും ഇഷ്ടം. വിശുദ്ധിയും വേർപാടും ഇവിടെ പൂർണ്ണമാകും ●



# അതിശയവാനായ ക്രിസ്തു

പാ.ടോമിച്ചൻ വട്ടപ്പാറ
ചർച്ച് ഓഫ് ഇറ്റേണിറ്റി, കോട്ടയം 9744655214

**കു**സൃതിക്കാരനായ ഒരു ബാലൻ റോഡിൽകൂടി അശ്രദ്ധയോടെ തെന്നിയും തെറിച്ചും നടക്കുന്നതിനിടയിൽ ആഴമുള്ള ഒരു കുളത്തിലേക്ക് വീഴുവാനിടവന്നു എന്നിരിക്കട്ടെ. നീന്തൽ വശമില്ലാത്തതിനാൽ അവൻ വെള്ളത്തിൽ മരണവെപ്രാളത്തോടെ മുങ്ങുവാനും പൊങ്ങുവാനും തുടങ്ങി. അപ്പോൾ ആ വഴി വരികയായിരുന്ന മാന്യനായ ഒരു മനുഷ്യൻ ഓടിവന്ന് ആ കുട്ടിയോട് ഇപ്രകാരം പറഞ്ഞു: 'നിന്റെ ഈ പ്രായത്തിലെ കുസൃത്തിത്തരങ്ങളൊക്കെ എനിക്ക് നന്നായി മനസ്സിലാകും. ഇനിയെങ്കിലും സൂക്ഷിച്ച് നടന്നാൽ ഇതുപോലത്തെ അബദ്ധങ്ങളുണ്ടാകില്ല.' ഇതും പറഞ്ഞുകൊണ്ട് ആ കുട്ടിയെ രക്ഷിക്കുവാൻ ഒന്നും ചെയ്യാതെ അയാൾ മുന്നോട്ട് പോയി എന്ന് വിചാരിക്കുക. തൊട്ടു പിറകെ മറ്റൊരു മാന്യദ്ദേഹവും പെട്ടെന്നുതന്നെ കടന്നുവന്നു. കുട്ടി മരണവെപ്രാളമെടുക്കുന്നത് കണ്ടിട്ടും അദ്ദേഹം കുട്ടിയോട് പറഞ്ഞതിങ്ങനെയായിരുന്നു: 'മോനെ, ഇനിയെങ്കിലും വെള്ളത്തിൽ വീണാൽ രക്ഷപെടണമെങ്കിൽ ഉടൻ തന്നെ നീന്തൽ പഠിക്കണം. അതിന്റെ വില ഇങ്ങനെയുള്ള അവസരത്തിലാണ് മനസ്സിലാവുക.' ഉപദേശിച്ച അദ്ദേഹവും അദ്ദേഹത്തിന്റെ വഴിക്ക് പോയി എന്നരിക്കട്ടെ. കുട്ടിയാകട്ടെ മരണത്തെ മുഖാമുഖം കാണുവാൻ തുടങ്ങി. ഭാഗ്യവശാൽ അവിടേക്ക് മറ്റൊരു മനുഷ്യൻ ഈ ശബ്ദമൊക്കെ കേട്ട് ഓടി വന്നു. അദ്ദേഹം കുട്ടിയുടെ ദൈന്യതയോടുള്ള കരച്ചിൽ കേട്ടുകൊണ്ട് അല്പം പോലും സമയം പാഴാക്കാതെ താനുടുത്തിരുന്ന വസ്ത്രത്തോടെ വെള്ളത്തിലേക്ക് എടുത്തുചാടി, കുട്ടിയെ രക്ഷിച്ച് കരയ്ക്കു കയറ്റി. ആവശ്യമായ പരിചരണം കുട്ടിക്ക് ലഭിച്ചപ്പോൾ അവന്റെ പ്രാണൻ സുരക്ഷിതമാക്കപ്പെട്ടു.

ഇത് കേവലമൊരു കഥ മാത്രമാണെങ്കിലും ഇന്ന് ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു വസ്തുത ഇതിലൂടെ നമുക്ക് വെളിവാകുന്നു. ലോകത്തിലുള്ള സകല മതങ്ങളും ആദ്യം പറഞ്ഞ രണ്ട് വ്യക്തികളോട് സമമാണ്. ഇതിൽ ക്രിസ്തുമതവും (യേശുക്രിസ്തുവിന് മതമില്ല – സഭയേ ഉള്ളു) ഉൾപ്പെടും. ധാരാളം ഉപദേശങ്ങളും തത്വശാസ്ത്രങ്ങളും നിറഞ്ഞവയാണ് ഇവയെങ്കിലും മനുഷ്യന്റെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം നൽകുവാൻ ഇവയ്ക്ക് കഴിയുകയില്ല. നമുക്കുവേണ്ടത് കുറെ ഉപദേശസംഹിതകളല്ല. ഒരു രക്ഷകനേതന്നെയാണ്. അങ്ങനെയൊരു രക്ഷകനുണ്ടോ? ഉണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു.

യേശുക്രിസ്തു കടന്നുവന്നത് കേവലം പുതിയ കുറെ തത്വശാസ്ത്രങ്ങളും ഉപദേശങ്ങളും നൽകുവാനല്ല. ശരീര – ദേഹി – ആത്മരക്ഷ നൽകുവാനായിട്ടാണ് ഈ ഭൂതലത്തിൽ കടന്നുവന്നത്. ഇന്നും ഈ ത്രിതല രക്ഷണ്യ പ്രവൃത്തികൾ അവിടുന്ന് തുടരുകയാണ് (എബ്രാ.13:8). തന്റെ ശിഷ്യന്മാരെയും അവിടുന്ന് പ്രാപ്തരാക്കിയതും ലോകത്തിന്റെ അതിർത്തികൾ വരെ അയച്ചതും അയച്ചുകൊണ്ടിരിക്കുന്നതും ഈ പ്രവൃത്തികളുടെ തുടർച്ചയായിട്ടാണ് (മർക്കോ.16:15–18). പാപ–രോഗ–ശാപബന്ധനങ്ങളിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്ന ലോകമനുഷ്യന്, രക്ഷിക്കുന്ന രക്ഷകനെതന്നെയാണ് യഥാർത്ഥത്തിൽ നാം കൊടുക്കേണ്ടത്. അതുകൊണ്ടാണ് തന്റെ ശിഷ്യന്മാരെ ഏതെങ്കിലും പാഠശാലകളിലേക്ക് പറഞ്ഞയയ്ക്കാതെ മാളികമുറിയിൽവെച്ച് പരിശുദ്ധാത്മസ്നാനം പ്രാപിക്കുവാൻ, അവരെ നിർബന്ധിച്ച്, പ്രേരിപ്പിച്ചയച്ചത്. അവിടുന്ന് സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുമ്പ് ഇപ്രകാരം അവരോട് പറഞ്ഞു: "നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം, യോഹന്നാൻ വെള്ളംകൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ലഭിക്കും എന്ന് കല്പിച്ചു (അപ്പൊ.1:4–5).

ക്രിസ്തീയ ഗോളത്തിലെ പ്രധാന പ്രശ്നം ക്രിസ്തുവുമായി യാതൊരു ബന്ധവുമില്ലാത്ത ക്രിസ്തുനാമ ധാരികളാണ്. ക്രിസ്തുവുമായി ഒരു കൂട്ടിമുട്ടൽ ഉണ്ടാകുമ്പോൾ മാത്രമേ യഥാർത്ഥത്തിൽ ഒരാൾ ക്രിസ്ത്യാനിയായി മാറുകയുള്ളു. വാസ്തവത്തിൽ ഇങ്ങനെയുള്ള ഒരു അനുഭവത്തിലേക്കാണ് എല്ലാ മനുഷ്യരെയും ദൈവം ക്ഷണിക്കുന്നത് (യോഹ.7:3, അപ്പൊ.17:24–31). ആത്മസ്നാനത്തിന് തന്റെ ശിഷ്യന്മാരെ നിർബന്ധിക്കുന്നതിന്റെ കാരണം ലോക മനുഷ്യരുടെ "ആവശ്യങ്ങൾ" തന്നെയാണ്. അവർ പാപത്തിൽ, രോഗത്തിൽ, പൈശാചികബന്ധനങ്ങളിൽ തകർന്നടിഞ്ഞുകാണ്ടിരിക്കുകയാണ്. കേവലം ദിവ്യസ്വഭാവങ്ങളുടെ മഹിമകൊണ്ടു മാത്രം

# അതിശയവാനായ ക്രിസ്തു

## പാ.ടോമിച്ചൻ വട്ടപ്പാറ

സുവിശേഷം ലോകത്തിൽ എത്തിക്കുകയെന്നതല്ല ദൈവീക പദ്ധതി. പിന്നെയോ ആത്മാവിന്റെയും ശക്തിയുടെയും (2 കൊറി.1:6) പ്രദർശനത്താൽകൂടെ ആയിരിക്കണമെന്നതാണ് ദൈവഹിതം (1 കൊരി.2). അക്ഷരത്തിന്റെ ശുശ്രൂഷകരെയല്ല ആത്മാവിന്റെ ശുശ്രൂഷകരെയാണ് സ്വർഗ്ഗരാജ്യത്തിനാവശ്യം. ഭൂലോകമനുഷ്യസംസ്ക്കാരത്തിന് ചേരുന്ന ഒരു ക്രിസ്തീയതയല്ല ദൈവം വിവക്ഷിക്കുന്നത്. സ്വർഗ്ഗത്തിന്റെ സംസ്ക്കാരം വളർത്തിയെടുക്കുന്ന ക്രിസ്തീയതയാണ് ദൈവം നടപ്പിലാക്കാനാഗ്രഹിക്കുന്നത്.

തത്വജ്ഞാനംകൊണ്ട് ലോകത്തെ വളരെയധികം സ്വാധീനിച്ച ഒരു വ്യക്തിയായിരുന്നു സോക്രട്ടീസ്. എന്നാൽ താരതമ്യപഠനത്തിന് വിധേയമാക്കിയാൽ സോക്രട്ടീസും യേശുക്രിസ്തുവും എത്രയധികം വൈജാത്യമാണുള്ളതെന്നറിയുവാൻ സോക്രട്ടീസിന്റെ ജീവിതത്തിലെ ഒരു സംഭവം കുറിക്കട്ടെ. മഹാജ്ഞാനിയെന്നറിയപ്പെട്ടിരുന്ന സോക്രട്ടീസ് തന്റെ രാജ്യത്തുള്ള ഒരു ജഡികസ്ത്രീയുടെ ഭവനത്തിൽ അവളെ ഉപദേശിച്ച് നന്നാക്കുവാൻ കടന്നുപോയി. വാചാലമായി സംസാരിക്കുവാൻ കഴിയുന്ന ആ സ്ത്രീയെ തന്റെ ഉപദേശത്തിലൂടെ നന്നാക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ആ സ്ത്രീ തന്റെ പാപപ്രവൃത്തികളിൽ തന്നെ തുടരുകയും ചെയ്തു.

കർത്താവായ യേശുക്രിസ്തുവാകട്ടെ എത്രയോ പാപജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നു. ഒരിക്കൽ അവിടുന്ന് സമരിയാ ദേശത്തുവെച്ച് പാപിനിയായ ഒരു സ്ത്രീയെ കണ്ടുമുട്ടി (യോഹ.4:1-42). നട്ടുച്ചനേരത്ത് ഒരു കിണറിന്റെ കരയിൽനിന്ന് അല്പനിമിഷങ്ങൾ സംസാരിച്ചപ്പോഴേക്കും ആ സ്ത്രീയിലെ പാപബന്ധനങ്ങളഴിയുകയും സുവിശേഷത്തിന്റെ ശക്തയായ ഒരു പ്രചാരകയായിത്തീരുകയും ചെയ്തു അവൾ; ഇതാണ് സുവിശേഷത്തിന്റെ ശക്തിയും പ്രസക്തിയും. "നീ അധമമായത് ഒഴിച്ച് ഉത്തമമായത് പ്രസ്താവിച്ചാൽ നീ എന്റെ നാവു പോലെയാകും; അവർ നിന്റെ പക്ഷം തിരിയും. നീ അവരുടെ പക്ഷം തിരിയുകയില്ല" (യിര.15:19). അവൾക്ക് അഞ്ച് ഭർത്താക്കന്മാരുണ്ടായിരുന്നു; എന്നാൽ ആറാമതൊരുവനെ ഭർത്താവിനേപ്പോലെ വെച്ചുകൊണ്ടിരുന്ന അവളുടെ പാപബന്ധനങ്ങളുടെ പാശങ്ങളെ തന്റെ അത്ഭുതവചസ്സുകളുടെ ശക്തിയാൽ മുറിച്ച് നല്ല ഒരു സ്ത്രീയാക്കി മാറ്റി, ക്രിസ്തുയേശു. വെള്ളം കോരുവാൻ കൊണ്ടുവന്ന കുടം കിണറ്റിൻകരയിൽ വെച്ചിട്ട് അവൾ ക്രിസ്തുയേശുവിന്റെ ശക്തയായ വക്താവായി മാറുവാൻ യേശുവുമായുള്ള കണ്ടുമുട്ടൽ ഇടവരുത്തി. ഒരു നാടിനുതന്നെ അപമാനഭാരമായിരുന്ന അവൾ ഒരു പട്ടണത്തിന് അനുഗ്രഹമായി മാറി. യേശുക്രിസ്തുവിനേപ്പോലെ ഉന്നതനാരുള്ളൂ? സമര്യാക്കാരോട് യഹൂദന്മാർ വച്ചു പുലർത്തിയിരുന്ന ശത്രുത വലുതായിരുന്നുവെങ്കിലും യേശു വന്നത് സകല പാപികളെയും രക്ഷിക്കുവാൻ വേണ്ടിത്തന്നെയാണെന്ന് ഈ സംഭവം തെളിയിക്കുകയാണ്. തന്നെയുമല്ല മനുഷ്യരും മതങ്ങളും കെട്ടിപ്പൊക്കുന്ന ഏത് മതിലിനെയും തകർത്തുകൊണ്ട് കർത്താവ് കടന്നുവന്ന് ഏതു മനുഷ്യനെയും രക്ഷിക്കുമെന്ന ദിവ്യസത്യവും ഇതിലൂടെ നമുക്ക് പഠിക്കാം. യേശുക്രിസ്തു ഒരാളുടെ ജീവിതത്തിൽ കടന്നുവന്നാൽ ആ ജീവിതം പൂർണ്ണമായി മാറും. ഇപ്രകാരം യേശുക്രിസ്തുവിനെ അനുഭവിച്ചറിയുവാൻ ഇടവന്നാൽ മാത്രമേ ജീവിതം സാർത്ഥകമാകൂ! വാസ്തവത്തിൽ ജന്മംകൊണ്ടല്ല, സുകൃതംകൊണ്ടുമല്ല ഒരുവൻ ക്രിസ്ത്യാനിയായിത്തീരുന്നത്, അവിടുത്തെ കണ്ടുമുട്ടുന്നതിലൂടെയാണ്.

ഈ അടുത്തനാളിൽ, യാദൃശ്ചികമായി കണ്ടുമുട്ടിയ ഒരു സഹോദരന്റെ അനുഭവസാക്ഷ്യം ഇതോടു ചേർത്ത് കുറിയ്ക്കട്ടെ. അദ്ദേഹം പത്ത് വർഷങ്ങൾക്കുമുമ്പ് ക്യാൻസർ ബാധിതനായ ഒരു വ്യക്തിയായിരുന്നു. വൈദ്യശാസ്ത്രം അദ്ദേഹത്തിന് ക്യാൻസർ ബാധിച്ചിരിക്കുന്നുവെന്ന് കണ്ടുപിടിച്ചപ്പോൾത്തന്നെ ഒരു മേജർ ഓപ്പറേഷന് വിധേയനാകുവാൻ നിർദ്ദേശം കൊടുത്തു. ഓപ്പറേഷന്റെ തീയതി വരെ നിശ്ചയി

**"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും."** (യേശ.7:14)

# അതിശയവാനായ ക്രിസ്തു

## പാ.ടോമിച്ചൻ വട്ടപ്പാറ

ച്ചു. അദ്ദേഹത്തെ ഭവനത്തിലേക്ക് മടക്കി അയച്ചു. ഭവനത്തിലായിരുന്ന ഈ സമയത്ത് ചില ദൈവദാസന്മാർ അദ്ദേഹത്തിന്റെ വീട്ടിലെത്തി, അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. ബൈബിളിന്റെ ഒരു കോപ്പി അദ്ദേഹത്തിനുകൊടുത്തു. അസഹ്യമായ വേദനയാൽ പുളഞ്ഞുകൊണ്ടിരുന്ന അദ്ദേഹത്തിന് വലിയ ആശ്വാസം ലഭിക്കുവാൻ തുടങ്ങി. യേശുക്രിസ്തുവിനോട് അദ്ദേഹം കണ്ണീരോടെ തന്നെ പൂർണ്ണമായി സൗഖ്യമാക്കുവാൻ അപേക്ഷിക്കുവാൻ തുടങ്ങി. ഓപ്പറേഷന്റെ തലേദിവസം പരിശുദ്ധാത്മാവ് അദ്ദേഹത്തോട് സംസാരിച്ചു; "നിന്റെ രോഗം പൂർണ്ണമായും സൗഖ്യമായിരിക്കുകയാണ്. ഇനി നീ ഈ രോഗത്തേക്കുറിച്ച് ഭാരപ്പെടേണ്ട. ഈ കാര്യം നാളെ നിന്നെ ഓപ്പറേഷൻ ചെയ്യുവാനിരിക്കുന്ന ഡോക്ടർമാർ സ്ഥിരീകരിക്കുവാൻ പോകുകയാണ്. അത്ഭുതമെന്ന് പറയട്ടെ, പിറ്റേദിവസം അദ്ദേഹത്തെ ഓപ്പറേഷനുള്ള തയ്യാറെടുപ്പോടെ ബന്ധുമിത്രാദികൾ ഹോസ്പിറ്റലിൽ എത്തിച്ചപ്പോൾ ഡോക്ടർമാരുടെ പരിശോധനയിൽ ക്യാൻസർ രോഗം പൂർണ്ണമായും മാറിയതായി കണ്ടുപിടിക്കപ്പെട്ടു. അക്രൈസ്തവനായിരുന്ന ആ മനുഷ്യൻ തന്റെ ദേശത്ത് ശക്തനായ ഒരു ക്രിസ്തുസാക്ഷിയായി.

**വിസ്മയിപ്പിക്കുന്ന ക്രിസ്തുയേശു.**

ലോകചരിത്രത്തിന്റെ താളുകളിൽ ഇടംപിടിച്ചിട്ടുള്ള മഹാരഥന്മാർ പലരുണ്ടായിരുന്നെങ്കിലും അവരെല്ലാം കാലത്തിന്റെ കുത്തൊഴുക്കിൽ കാലയവനികയ്ക്കുള്ളിലേക്ക് ഒതുക്കപ്പെട്ടു. കലാ-കായിക-സാംസ്ക്കാരിക രംഗങ്ങളിലെ സമ്രാട്ടുകളായി അറിയപ്പെട്ടിരുന്നവർ തുടങ്ങി ലോകത്തെ കിടുകിടാ വിറപ്പിച്ച സാമ്രാജ്യാധിപന്മാർ വരെ ആറടി മണ്ണിലേക്ക് ചുവടുമാറ്റം നടത്തി. എന്നാൽ ചരിത്രത്തിന്റെ നിയന്താവായ ദൈവം മനുഷ്യചരിത്രത്തിനകത്തേക്ക് ഒരിയ്ക്കൽ പ്രവേശിച്ചു. "അവൻ ജഡത്തിൽ വെളിപ്പെട്ടു" (God was manifest in the flesh-kjv) (1 തിമൊ.3:16) എന്ന് ബൈബിൾ പഠിപ്പിക്കുന്നു. മനുഷ്യരാശിയുടെ വീണ്ടെടുപ്പിനായി കടന്നുവന്ന ക്രിസ്തു, മനുഷ്യൻ എന്ന നിലയിൽ സമാനതകളില്ലാത്ത വ്യക്തിത്വമായി ജീവിച്ചവനും ഇന്നും ജീവിക്കുന്നവനുമാണ്. അതുല്യതയാർന്ന ആ വ്യക്തിത്വത്തിന്റെ മാഹാത്മ്യം ബുദ്ധിപരമായ അളവുകൾകൊണ്ട് അളക്കുവാൻ ശ്രമിച്ച ചില ലോകമഹാന്മാർ പോലും വാഴ്ത്തിപ്പാടി. അവരിൽ ചിലരുടെ അഭിപ്രായങ്ങൾ ഒന്ന് ശ്രദ്ധിക്കാം:-

മഹാത്മാഗാന്ധി: "പൂർണ്ണ നിഷ്ക്കളങ്കനായിരുന്നു ക്രിസ്തു. തന്റെ പ്രാണനെ ലോകത്തിന് മറുവിലയായി, സ്വയയാഗമായി മറ്റുള്ളവരുടെ നന്മയ്ക്കായി, തന്റെ ശത്രുക്കളുടെപോലും നന്മയ്ക്കായി, സമർപ്പിച്ചു. അതൊരു മഹത്തായ പ്രവൃത്തിയായിരുന്നു."

സ്വാമി വിവേകാനന്ദൻ: "നിങ്ങൾക്ക് രക്ഷ ആവശ്യമാണോ? എങ്കിൽ യേശുവിനെ തേടുക, യേശു നമ്മുടെയെല്ലാം സങ്കല്പങ്ങളിലെ ദൈവങ്ങളേക്കാൾ എത്രയോ ഉന്നതനാണ്" (ജ്ഞാനദീപം പേജ് 270).

ഡോ.എസ് രാധാകൃഷ്ണൻ: "എന്റെ അറിവിന്റെ പരിധിയിൽ ലോകത്തിൽ ഗുരു എന്ന് വിളിക്കുവാൻ കൊള്ളാവുന്ന ഒരേ ഒരാൾ നസ്രായനായ യേശുവാണ്."

നെപ്പോളിയൻ: "എനിക്ക് അനേകം മനുഷ്യരെ അറിയാം, എന്നാൽ യേശുക്രിസ്തു വെറും ഒരു മനുഷ്യനല്ല. ലോകത്തിലുള്ള യാതൊരു മനുഷ്യനോടും യേശുവിനെ താരതമ്യം ചെയ്യുവാൻ ഒരു തരത്തിലും കഴിയുകയില്ല. അലക്സാണ്ടറിനും, കൈസറിനും, ചാർളിമാനും, എനിക്കും സാമ്രാജ്യങ്ങൾ സ്ഥാപിക്കുവാൻ കഴിഞ്ഞു; എന്നാൽ അവ എന്തിന്മേലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്? കായികബലത്തിന്മേൽ! യേശുക്രിസ്തുവാകട്ടെ തന്റെ സാമ്രാജ്യം പണിതുയർത്തിയിരിക്കുന്നത് പവിത്രമായ സ്നേഹത്തിന്മേലാണ്; അതിനാൽ തന്നെ ഈ നിമിഷം വരെയും ലക്ഷോപലക്ഷങ്ങൾ അവിടുത്തേക്കുവേണ്ടി മരിക്കുവാൻ തയ്യാറായി നിൽക്കുന്നു."

മാർട്ടിൻ ലൂഥർ കിംഗ് ജൂണിയർ: "സ്നേഹം, സത്യം, നന്മ ഇവ സംബന്ധമായി ഒരു തീവ്രവാദിയാണ് യേശുക്രിസ്തു."

ആൽബർട്ട് ഐൻസ്റ്റീൻ: "ഞാനൊരു യഹൂദനാണ്. എന്നാൽ ഉജ്ജ്വലമായ നസ്രായനായ ക്രിസ്തുവിന്റെ വ്യക്തിത്വം എന്നെ വല്ലാതെ വശീകരിക്കുന്നു. ആശയങ്ങൾ ചമയ്ക്കുന്നവരുടെ തൂലികകൾക്ക് അപ്രാപ്യനായ വ്യക്തിയാണ് യേശു. സുവിശേഷം ആത്മാർത്ഥതയോടെ വായിക്കുന്ന ഏത് വ്യക്തിക്കും യേശുവിന്റെ സാമിപ്യംകൂടി അനുഭവിക്കാൻ കഴിയും."

ഇസ്രയേൽജനതയുടെ ചരിത്രത്തിൽ അനേക വീര നായകന്മാരുണ്ടായിരുന്നതായി വേദപുസ്തകത്തിൽ നിന്ന് കണ്ടെത്താം. മോശെ അവരോട് മൊവാബ് സമതലത്തിൽവെച്ച്

# അതിശയവാനായ ക്രിസ്തു

## പാ.ടോമിച്ചൻ വട്ടപ്പാറ

നടത്തിയ പ്രഭാഷണങ്ങൾ വിസ്മയാവഹങ്ങളായിരുന്നു. ഇസ്രായേലിന്റെ മധുരഗായകനെന്ന് അറിയപ്പെട്ടിരുന്ന ദാവീദിന്റെ സങ്കീർത്തനങ്ങളും അവരെ വല്ലാതെ സ്വാധീനിച്ചിരുന്നുവെന്നത് സത്യമാണ്. ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോൻ തന്റെ സദൃശവാക്യങ്ങളിലൂടെ ഇസ്രയേൽ ജനതയുടെ പ്രീതി പിടിച്ചുപറ്റിയ മഹത്വ്യക്തി തന്നെയാണെന്ന് നിസ്സംശയം പറയാം. അത്യുന്നതമായ പ്രവചനശബ്ദംകൊണ്ട് വേറിട്ട ശ്രദ്ധ പിടിച്ചുപറ്റിയ യേശയ്യാവും അവരുടെയിടയിൽ നക്ഷത്രത്തെപ്പോലെ തിളങ്ങിയിരുന്നു. എന്നാൽ യേശുക്രിസ്തുവിനേപ്പോലെ ആരും ഒരുനാളും ഇസ്രയേൽ ജനതയോട് സംസാരിച്ചിട്ടില്ല. "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല" എന്നു ചേവകർ ഉത്തരം പറഞ്ഞു. (യോഹ.7:46). വാസ്തവത്തിൽ യേശുക്രിസ്തുവിനെ പിടിച്ചുകെട്ടിക്കൊണ്ടുവരുവാൻ വേണ്ടി മഹാപുരോഹിതന്മാരുടെയും ഫരിസേയരുടേയും നിർദ്ദേശപ്രകാരം അയയ്ക്കപ്പെട്ടവരായിരുന്നു ഈ ചേവകർ. തന്നെ പിടിക്കുവാൻ വന്ന ചേവകരെപ്പോലും അതിശയിപ്പിക്കുന്ന അധികാരമായിരുന്നു യേശുക്രിസ്തുവിന്റെ വാക്കുകളിൽ വെളിപ്പെട്ടുവന്നത്. അതിനാൽത്തന്നെ അവിടുത്തെ വാക്കുകളുടെ മുമ്പിൽ തങ്ങളുടെ തന്നേ ദൗത്യം അവൻ മറന്നുപോകുന്നതായിട്ടാണ് നമുക്ക് കാണുവാൻ കഴിയുക.

മാനവചരിത്രത്തിൽ യേശുക്രിസ്തുവിനേപ്പോലെ അതുല്യവ്യക്തിത്വത്തിന്റെ ഉടമയായി ആരുമുണ്ടായിട്ടില്ല, ആരുമുണ്ടാവുകയുമില്ല. അവിടുന്ന് ഒരേസമയം ദൈവവും മനുഷ്യനും ആയിരുന്നുവെന്നത് വിസ്മിരിക്കാതെ തന്നെ പറയട്ടെ, മനുഷ്യരിൽനിന്ന് ആർക്കെങ്കിലും ദൈവത്വം ആരോപിക്കുവാൻ കഴിയുമെങ്കിൽ അത് യേശുക്രിസ്തു മാത്രമാണ്. യേശുക്രിസ്തു ഉന്നതനാകുന്നതിന്റെ വസ്തുതകൾ നമുക്ക് ബൈബിളിൽ നിന്നു തന്നെ കണ്ടെത്തുവാൻ കഴിയും.

1. ജനനത്തിലെ നിസ്തുല്യത

ഭൂമിയിൽ താൻ ജഡത്തിൽ വെളിപ്പെടുന്നതിന് നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തിരുന്നു. എല്ലാ വിശദാംശങ്ങളോടെ, വ്യക്തമായിട്ടു തന്നെ ആയിരുന്നു ഈ ജനനത്തെക്കുറിച്ച് യഹോവയായ ദൈവം തന്റെ പ്രവാചകന്മാരോട് അരുളിച്ചെയ്തത്.

a. ജനനസ്ഥലം: മീഖാ 5:2 (ബി.സി 739–686) – "നീയോ ബത്‌ലഹേം, എഫ്രാത്തേ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്ന് ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മത്താ.2:1. ലൂക്ക.2:5,6).

b. ജനനസമയം: (ദാനി.9:25) "അതുകൊണ്ട് നീ ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതുമുതൽ അഭിഷിക്തനായൊരു പ്രഭു വരെ ഏഴ് ആവ്ചവട്ടം; അറുപത്തിരണ്ട് ആഴ്ചവട്ടം കൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നേ വീണ്ടും പണിയും" (ലൂക്കോ.2:1,7).

c. എങ്ങിനെയുള്ള ജനനം? സ്ത്രീയുടെ സന്തതി (ഉല്പ.3:15) ലോകചരിത്രത്തിൽ പുരുഷസ്പർശം കൂടാതെ സ്ത്രീയുടെ ഉദരത്തിൽ ഒരു ശിശു ഉരുവായത് ക്രിസ്തു മാത്രം. യേശ.7:14 – "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും."

d. ജനനം എന്തിനുവേണ്ടി?

യേശ.61:1–3 – "എളിയവരോട് സദ്വർത്തമാനം ഘോഷിക്കാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറിവ്കെട്ടുവാനും തടവുകാർക്ക് വിടുതലും ബന്ധനസ്ഥന്മാർക്ക് സ്വാതന്ത്ര്യവും അറിയിക്കുവാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതന്മാരെയൊക്കെ ആശ്വസിപ്പിക്കാനും സീയോനിലെ ദു:ഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാരമാലയും ദു:ഖത്തിനു പകരം ആനന്ദതൈ

For by Him all things were created that are in heaven and that are on earth, visible and invisible, whether thrones or dominions or principalities or powers. All things were created through Him and for Him. ( Colossians 1:16 )

# അതിശയവാനായ ക്രിസ്തു

## പാ.ടോമിച്ചൻ വട്ടപ്പാറ

ലവും വിഷണ്ഡമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു."

യേശ.9:2 – "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെമേൽ പ്രകാശം ശോഭിച്ചു"

യേശ.53:12 – "അവൻ തന്റെ പ്രാണനെ മരണത്തിന് അർപ്പിക്കുകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി മാദ്ധ്യസ്ഥ്യം ചെയ്തുംകൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ."

e. ജനനത്തോടുള്ള ബന്ധത്തിലെ സംഭവങ്ങൾ:

യിരെ.31:15 – "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; റാമയിൽ ഒരു ശബ്ദം കേൾക്കുന്നു; വിലാപവും കഠിനമായുള്ള കരച്ചിലും തന്നേ; റാഹേൽ തന്റെ മക്കളെക്കുറിച്ച് കരയുന്നു; അവർ ഇല്ലായ്കകൊണ്ട് അവരെച്ചൊല്ലി ആശ്വാസം കൈക്കൊൾവാൻ അവൾക്ക് മനസ്സായില്ല" (മത്താ.2:17,18).

b. മിസ്രയീമിൽ പാർക്കും: ഹോശെ.11:1 – "യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയീമിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചു" (മത്താ.2:14,15).

ജനനത്തെക്കുറിച്ചുള്ള കൃത്യതയാർന്ന പ്രവചനങ്ങൾ നിറവേറ്റിക്കൊണ്ട് ദൈവസുതൻ കന്യകയിൽ വന്നു പിറന്നു; തൈരും തേനും ഉപജീവിച്ച് വളർന്നുവന്നു (യേശ.7:14–15). മനുഷ്യരാശിയുടെ വീണ്ടെടുപ്പിനായി, അങ്ങനെ സ്ത്രീയുടെ സന്തതിയായി സർപ്പത്തിന്റെ തലയെ തകർക്കുവാനായി, യേശുക്രിസ്തു രംഗപ്രവേശം ചെയ്തുവെന്നത് ഉൽപ്പത്തി പുസ്തകത്തിലെ ആദ്യ പ്രവചനം നിവർത്തിയാക്കുവാനായിട്ടുകൂടെയായിരുന്നു (ഉല്പ.3:15).

മത്തായിയുടെ സുവിശേഷത്തിലെ ആദ്യ അദ്ധ്യായം ആരംഭിക്കുന്നത് അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുവിന്റെ വംശാവലി എന്നു പറഞ്ഞുകൊണ്ടാണ്. അബ്രഹാം മുതൽ നാൽപ്പത്തിരണ്ടാമത്തെ വ്യക്തിയായി യേശു വന്ന് ജനിക്കുന്നതിനെക്കുറിച്ച് പറഞ്ഞുവെക്കുന്ന ഈ അദ്ധ്യായത്തിൽ യേശുവിന് മുമ്പുള്ള മുഴുവൻ പേരും മറ്റാരെങ്കിലും 'ജനിപ്പിച്ച'വരായിരുന്നു. എന്നാൽ യേശുക്രിസ്തു മാത്രം "ജനിച്ചു" എന്ന് രേഖപ്പെടുത്തപ്പെട്ടു (മത്താ.1:16). കാരണം അവിടുന്ന്, ദൈവം ജഡത്തിൽ വെളിപ്പെട്ടു വന്നവനാണ് (1 തിമൊ.3:16). ലോകചരിത്രത്തിൽ എല്ലാവരും ജനിപ്പിക്കപ്പെട്ടവരാണ്; യേശുക്രിസ്തുവാകട്ടെ 'ജനിച്ചവനാണ്'.

ക്രിസ്തുവിന്റെ ഔന്നത്യം സൂചിപ്പിക്കുന്ന നിരവധി വാക്യശകലങ്ങൾ നമുക്ക് വേദപുസ്തകത്തിൽ കാണുവാൻ കഴിയും. "ഇവൻ എത്ര മഹാനെന്ന് നോക്കുവിൻ" (എബ്രാ.7:4). "ഇതാ ഇവിടെ യോനായിലും വലിയവൻ" (മത്താ.12:41). "ഇവിടെ ഇതാ ശലോമോനിലും വലിയവൻ" (മത്താ.12:42). "ഇവിടെ ഇതാ ദേവാലയത്തെക്കാൾ വലിയവൻ" (മത്താ.12:6). യേശുക്രിസ്തു യഹൂദന്മാരുടെ ജീവിതത്തിൽ അവർ കണ്ടിട്ടുള്ള സകലരെയുംകാൾ (സകലതിനെയുംകാൾ) അത്യുന്നതനാണ് എന്ന് വേദപുസ്തകം സമർത്ഥിച്ചിട്ടുണ്ട്. എന്നാൽ യഹൂദന്മാർക്ക് തങ്ങളുടെ രക്ഷകനായ മശിഹായെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. "അവൻ സ്വന്തത്തിലേക്ക് വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല, അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ.1:11–12).

യേശുക്രിസ്തു ജനിച്ചപ്പോൾ രാജാവായിട്ടാണ് ജനിച്ചത്. ലോകചരിത്രത്തിൽ ഇതുവരെയും ആരും രാജാവായി പിറന്നിട്ടില്ല. "ഹെരോദാ രാജാവിന്റെ കാലത്ത് യേശു യഹൂദയിലെ ബെത്‌ലഹേമിൽ ജനിച്ചശേഷം, കിഴക്കുനിന്ന് വിദ്വാന്മാർ യെരൂശലേമിൽ എത്തി: യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു"

"പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി"
(2 കൊരി.5:21).

# അതിശയവാനായ ക്രിസ്തു

## പാ.ടോമിച്ചൻ വട്ടപ്പാറ

(മത്താ.2:1–2).

I. ജീവിതത്തിൽ നിസ്തുല്യനായ ക്രിസ്തു

കേവലം മൂന്നരവർഷക്കാലത്ത പരസ്യശുശ്രൂഷയിൽ ലോകത്തിൽ മറ്റാരും ചെയ്യാത്ത, ചെയ്യുവാൻ കഴിയാത്ത, വൻ കാര്യങ്ങൾ ചെയ്യുകയും പഠിപ്പിക്കുകയും ജീവിച്ചു കാണിക്കുകയും ചെയ്തു, നല്ല നാഥൻ. തന്റെ മുമ്പിൽ വിമർശിക്കുവാനും തെറ്റു കണ്ടുപിടിക്കുവാനും നിൽക്കുന്ന ഫരിസേയ–പൗരോഹിത്യ കൂട്ടങ്ങളോട് യേശുക്രിസ്തു ഒരിയ്ക്കൽ ഇപ്രകാരം ചോദിച്ചു: "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തും?" (യോഹ.3:44). അപ്പൊസ്തലന്മാരായ പത്രൊസും യോഹന്നാനും പൗലൊസും പറയുന്നത് കേൾക്കുക:–

"അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല" (1 പത്രൊ.2:22). "പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല" (1 യോഹ.3:5).

"പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി" (2 കൊരി.5:21). "പവിത്രൻ, നിർമ്മലൻ, നിർദ്ദോഷൻ, പാപികളോട് വേർപെട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതൻ" (എബ്രാ.7:26).

ആത്മീയജീവിതത്തിൽ ആന്തരികത്തിൽ പരിശുദ്ധിയുടെ നിറകുടമായിരുന്ന ക്രിസ്തു, എന്നാൽ തന്റെ സ്വഭാവ നൈർമ്മല്യത്താൽ മാത്രമല്ല ഉന്നതനായിരിക്കുന്നത്. അവിടുന്ന് ചെയ്ത അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ചരിത്രം പഠിച്ചാൽ തന്റെ ദൈവത്വം വെളിപ്പെടുത്തുന്നവയായിരുന്നുവെന്ന് മനസ്സിലാക്കാം. വിവാഹത്തിന് തന്നെ ക്ഷണിച്ച ഭവനത്തിൽ വീഞ്ഞ് തീർന്നുപോയപ്പോൾ വെള്ളം വീഞ്ഞാക്കിയും വിശന്നു വലഞ്ഞുപോയ ഒരു പുരുഷാരത്തെ അപ്പം വർദ്ധിപ്പിച്ചു നൽകി വിശപ്പടക്കിയും അലറിപ്പാഞ്ഞുവരുന്ന തിരമാലകളെയും പ്രക്ഷുബ്ധമായ കടലിനെയും ശാന്തമാക്കി തന്റെ ശിഷ്യന്മാരുടെ പ്രാണനെ രക്ഷിച്ചും അവൻ തന്റെ ദൈവത്വം വെളിപ്പെടുത്തി. മരിച്ചവനായിരുന്ന ലാസറിനെയും യായിറോസിന്റെ മകളെയും നയീമിലെ വിധവയുടെ മകനെയും ഉയിർപ്പിച്ചുകൊണ്ട് ആ കുടുംബങ്ങളുടെ തകർച്ചയിൽ നിന്നു കരകയറ്റിയുംകൊണ്ടു നടത്തിയ അത്ഭുതങ്ങളുടെ പരമ്പരകൾ നമ്മെ യേശുക്രിസ്തു ദൈവമാണെന്നംഗീകരിപ്പിക്കുകയാണ്.

എന്നാൽ, പ്രശസ്തിക്കുവേണ്ടിയോ സാമ്പത്തികലാഭത്തിനുവേണ്ടിയൊ ആയിരുന്നില്ല ക്രിസ്തു ചെയ്ത അത്ഭുതങ്ങൾ. അടിയന്തിരമായി ലഭിക്കേണ്ട ഒരു രക്ഷയുടെ സന്നിഗ്ധഘട്ടത്തിലാണ്, അല്ലെങ്കിൽ പ്രതീക്ഷയുടെ ഒരു കൈത്തിരിനാളം പോലും ഇല്ലാത്ത ഘട്ടങ്ങളിലാണ് കർത്താവ് ഈ അത്ഭുതങ്ങൾ ചെയ്തത്. തന്റെ ശിഷ്യന്മാരെയും മനുഷ്യന്റെ ഇത്തരം ആപത്ഘട്ടങ്ങളിൽ പ്രവർത്തിക്കുവാൻ അധികാരപ്പെടുത്തിയിട്ടാണ് അവിടുന്ന് സ്വർഗ്ഗാരോഹണം ചെയ്തത്. യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളെപ്പറ്റി അപ്പൊസ്തലനായ യോഹന്നാൻ പറയുന്നത് ശ്രദ്ധിക്കുക: "ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു." "യേശു ചെയ്തത് മറ്റ് പലതും ഉണ്ട്; അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല എന്നു ഞാൻ നിരൂപിക്കുന്നു" (യോഹ.20:30,31, 21:25).

തന്റെ ഉപദേശങ്ങളിൽ യേശുക്രിസ്തു നില്തുല്യൻ എന്ന വിഷയത്തിൽ യാതൊരു തർക്കവുമില്ല. വളരെ ചുരുക്കത്തിൽ ഇതിനേപ്പറ്റി ഇവിടെ പ്രതിപാദിക്കട്ടെ.

പഴയനിയമത്തിൽ ഭാഗം ഭാഗമായി ലഭിച്ചിരുന്ന ദൈവീകവെളിപാടുകളിൽ നിന്ന് വ്യത്യസ്തമായി പൂർണ്ണതയുള്ള ദൈവശബ്ദം ക്രിസ്തുവിലൂടെ നമുക്ക് ലഭിച്ചു (എബ്രാ.1:1–2). തന്റെ പഠിപ്പിക്കലുകളെല്ലാം ഹൃദ്യവും ലളിതവും ലാവണ്യത്തോടെയും ജനഹൃദയങ്ങളിൽ എത്തിക്കുവാൻ യേശുക്രിസ്തു ശ്രമിച്ചു. അതിനായി ഉപമകളും ഉപയോഗിച്ചുപോന്നു. സമൂഹത്തിലെ സകല തുറകളിലുംപെട്ടവരെയും ലക്ഷ്യം വെച്ചുകൊണ്ടായിരുന്നു അവിടുന്ന് ഉപദേശിച്ചത്. ദൈവത്തെയും മനുഷ്യനെയും ഹൃദയം തുറന്ന് സ്നേഹിക്കണമെന്ന ശക്തമായ പ്രമേയങ്ങളായിരുന്നു അവയുടെയെല്ലാം കേന്ദ്രാശയം. അവികലങ്ങളായി കിടന്നിരുന്ന ദുരുപദേശങ്ങളുടെ പുളിമാവിനാൽ കാടു കയറിപ്പോയ ആദ്ധ്യാത്മികതയുടെ മണ്ഡലത്തിൽ ഒരു നവോത്ഥാനം ക്രിസ്തു കൊണ്ടുവന്നു.

(ഇന്നും ഈ മണ്ഡലങ്ങളിൽ ക്രിസ്തുവിന്റെ ഉപദേശങ്ങളെ മുറുകെ പിടിക്കുക എന്നത് മാത്രമേ നന്മ കൊണ്ടുവരികയുള്ളു) ●



# ന്യായപ്രമാണവും വിശ്വാസപ്രമാണവും


പാ.രാധാകൃഷ്ണൻ
(ചർച്ച് ഓഫ് ഇറ്റേണിറ്റി തൃപ്പൂണിത്തുറ, 8086425080)


മനുഷ്യന്റെ നിതാന്തമായ അന്വേഷണങ്ങളുടെയും കണ്ടുപിടുത്തങ്ങളുടെയും കെട്ടിപ്പടുക്കലുകളുടെയും പരാജയത്തിന്റെയും ദൈവത്താലുള്ള ജയത്തിന്റെയും ആദിമദ്ധ്യാന്തചരിത്രം, ആർക്കും മാറ്റി എഴുതുവാൻ സാധിക്കാത്ത വിധം വിശുദ്ധവേദപുസ്തകത്തിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്; എങ്കിലും ഒരു ചരിത്രപുസ്തകത്തിന്റെ വിവരണവും ലക്ഷ്യവുമല്ല അതിനുള്ളത്. ദൈവത്തെകൂടാതെയുള്ള മനുഷ്യന്റെ സകല പ്രയത്നങ്ങളും തീർത്തും പരാജയമായിത്തീരുമെന്ന് വേദപുസ്തകം ഇതിലൂടെ തെളിയിക്കുന്നുമുണ്ട്. പുണ്യതീർത്ഥകരകൾ തേടിപ്പോകുന്ന ഭക്താഗ്രേസരനും, ആകാശമണ്ഡലത്തെ കീറിമുറിച്ച് സൗരയൂഥ പ്രദക്ഷിണം വെയ്ക്കുന്ന ഗഗനചാരിയായ ശാസ്ത്രനിപുണനും സകലതും സൃഷ്ടിച്ചു ക്രമത്തിൽ സംവിധാനം ചെയ്തുവെച്ചിരിക്കുന്ന സത്യദൈവത്തെ അറിയുന്നുവോ?

ലോകമനുഷ്യൻ അദൃശ്യനായ ദൈവത്തെ അറിയാത്തതുകൊണ്ട് കാണുന്ന കാര്യങ്ങളിൽ മാത്രം നിശ്ചയം പ്രാപിച്ചുകൊണ്ട് നേട്ടങ്ങൾക്കായി ഭഗീരഥപ്രയത്നം നടത്തുകയാണ്. കാളവണ്ടിക്കു പകരം കാറു കണ്ടുപിടിച്ചും കപ്പിയും കയറുമുപയോഗിച്ച് ആഴത്തിൽ നിന്നും വെള്ളം കോരിയെടുക്കുന്നതിന് പകരം ഭൂഗർഭത്തിൽ നിന്നും ജലത്തെ വലിച്ചൂറ്റിയെടുക്കുന്ന കുഴൽക്കിണറുകൾ ആധുനികവത്ക്കരിച്ചെടുത്തും മനുഷ്യന്റെ സ്വപ്രയത്നം തുടരുകയാണ്. മതങ്ങൾ മനുഷ്യനെ ഭക്തിഗീതങ്ങളാൽ താരാട്ടുപാടിയുറക്കുകയും, കണ്ണുതുറക്കാത്ത, കാതു തുറക്കാത്ത, കരയാനൊ ചിരിക്കാനൊ അറിയാത്ത കളിമൺപ്രതിമകളെ തുയിലുണർത്തുപാട്ടുപാടി ഉണർത്തുവാൻ വ്യഥാശ്രമങ്ങൾ നടത്തിയും കാലം പോക്കുന്നു.

## ന്യായപ്രമാണങ്ങൾ

മുകളിൽ പ്രതിപാദിച്ചതിൽ, വേദപുസ്തകപ്രകാരം വേർതിരിച്ചെടുക്കാവുന്ന രണ്ട് വിഷയങ്ങളുണ്ട് – ന്യായപ്രമാണവും വിശ്വാസവും. ന്യായപ്രമാണം (Law) ദൈവം യഹൂദന്മാർക്ക് നൽകിയ നിയമമാണ്. വിശ്വാസം അഥവാ വിശ്വാസപ്രമാണം (Law of faith) എന്നത് വിശ്വസിക്കുന്ന സകല മനുഷ്യർക്കുമുള്ള രക്ഷാപന്ഥാവുമാണ്. ന്യായാധിപനും നീതിമാനുമായ ദൈവത്തിന്റെ മുന്നിൽ തന്റെ ജനം പാപമെന്ന തെറ്റിലകപ്പെടാതെ വേറിട്ടവരായി നിൽക്കുന്നതിനാണ് ചട്ടങ്ങളും പ്രമാണങ്ങളുമടങ്ങിയ ന്യായപ്രമാണമെന്ന നിയമസംഹിത കല്പനാരൂപത്തിൽ ദൈവം മോശെ മുഖാന്തരം യഹൂദന് നൽകിയത് (യോഹ.1:16). ഇത് പ്രധാനമായും പത്ത് കല്പനകളും അറുനൂറിലധികം ചട്ടങ്ങളും അനുഷ്ഠാനങ്ങളും ചേർന്നതാണ്. എന്നാൽ ന്യായപ്രമാണത്തെ പാലിച്ച് രക്ഷ നേടാമെന്ന യഹൂദന്റെ ശ്രമങ്ങൾ വിഫലമാകുകയും, പാപത്തെക്കുറിച്ച് പരിജ്ഞാനമുണർത്തിയ കല്പനകളെ ലംഘിച്ചു പോയതിനാൽ പാപത്തിൻ കീഴിൽ അടയ്ക്കപ്പെടുകയും അത് ശാപമായിത്തീരുകയും ചെയ്തു (റോമ.3:20, ഗലാ.10:11, 21:22). വേദപുസ്തകം വീണ്ടും പറയുന്നു: "ഒരുവൻ ന്യായപ്രമാണം മുഴുവൻ അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിലും കുറ്റക്കാരനായി തീരുന്നു" (യാക്കോ.2:10). ഇത് പാപത്തെ പാപമായി കാണുവാൻ ഇടവരുത്തുകയും വിടുതലിനായി ഒരു വിമോചകനെയും രക്ഷാമാർഗ്ഗത്തെയും ആവശ്യപ്പെടുകയും ചെയ്യുന്നു. യഹൂദൻ മാത്രമല്ല, ന്യായപ്രമാണം ലഭിച്ചിട്ടില്ലാത്ത സകല ജാതികളും പാപത്തിൻകീഴിലാണ്. ഇവിടെയാണ് "ആരും നശിച്ചുപോകരുത്" എന്ന (യോഹ.3:16, 1 തിമൊ.2:4) ദൈവത്തിന്റെ അഭിവാഞ്ഛയെ പ്രാവർത്തികമാക്കിക്കൊണ്ട്, അവൻ മനുഷ്യവേഷത്തിൽ ഭൂമിയിൽ പ്രത്യക്ഷനായിക്കൊണ്ട് പാപത്തിന് പരിഹാരം വരുത്തിയത്. ദൈവത്തിന്റെ അനന്തസ്നേഹമാണ് അഥവാ കൃപയാണ് ഇത് സാധ്യമാക്കിയത് (റോമ.5:20,21). "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലൊ" (തീത്തൊ.2:11) എന്ന ഈ കൃപയാണ് ക്രിസ്തുവിലൂടെയുള്ള സമ്പൂർണ്ണരക്ഷയ്ക്ക് കാരണമായത്. ന്യായപ്രമാണലംഘനത്താൽ നഷ്ടമായ ദൈവനീതി ക്രിസ്തുയേശുവിന്റെ പാപപരിഹാരയാഗത്താലും മരണത്താലും ഉത്ഥാനത്താലും, വിശ്വസിക്കുന്ന ഏത് മനുഷ്യനും തിരികെ ലഭിക്കുന്നു. "അങ്ങനെ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായി നീതീകരിക്കപ്പെടുന്നു" (റോമ.3:24).

തോറ്റാലും തോറ്റാലും തോൽക്കാത്ത, തോൽക്കാൻ മനസ്സില്ലാതെ മുന്നേറുകയാണ് മനുഷ്യപ്പട. സ്വപ്രയത്നത്താൽ 'ബാലികേറാമല' കയറാൻ മാത്രമല്ല, ചൊവ്വയിൽ പോയി ചീരകൃഷി നടത്തുവാനും അവൻ സമർത്ഥനാണ്. "വെളിച്ചമക്ക

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

## പാ. രാധാകൃഷ്ണൻ

ളേക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലയോ" (ലൂക്ക.16:8). ശരി, ലോകത്തിന്റെ കാര്യം പറയാൻ വരട്ടെ, 'ദൈവത്തിന്റെ സ്വന്തജനം' എന്ന് യിസ്രായേലിനെക്കുറിച്ചാണ് ആദ്യമേ സംസാരിച്ചുതുടങ്ങിയത്; കാരണം ന്യായപ്രമാണം തിരുവെഴുത്തുകളിലൂടെ നല്കപ്പെട്ടത് യിസ്രയേൽ ജനത്തിനു മാത്രമാണ് (സങ്കീ.147:19–20, റോമ.9:24). ആരിലൂടെ ഈ വിശുദ്ധകല്പനകൽ തന്റെ ജനത്തിനു നൽകിയൊ ആ മദ്ധ്യസ്ഥനായിരുന്ന മോശ, ദൈവത്തിന്റെ വിശുദ്ധപർവ്വതമായ സീനായിൽനിന്നും ഇരു കൈകളിലും ദശകല്പനകളടങ്ങിയ കല്പലകകളുമായി മുഖതേജസ്സോടെ ഇറങ്ങിവന്നവനാണ് (2 കൊരി.3:13). "ആകയാൽ എന്റെ ചട്ടങ്ങളും ന്യായങ്ങളും നിങ്ങൾ പ്രമാണിക്കണം; അവയെ അനുഷ്ഠിക്കുന്നവൻ അവയാൽ ജീവിക്കും" (ലേവ്യ.18:5, റോമ.10:5) എന്നാൽ, യിസ്രയേൽജനത്തിന്റെ നേതാവായിരുന്ന മോശയ്ക്കുപോലും അവയെമുഴുവനായി പ്രവർത്തിച്ച് നിവർത്തിക്കുവാൻ സാധിച്ചില്ല. ഇതാ, ഇങ്ങേയറ്റത്ത് ന്യായപ്രമാണം സംബന്ധിച്ച് തീക്ഷ്ണമതിയായ ഒരു യുവാവിനെ നാം കണ്ടെത്തുന്നു. 'ന്യായപ്രമാണത്തിന്റെ നീതി സംബന്ധിച്ച് അനിന്ദ്യൻ' എന്നാണ് ആ യിസ്രയേല്യനെക്കുറിച്ച് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നത് (ഫിലി.3:5,6).

ശൗൽ എന്ന പൗലൊസിന് ന്യായപ്രമാണത്തെ നിവർത്തിക്കുവാൻ കഴിഞ്ഞൊ! ഇല്ലെന്ന് പ്രത്യേകം പറയേണ്ടതില്ല; എന്നാൽ, ന്യായപ്രമാണത്തെ സ്വജീവിതംകൊണ്ട് നിവർത്തി വരുത്തിയവനായ ഒരുവനെ അവൻ ദമസ്ക്കോസ് തെരുവീഥിയിൽവെച്ച് കണ്ടെത്തി, കർത്താവായ യേശുവിനെ! (അപ്പൊ.9:5,6, റോമ.10:4); മനുഷ്യന്റെ അസാധ്യതകളിലേക്ക് ഇറങ്ങിവന്ന് അവനെ കൈ പിടിച്ചുയർത്തുന്ന ക്രിസ്തുവിനെ അവൻ കണ്ടെത്തി. തന്റെ വിപ്ലവാത്മകവും എന്നാൽ പരാജയവുമായിരുന്ന ജീവിതത്തിലേക്ക് അവൻ സലജ്ജം ഒരു തിരനോട്ടം നടത്തി (അപ്പൊ.26:9–11). താൻ മാത്രമല്ല, തന്റെ ജനത്തിന്റെയും പരാജയത്തെയും തിരിച്ചറിവില്ലായ്മയെയും കണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവനും പ്രവർത്തിക്കുന്നവനുമായി മാറി പൗലൊസ്. ക്രിസ്തുവിൽ നിന്നും കൃപ ലഭിച്ച പൗലൊസ് തന്റെ ജീവിതത്തെ ക്രിസ്തുവിനായി സമർപ്പണം ചെയ്തു. "ഇനിമേൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" (ഗലാ.2:20) എന്ന അനുഭവബോധ്യത്തിലേയ്ക്കെത്തിച്ചേർന്നു ആ വിശുദ്ധൻ. "എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാനിപ്പോഴും എല്ലാം ചേതം എന്നെണ്ണുന്നു" എന്ന് അവൻ വിളിച്ചു പറഞ്ഞു. "ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസംമൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടതയുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നും വെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറെന്നെണ്ണുന്നു" (ഫിലി.3:8–11). ഇത് വലിയോരു പ്രഖ്യാപനമായിരുന്നു. കാരണം, ദൈവത്തിൽ നിന്ന് നീതി ലഭിക്കുവാൻ, നിത്യജീവനെ പ്രാപിക്കുവാൻ 'യേശുക്രിസ്തുവിലുള്ള വിശ്വാസം' എന്ന ഒരേയൊരു വഴിയല്ലാതെ മറ്റൊരു 'വഴി' ഇല്ലെന്നുള്ള സത്യം പൗലൊസ് ഗ്രഹിച്ചിരുന്നു, വിശ്വസിച്ചിരുന്നു.

**വിശ്വാസമെന്നതോ ............**

വിശ്വസിക്കുന്ന ഏവർക്കുമാണ് ദൈവത്തിൽ നിന്നുള്ള നീതി ലഭിക്കുക. അത് യഹൂദനെന്നോ ജാതി എന്നോ വ്യത്യാസമില്ല; കാരണം "ദൈവം യഹൂദന്മാരുടെ മാത്രം ദൈവമല്ല, ജാതികളുടെയും ദൈവമാണ്" (റോമ.3:29,30). ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ, ന്യായപ്രമാണം ലഭിച്ച യഹൂദന് മാത്രമാകും രക്ഷയും നീതിയും. അതിനാൽ ഇരുപക്ഷത്തിനും–യഹൂദനും ജാതികൾക്കും നീതി ലഭിക്കുവാൻ ദൈവം ക്രിസ്തുവിൽ 'ഏകവഴി' ഒരുക്കി. അതാണ് വിശ്വാസമാർഗ്ഗം.

"ആകയാൽ പ്രശംസ എവിടെ? അത് പൊയ്പ്പോയി. ഏത് മാർഗ്ഗത്താൽ? കർമ്മമാർഗ്ഗത്താലൊ? (Law) അല്ല വിശ്വാസമാർഗ്ഗത്താൽ തന്നെ (Law of faith)" (റോമ.3:27,28). ഈ മാർഗ്ഗത്തിന് യഹൂദന്മാർ മാത്രമല്ല സകല മനുഷ്യരും വിരോധമായി നിൽക്കുമ്പോഴും (അപ്പൊ.28:22) സർവ്വ കൃപാലുവായ ദൈവം ഈ കൃപായുഗത്തിൽ രക്ഷയ്ക്കായുള്ള ഏക മാർഗ്ഗമായ 'തന്റെ പുത്രനിൽ വിശ്വസിക്കുക' എന്ന് ലോകത്തിന് മുമ്പിൽ സുവിശേഷത്തിലൂടെ അവതരിപ്പിക്കുകയാണ്.

ദൈവം തന്നെയാകുന്ന ദൈവപുത്രനാണ് സർവ്വമനുഷ്യന്റെയും പാപങ്ങൾ ചുമന്നൊഴിഞ്ഞവൻ (റോമ.5:10, എബ്രാ.1:3). ഇത് ദൈവത്താൽ മാത്രം സാധ്യമായ കാര്യമാണ്; ആകയാൽ "ദൈവത്തിൽ വിശ്വസിക്കുക" (യോഹ.14:1.

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

പാ. രാധാകൃഷ്ണൻ

എബ്രാ.6:1). എന്നാൽ, ദൈവം അവന്റെ പൂർണ്ണതയിൽ വെളിപ്പെട്ടവനായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ് തീർത്തും വിശ്വാസയോഗ്യം (യോഹ.1:18, കൊളോ.1:15, 2:9). അവിടുത്തെ വചനത്തിൽ – സുവിശേഷത്തിൽ വിശ്വസിക്കുക എന്നാൽ വിശ്വാസത്തിന്റെ നായകനായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതുതന്നെയാണ്; അത് ദൈവത്തിൽ വിശ്വസിക്കുക എന്നതു തന്നെ (2 യോഹ.9–10). വേദപുസ്തകം അസന്നിഗ്ധമായി പറയുന്നു "വിശ്വാസംകൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല" (എബ്രാ.11:6). വീണ്ടും, ദൈവത്തെ പ്രസാദിപ്പിക്കുമാറുള്ള ദൈവവിശ്വാസം എങ്ങനെയാണ്? ഉത്തരം "ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി അവനയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതാകുന്നു" (യോഹ.6:29). യേശുക്രിസ്തു ദൈവമാണെന്ന് അനവധി നിരവധി വചനങ്ങളിലൂടെ നാം കേൾക്കവെ, 'ദൈവം അയച്ചവൻ' എന്നെങ്ങനെ അവിടുത്തെക്കുറിച്ച് പറയുന്നു? ദൈവം സർവ്വവ്യാപിയും, സർവ്വശക്തനും, സർവ്വജ്ഞാനിയും ആണ്. "അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല താനും. അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്" (അപ്പൊ.17:27–28) എന്ന് പൗലൊസ് ജാതികളെയും പ്രബോധിപ്പിക്കുന്നു.

എന്നാൽ, പാപത്താൽ ഉൾക്കണ്ണടഞ്ഞുപോയ, കേൾവി നഷ്ടമായ മനുഷ്യന് ഇതൊന്നും അറിയുക സാധ്യമല്ല; 'പിശാച് അവരെ അന്ധമാക്കിയിരിക്കുന്നു' എന്നും വചനം പറയുന്നു (2 കൊരി.4:4). "ലോകം മുഴുവൻ ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു" (1 യോഹ.5:19). ഈ വേളയിലാണ്, പാപത്താൽ മരിച്ചുപോയ (ആത്മീകമായി, ഒടുവിൽ നിത്യമായും) മനുഷ്യന്റെ അന്ധതയും ബധിരതയും ഊമയായ അവസ്ഥയും കൈകാലുകൾ തളർന്ന അവസ്ഥയും കുഷ്ഠവും കൂനിയ അവസ്ഥയും, മരണവും നീക്കാൻ പാപമോചനം ലഭിക്കുവാൻ, താൻ ചെയ്ത പാപത്തിന് തനിക്ക് പാപപരിഹാരം വരുത്തുവാനൊ – പ്രായശ്ചിത്തയാഗം നടത്തുവാനൊ സാധിക്കാതിരിക്കെ, ദൈവത്തിന് അസ്വീകാര്യമായതിനാലും മനുഷ്യന് പകരമായി – പ്രതിനിധിയായി സാക്ഷാൽ 'ഇടയനാകുന്ന ദൈവം' (സങ്കീ.23:1, യോഹ.10:11) തന്റെ ജനമാകുന്ന അജഗണങ്ങൾക്കായി ഒരു യാഗമർപ്പിക്കാനുള്ള ആടായി (യോഹ.1:29) മനുഷ്യവേഷത്തിൽ വന്നത് (ഫിലി.2:8), യാഗമായി പാപപരിഹാരം വരുത്തിയതും മരിച്ചടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് സകലത്തിനും മീതെ "എന്നേക്കും ദൈവമായി വാഴ്ത്തപ്പെട്ടവനായിട്ട്" (റോമ.9:5) ഇരിക്കുന്നതും.

ലോകം, കണ്ട് വിശ്വസിക്കുന്ന വിശ്വാസമാണ് അനുവർത്തിക്കുന്നത്; എന്നാൽ വേദപുസ്തകത്തിലുള്ള വിശ്വാസം, വിശുദ്ധന്മാരുടെ വിശ്വാസം "കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള നിശ്ചയം (എബ്രാ.11:1) പ്രാപിച്ച വിശ്വാസമാണ്; "കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിഞ്ഞുള്ള" (സങ്കീ.34:8) വിശ്വാസമാണ്. കാണാത്ത കാര്യങ്ങളെ വിശ്വസിക്കുക എന്നതല്ല – ദൈവം ആവശ്യപ്പെടുന്ന വിശ്വാസം; എന്നാൽ, പരിശുദ്ധാത്മാവിനാൽ വചനത്തിന്റെ വെളിപാട് ലഭിച്ച ഒരു വ്യക്തിക്ക് ദൈവദർശനം പ്രാപിക്കുവാൻ സാധിക്കുന്നു, അത് വിശ്വാസമായി പരിണമിക്കുന്നു (റോമ.10:17, എബ്രാ.4:2,3). ആകയാൽ എന്താണ് മുകളിൽ ഉദ്ധരിച്ച വിശ്വാസം? ഒരു മനുഷ്യന്റെ – ഏത് മനുഷ്യന്റെയും സമ്പൂർണ്ണരക്ഷയ്ക്കുള്ള പായ്ക്കേജാണ് യേശുക്രിസ്തുവിലുള്ള വിശ്വാസം. ക്രിസ്തുവിലുള്ള വിശ്വാസത്താലാണ് 'നീതീകരിക്കപ്പെടുന്നത്' (റോമ.5:1, 3:21,25, 9:30, ഗലാ.2:16). യേശുവിൽ വിശ്വസിക്കുന്നവർക്കാണ് "ദൈവത്തോട് സമാധാനം" (റോമ.5:1); യേശുവിൽ വിശ്വസിക്കുന്നവർക്കാണ് "നിത്യജീവൻ ലഭിക്കുക (യോഹ.3:36, 5:24, 11:26). ക്രിസ്തുവിൽ വിസ്വസിക്കുന്നവർക്കാണ് പാപമോചനവും അവകാശവും (അപ്പൊ.26:18), ആത്മരക്ഷയും (റോമ.1:16, 9:9,10, 2 തിമൊ.3:15). യേശുവിൽ വിശ്വസിക്കുന്നവർ "ദൈവത്തിന്റെ പുത്രന്മാരാകുന്നു" (ഗലാ.3:26). യേശുവിൽ വിശ്വസിക്കുന്നവർക്കാണ് വീണ്ടുംജനനത്തിലൂടെ ദൈവമക്കളാകുവാൻ സാധിക്കുക (1 യോഹ.5:1, യോഹ.1:12). യേശുവിൽ വിശ്വസിക്കുന്നവർക്കാണ് ലോകത്തെ ജയിക്കുവാൻ സാധിക്കുക (1 യോഹ.5:5), യേശുവിൽ വിശ്വസിക്കുന്നവർക്കാണ് പരിശുദ്ധാത്മാവിനെ ലഭിക്കുക (യോഹ.7:39, 14:26, തീത്തോ.3:6, അപ്പൊ.2:38, യോഹ.1:33), യേശുവിൽ വിശ്വസിക്കുന്നവർക്കാണ് വിശുദ്ധീകരണം (1 കൊരി.6:11, 2 തെസ്സ.2:13, എബ്രാ.10:10).

ഒരു ദൈവമനുഷ്യൻ ഭൂമിയിൽ ക്രിസ്തുവിന്റെ പ്രതിനിധിയാണ്; ദൈവം തന്റെ പ്രവൃത്തികൾക്കായി തിരെഞ്ഞെടുത്ത ഉപകരണമാണ് അവൻ. "ദൈവത്തിന് സകലവും

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

## പാ. രാധാകൃഷ്ണൻ

സാധ്യം" (മത്താ.19:26) എന്നത് "വിശ്വസിക്കുന്നവന് സകലവും കഴിയും" (മർക്കോ.9:23) എന്ന അവസ്ഥാന്തരത്തിലേക്ക് വരുമ്പോൾ ഒരു വിശ്വാസിയുടെ ശ്രേഷ്ഠപദവി എത്രമാത്രം ശ്രദ്ധാർഹമാണ്! ഇവിടെ "പ്രാർത്ഥനയിൽ യാചിക്കുന്ന എന്തും ലഭിച്ചു" എന്ന ഉറപ്പുമാണ് വിശ്വാസം (മർക്കോ.11:24). ദൈവപുത്രനിലൂടെ സംലഭ്യമാകുന്ന പുത്രത്വത്തിന്റെ ആത്മാവിൽ നിറഞ്ഞവർക്ക്, ബലപ്പെട്ടവർക്ക് കൃപാവരങ്ങളെ ഉപയോഗിക്കുവാൻ കർത്താവ് കഴിവ് നൽകുന്നു (1 കൊരി.12:7–11). ഇതേ ആത്മാവിനാൽ ക്രിസ്തുവിനെ സാക്ഷിക്കുവാൻ ആത്മാവിന്റെ ഫലങ്ങളായും ഒരുവനിൽ നിന്നും പുറപ്പെടണം, ഇത് വിശ്വാസിയുടെ സ്വഭാവപ്രകടനമാകണം (ഗലാ.5:22,23). ഈ ഫലം സത്യവിശ്വാസിയിൽ എന്നേക്കും നിലനിൽക്കും. പരസ്പരം പൂരകങ്ങളായി വരദാന കൃപാവരങ്ങളെയും ഫലങ്ങളെയും ഉപയോഗിക്കുന്ന ഒരു വിശുദ്ധവിശ്വാസിയിലൂടെ ക്രിസ്തുവിന്റെ നാമം മഹത്വപ്പെടുന്നു – ഇത് യേശു പ്രവർത്തിച്ച അതേ രീതി തന്നെയാണ്. "വിശ്വാസത്താൽ ജീവിക്കുന്ന നീതിമാന്" (ഹബ.2:4, റോമ.1:17, ഗലാ.3:11, എബ്രാ.10:38) തേജോമയമായ ഒരുദിനത്തിൽ നീതിയുടെ കിരീടം കർത്താവ് നൽകും (2 തിമൊ.4:8).

### സ്വാതന്ത്ര്യത്തിന്റെ തികവുറ്റ ന്യായപ്രമാണം

നീതിയും ന്യായവും പ്രവർത്തിക്കുന്ന ഒരു മനുഷ്യകുലത്തെയാണ് ദൈവം വേദപുസത്കത്തിൽ വിഭാവനം ചെയ്യുന്നത്. പ്രസ്തുത വ്യവസ്ഥിതിയെ പ്രത്യേകിച്ചും നിഷ്ക്കർഷിക്കേണ്ടതായ അവസ്ഥയില്ലാതിരുന്ന ഒരു നിഷ്പാപയുഗം ആദിയിൽ ഉണ്ടായിരുന്നു. എന്നാൽ അന്നും പാപമെന്തെന്നറിയാത്ത ദൈവസ്വഭാവമുള്ള പുരുഷന്റെയും സ്ത്രീയുടെയും പിന്നാമ്പുറത്ത് പാപം പതിയിരിപ്പുണ്ടായിരുന്നു താനും. പാപമറിയാത്തതിനാലും ചെയ്യാതിരുന്നതിനാലും ഒരു ലിഖിത നിയമവ്യവസ്ഥ – ദൈവത്താൽ മനുഷ്യന് നലകപ്പെട്ടിരുന്നില്ല. എങ്കിലും ദൈവത്തിന്റെ മുന്നറിവിനാൽ, മനുഷ്യനോട് ചിലത് ചെയ്യേണ്ടുന്നതിനായും ചിലത് 'അരുത്' എന്നുമുള്ള കല്പനവാക്കാൽ നൽകാതിരുന്നിട്ടുമില്ല.

നിയമം ഒരു നിശ്ചിതവ്യവസ്ഥിതിയുള്ള സമൂഹത്തിനാണാവശ്യം, ഒരു രാജ്യത്തിനാവശ്യം. പാപമുള്ളിടത്താണ് നിയമം ആവശ്യം. നിയമം ഒന്നുകിൽ കല്പനയുടെ രൂപത്തിലൊ അല്ലെങ്കിൽ അരുതെന്നുള്ള നിഷേധരൂപത്തിലൊ ഉള്ള ഒരു ചട്ടമാണ്. അനുസരിക്കുവാനും നിഷേധിക്കുവാനും സാധിക്കുന്നതാണ് നിയമം. നിയമലംഘനമാണ് അഥവാ കല്പനാലംഘനമാണ് പാപം. പാപം സകല മനുഷ്യനിലും ആത്മീകമരണം ഉളവാക്കിയെങ്കിലും, ദൈവം അബ്രഹാമിലൂടെ വിളിച്ച് വേർതിരിച്ച ഒരു ജനത്തിന്, പിന്നീട് മോശെ വഴി മിസ്രയീമ്യ അടിമത്തത്തിൽ നിന്നും വിടുവിക്കപ്പെടുത്തികൊണ്ടുവന്നപ്പോഴാണ് ന്യായപ്രമാണം നൽകിയത് (സങ്കീ.147:19,20, റോമ.9:4).

ന്യായപ്രമാണം നിയമങ്ങളും കല്പനകളുമാണ്. എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കവെ ആദം മുതൽ മോശെ വരെ പാപത്തെ കണക്കിട്ടിരുന്നില്ല (റോമ.5:13). കാരണം നിയമം നൽകപ്പെടാതിരിക്കുന്നിടത്ത് നിയമം ലംഘിച്ചു എന്ന് പറയാനാവില്ല. ന്യായപ്രമാണം ഇല്ലാത്തിടത്ത് ലംഘനവുമില്ല (റോമ.4:15). ന്യായപ്രമാണം ദൈവജനത്തിന് പാപത്തിൽനിന്നുള്ള വിടുതലിന് അഥവാ രക്ഷയ്ക്ക് അഥവാ നീതീകരണത്തിനുള്ള ശാശ്വതപരിഹാരമായിരുന്നില്ല. ന്യായപ്രമാണത്താൽ പാപത്തെക്കുറിച്ചുള്ള പരിജ്ഞാനം മാത്രമാണ് വന്നത് (റോമ.3:20). നിയമത്തിന്റെ ലക്ഷ്യം പാപിയെ രക്ഷകനിലേക്ക് കൊണ്ടുവരിക എന്നതാണ് (ഗലാ.3:24). പാപി രക്ഷകനേ അന്വേഷിച്ച് പോകുന്നില്ല, കാരണം അവന് പാപബോധമൊ രക്ഷാപരിജ്ഞാനമൊ ഇല്ല. ദൈവത്തിന്റെ സ്നേഹസമീപനമാണ് അഥവാ കൃപയാണ് അവന് രക്ഷ നൽകുക. പാപം ചെയ്ത് മന:സ്സാക്ഷിയിൽ പാപബോധമുണർന്ന് (റോമ.2:14,15) ഒളിച്ചിരുന്ന ആദത്തെയും അവന്റെ ഭാര്യയെയും ദൈവം തോലുകൊണ്ട് ഉടുപ്പുണ്ടാക്കി ഉടുപ്പിച്ചു. പാപത്തിന്റെ നഗ്നതയെ മറയ്ക്കുവാൻ ലോകസ്ഥാപനം മുതൽക്കേ അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തത്താലേ സാധിക്കൂ (വെളി.13:8, ഉല്പ.3:21).

"ദൈവത്തിൽ വിശ്വസിക്കുക എന്നിലും വിശ്വസിക്കുക" (യോഹ.14:1, എബ്രാ.6:1) എന്നത് നിത്യമായ നിലനിൽപ്പിന്റെ അടിസ്ഥാനരക്ഷയ്ക്കായുള്ള ദൈവവ്യവസ്ഥയുമാണ്. പഴയനിയമത്തിൽ പിതാവും, പുതിയനിയമത്തിൽ പുത്രനും എന്നതല്ല ദൈവം; ദൈവം പഴയതും പുതിയതും അല്ല, ദൈവം നിത്യനാണ്. ദൈവം ആത്മാവാകയാലും (യോഹ.4:24) ദൈവം വചനമാകയാലും (യോഹ.1:2) പാപത്താൽ

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

പാ. രാധാകൃഷ്ണൻ

ഉൾക്കണ്ണടഞ്ഞുപോയ, കേൾവി നഷ്ടപ്പെട്ട മനുഷ്യന് ദൈവത്തെ കാണാനൊ കേൾക്കാനൊ സാധിക്കുന്നതെങ്ങനെ? (യേശ.64:4). അവൻ ആത്മീയമായി മരിച്ചവനല്ലേ? (യെഹ.18:20, ഉല്പ.3:7). എന്നാൽ വിശുദ്ധകല്പനകളെ (റോമ.7:12) ലംഘിച്ച് പാപത്തിലകപ്പെട്ട (റോമ.3:22,23) മനുഷ്യനെ തേടിവന്ന ദൈവകൃപ അവനെ രക്ഷയുടെ വിശ്വാസത്തിലേക്ക് കൈപിടിച്ച് കയറ്റി. ന്യായപ്രമാണം ലഭിക്കുംമുമ്പെ ദൈവകൃപ മനുഷ്യനെ തേടി വന്നിരുന്നതിന്റെ വിശ്വാസസാക്ഷ്യം എബ്രാ.11-ൽ കാണാം. സുവിശേഷത്തിന്റെ പടിവാതിൽക്കലോളം എത്തിനിൽക്കുന്ന ന്യായപ്രമാണത്തിനൊരിക്കലും യിസ്രയേലിന് ദൈവം നൽകിയ പുത്രത്വം ഉൾപ്പെടെയുള്ള വാഗ്ദത്തനിവർത്തി വരുത്തുവാൻ സാധ്യമല്ല.

മോശെ വഴി ന്യായപ്രമാണം നൽകിയ ക്രിസ്തു തന്നെയാണ് (1 പത്രൊ.1:10) യേശുവായി വന്ന് ന്യായപ്രമാണത്തെ നിവർത്തിച്ചത്. "മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്." ഈ വചനത്തിന്റെ തെളിവാണ് ന്യായപ്രമാണ നിവർത്തിയും വിശ്വാസവും മാർഗ്ഗവും. ബലഹീനതയാൽ മനുഷ്യർക്ക് ഇത് അസാധ്യമാണ്, ദൈവത്തിന്റെ വിശുദ്ധ കല്പനകളെ വള്ളി പുള്ളി തെറ്റാതെ ചെയ്ത് നിവർത്തിക്കുവാൻ! എന്നാൽ യേശു നമ്മുടെ സ്ഥാനത്ത് ബലഹീനതയിൽ ക്രൂശിക്കപ്പെട്ട്, ബലത്തോടെ ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു, വിശ്വസിക്കുന്നവർക്ക് ബലത്തോടെ ജീവിക്കാൻ. പാപത്താലുള്ള മരണത്തിന് പ്രതിവിധിയായി നിത്യജീവനെ, തന്റെ ഉയിർപ്പിൽ നൽകുന്നു.

**1. എന്താണ് ന്യായപ്രമാണം?**

ദൈവം അബ്രഹാമിലൂടെ വിളിച്ച് വേർതിരിച്ച് (ഉല്പ.20:10,12, 18:19) യാക്കോബിൽ യിസ്രായേൽ എന്നു പേർ വിളിച്ച (പുറ.35:10) പിന്നീട് മിസ്രയീമിലെ നീണ്ട അടിമത്തത്തിനുശേഷം ദൈവം മോശെ വഴി വിടുവിച്ച (പുറ.20:21, അപ്പൊ.7:35,36) യിസ്രായേൽ ജനത്തിന്, അബ്രഹാം മുഖാന്തരവും ദാവീദ് മുഖാന്തരവും സന്തതിയെയും ദേശത്തെയും അധിപതിയെയും നല്കുമെന്ന വാഗ്ദത്തം നല്കി (ഉല്പ.17:2-8, 12:7, 13:15, 2 ശമു.7:12). വാഗ്ദത്തസന്തതി വരുവോളം പാപത്താലുള്ള ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മോശ വഴി യിസ്രായേൽജനത്തിന് ദൈവം നൽകിയതുമായ (ഗലാ.3:19) പൗരസംബന്ധമായതും അനുഷ്ഠാനപരവും ധാർമ്മികതയുമായ നിയമത്തെ (TORAH) യാണ് ന്യായപ്രമാണം എന്ന് വിളിക്കുന്നത് (റോമ.9:4, യോഹ.1:17, സങ്കീ.147:19, റോമ.3:20). നിയമം, ദൈവം വിശുദ്ധിയെ ആവശ്യപ്പെടുന്നു എന്ന് കാണിക്കുന്നു. ദുഷ്ടജനത്തിൽ നിന്നും പാപത്തിൽ നിന്നും വേർതിരിക്കാനാണ് നിയമം നൽകിയത്. ആകയാൽ ന്യായപ്രമാണം ആത്മീകവും വിശുദ്ധവുമാണ് (റോമ.7:14,12).

**2. ന്യായപ്രമാണം ദൈവകല്പിതവും വിശുദ്ധവുമെങ്കിൽ എന്തുകൊണ്ടാണ് അതിനാൽ മനുഷ്യന് രക്ഷ ലഭിക്കാതെ പോയത്?**

ന്യായപ്രമാണം പാപത്തെക്കുറിച്ചുള്ള പരിജ്ഞാനം നൽകുന്നതിനാണ് ദൈവം കല്പിച്ചേകിയത് (റോമ.3:20). ഇത് ഇന്നത് ചെയ്യണമെന്നും ഇന്നത് ചെയ്യരുതെന്നുമുള്ള നിയമവും ജഡസംബന്ധമായ കല്പനയുടെ പ്രമാണവും (എബ്രാ.7:15) ആകയാൽ, പാപിയും ജഡത്തിൽ ബലഹീനതയുള്ളവനുമായ മനുഷ്യന് (റോമ.8:3) ദൈവത്തിന്റെ വിശുദ്ധനിയമങ്ങളെ അനുസരിച്ച് നിവർത്തിക്കുവാൻ സാധ്യമല്ല. ഇതിന് രണ്ടാമതൊരു കാരണവും മതിയായ ഉത്തരവും ഉള്ളത് ന്യായപ്രമാണം നൽകപ്പെട്ടത് യഹൂദജനത്തിന് മാത്രമാണ്. അങ്ങനെയെങ്കിൽ പാപബോധമോ സത്യപരിജ്ഞാനമൊ ഇല്ലാത്ത സകലജാതികളുടെയും ഭാവിയെന്ത്? ആകയാൽ വിശ്വസിക്കുന്ന ഏവർക്കും നീതി ലഭിക്കുവാൻ ക്രിസ്തു ന്യായപ്രമാണത്തെ നിവർത്തിച്ചു (റോമ.10:4, 3:21, 1 കൊരി.1:30). യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും സുവിശഷത്താൽ രക്ഷ ലഭിക്കുകയും ചെയ്യുന്നു.

**3. ന്യായപ്രമാണത്താൽ ഒരു മനുഷ്യനും രക്ഷയും നീതീകരണവും ഇല്ലെന്നിരിക്കുകയും വിശ്വാസത്താലാണ് രക്ഷ എന്നിരിക്കയും ന്യായപ്രമാണത്തിന് ഇനി യാതൊരു പ്രസക്തിയുമില്ലെന്നോ?**

യേശുക്രിസ്തു ന്യായപ്രമാണത്തിന്റെ അസാധ്യതകളിൽ നിന്നും മനുഷ്യനെ വിടുവിച്ചത്, സ്വാതന്ത്ര്യം നൽകിയത്, വിശ്വസിക്കുന്ന ഏവർക്കും പ്രതിനിധിയായി അത് ചെയ്ത് നിവർത്തിച്ചതിനാലാണ്. ഇതുവഴി മനുഷ്യന് ലഭിക്കുന്ന സമ്പൂർണ്ണ വിടുതലും നിത്യജീവനും യേശുവിലാണ്. ഈ

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

**പാ. രാധാകൃഷ്ണൻ**

സദ്വാർത്തയിലും രക്ഷകനായ യേശുവിലും വിശ്വസിക്കുന്നവർക്ക് ഒരു പുതിയ പ്രമാണം–വിശ്വാസപ്രമാണം സംലബ്ധമാകുകയാണ് (റോമ.3:27) രക്ഷ വിശ്വാസത്താൽ മാത്രം. എന്നാൽ, യേശുവിൽ വിശ്വസിക്കാത്തവൻ യേശുവിൽ ആകാത്തവൻ മറ്റൊരു പ്രമാണത്തിൻ കീഴിലാണ്; യഹൂദനെങ്കിൽ ന്യായപ്രമാണത്തിൻ കീഴിലും. വീണ്ടും ജനിക്കാത്ത, പരിശുദ്ധാത്മാവിന്റെ അഭിഷേകശക്തി ലഭിക്കാത്ത ഏവനും പാപത്തിന്റെ അടിമയാണ്.

ഒരു വിശ്വാസി രക്ഷയിലേക്ക് വന്നവനെങ്കിലും ആത്മാവിനനുസരിച്ച് നടക്കുന്നില്ലായെങ്കിൽ (റോമ.8:13) പാപം ചെയ്യും. മനുഷ്യൻ ജീവനോടിരിക്കുന്ന കാലത്തൊക്കെ ന്യായപ്രമാണത്തിന് അവന്റെമേൽ അധികാരമുണ്ട് (റോമ.7:1). ഒരു വിശ്വാസിയുടെ ആത്മാവാണ് വീണ്ടും ജനിക്കുന്നത്; ജഡം വീണ്ടും ജനിച്ചിട്ടില്ല. ആകയാൽ ഞാൻ ആഗ്രഹിക്കാത്തത് ചെയ്യുന്നുവെങ്കിൽ ന്യായപ്രമാണം നല്ലത് എന്ന് വരുന്നു (റോമ.17:16). പാപബോധമുണ്ടാകുകയും കർത്താവിനോട് ഏറ്റുപറയുവാനും സാധിക്കുന്നു. ഒരു വിശ്വാസിക്ക് ക്രിസ്തുവിന്റെ ന്യായപ്രമാണ നിവർത്തിയിൽ നീതി ലഭിച്ചുകഴിഞ്ഞു. എന്നാൽ, ന്യായപ്രമാണമൊ നീതിമാനല്ല സകല പാപത്തിലും അകപ്പെട്ടിരിക്കുന്ന മനുഷ്യർക്കായി ഇന്നും നിലനിൽക്കുന്നു. (1 തിമൊ.1:8–10). "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവർത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല" (മത്താ.5:18). യേശു, വിശ്വസിക്കുന്ന ഏവർക്കും നീതിക്കായി ന്യായപ്രമാണത്തെ നിവർത്തിച്ചു; എന്നാൽ ന്യായപ്രമാണത്തെ നീക്കിയിട്ടില്ല; അഭക്തരായ സകല മനുഷ്യർക്കുമായി വെച്ചിരിക്കുന്നു.

**4. ന്യായപ്രമാണപുസ്തകത്തിലെ ഏറ്റവും വലിയ കല്പനയേതാണ്? ഈ കല്പനക്ക് പുതിയനിയമത്തിൽ പ്രസക്തിയില്ലേ?**

ആവ.6:5–ലാണ് ഇതുള്ളത്. "നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹക്കണം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" (ലേവ്യ.19:18). തന്നെ പരീക്ഷിച്ച് ചോദിച്ച പരീശന്മാരോട് യേശു ഉത്തരം പറഞ്ഞതും ഇതേ വചനം തന്നെ (മത്താ.22:36–40). എന്നാൽ യേശു ഇതിൽ ഒന്ന് ചേർത്ത് പറഞ്ഞത്: "പൂർണ്ണാത്മാവോടുകൂടി സ്നേഹിക്കുക" എന്നതാണ്. ആവ.6:5 പറഞ്ഞത് പൂർണ്ണശക്തിയോടെ സ്നേഹിക്കണം എന്നാണ്. ഇത്, നിന്റെ അദ്ധ്വാനവും വിലയും എല്ലാം ദൈവത്തിനായി ഉപയോഗിക്കുക എന്നതാണ് അർത്ഥം ലഭിക്കുക. പഴയനിയമത്തിൽ പൂർണ്ണ ആത്മാവോടെ സ്നേഹിക്കാൻ പറയാതിരുന്നത്, ആരിലും പൂർണ്ണമായി ആത്മാവ് വന്നിരുന്നില്ല എന്നതുകൊണ്ടാണ് (യെഹ.36:26, യോവേ.2:28, യോഹ.7:39, ലൂക്ക.24:49, അപ്പൊ.1:4–8). യേശു ന്യായപ്രമാണത്തെ നിവർത്തിച്ചത് പരിശുദ്ധാത്മാവിൽ ആണ് (മത്താ.3:16, 1 തിമൊ.3:16). യേശു മുഖ്യ കല്പന ഏതെന്ന് പറഞ്ഞതിനുശേഷം കൂട്ടിച്ചേർത്തത് "ഈ രണ്ട് കല്പനകളിൽ ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നാണ്" (മത്താ.22:40). പുതിയനിയമത്തിലാണ് ദൈവകല്പനയുടെ പൂർത്തീകരണം നടന്നതിന്റെ ജയോത്സവം കൊണ്ടാടുന്നത്. വിശ്വസിക്കുന്ന ഏവരുടെയും രക്ഷയ്ക്കായ് പുത്രനായ ദൈവം പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടുംകൂടി പിതാവിന്റെ മുമ്പിൽ നിവർത്തിച്ചു; നമ്മെ പ്രതി പിതാവിനത് പ്രസാദകരമായി (യോഹ.3:16). പുതിയനിയമത്തിൽ ഇതിന്റെ പ്രസക്തിയെക്കുറിച്ച്, യേശുവിന്റെ മാറിൽ ചാരിയ, താൻ ഏറ്റവും സ്നേഹിച്ചവനായ യോഹന്നാൻ അപ്പൊസ്തലൻ പറയുന്നത് കേൾക്കുക. "പ്രിയമുള്ളവരെ, ഒരു പുതിയ കല്പനയല്ല ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയാകുന്നു ഞാൻ നിങ്ങൾക്ക് എഴുതുന്നത് .......... പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് എഴുതുന്നു എന്നും പറയാം."

ക്രിസ്തു ന്യായപ്രമാണത്തെ പൂർത്തീകരിക്കുകയും വിശ്വസിക്കുന്ന ഏവരിലേക്കും സ്നേഹത്തിന്റെ ആത്മാവിനെ അയച്ച് (റോമ.5:5) ന്യായപ്രമാണത്തിന്റെ സമ്പൂർത്തി പകർന്നു തരുന്നു. ക്രിസ്തുവിന്റെ ക്രൂശിതമരണത്തിലും അടക്ക ഉത്ഥാനങ്ങളിലും വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് അവന്റെ ആത്മാവിനെ പകർന്നുകിട്ടുന്നു. "നിങ്ങൾ തമ്മിൽ സ്നേഹിക്കണം എന്നു ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ സ്നേഹിക്കണം" (യോഹ.13:34). മറ്റുള്ളവരെയും സ്നേഹിക്കണം (മത്താ.5:46) 'ന്യായപ്രമാണത്തിന്റെ തികവ്' (യാക്കോ.1:25) നാം

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

**പാ. രാധാകൃഷ്ണൻ**

ഇതിലൂടെ അനുഭവിക്കുന്നു; നിത്യതയ്ക്കായി യോഗ്യരാക്കപ്പെടുന്നു (ലൂക്ക.10:25,28). ദൈവത്തെ സ്നേഹിക്കുന്നതിലൂടെ അഥവാ അവിടുത്തെ വചനം പാലിക്കുന്നതിലൂടെ അന്യോന്യം സ്നേഹിക്കുന്നതിലൂടെ, അന്യനെ സ്നേഹിക്കുന്നതിലൂടെ, ന്യായപ്രമാണം നമ്മിൽ പരിപൂർത്തിയടയുന്നു (യോഹ.14:23, 1 യോഹ.4:12, 1 യോഹ.5:3, റോമ.13:8–10).

**5. പുതിയനിയമപുസ്തകത്തിൽ കാണുന്ന വിശ്വാസപ്രമാണവും ആത്മാവിന്റെ പ്രമാണവും എന്തെന്ന് വ്യക്തമാക്കാമൊ?**

മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു (റോമ.3:28) എന്നുള്ളതാണ് വിശ്വാസപ്രമാണം. ന്യായപ്രമാണത്തെ ഉൾക്കൊള്ളുന്ന തിരുവെഴുത്തുകൾക്ക് ജീവൻ പകർന്ന് ജീവൽ പ്രമാണവും സ്നേഹപ്രമാണവുമാക്കി അതിനെ മാറ്റിയത് പരിശുദ്ധാത്മാവാണ്. ക്രിസ്തുയേശുവാണ് ന്യായപ്രമാണത്തെ ആത്മാവിന്റെ പ്രമാണമാക്കി മാറ്റിയത് (റോമ.8:2). വിശ്വാസിയുടെ ഹൃദയഫലകത്തിൽ എഴുതപ്പെടുന്ന പുതിയനിയമത്തെ പ്രമാണിച്ച് അനുഷ്ഠിക്കുമാറുള്ള അഭിഷേകം യേശുവിന്റെ ആത്മാവിനാൽ ലഭിക്കുന്നു (യെഹ.36:27, വെളി.1:3, റോമ.2:13). ആത്മാവിനാൽ വചനപ്രകാരം നടക്കുവാനും, പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും, നന്മ ചെയ്യുവാനും അഥവാ ഇതെല്ലാം ഒന്നായിച്ചേർന്ന വിശുദ്ധസ്നേഹത്തിൽ നടക്കുവാനും സാധിക്കുന്നു. ഇത് നിത്യതയിലേക്കുള്ള വിശുദ്ധപാതയാണ് – ഇതു തന്നെയാണ് വിസ്വാസപ്രമാണവും, ആത്മാവിന്റെ പ്രമാണവും – ആത്മാവിലും സത്യത്തിലുമുള്ള ആരാധനയും.

**6. "എന്റെ വചനത്തിൽ നിലനിന്നാൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും"എന്ന് യേശു തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് പറഞ്ഞപ്പോൾ പഴയനിയമ ഉപദേശങ്ങൾ തന്റേതല്ലെന്നും പുതിയനിയമ ഉപദേശം മാത്രമാണ് തന്റേതെന്നുമാണോ യേശു ഉദ്ദേശിക്കുന്നത്?**

പഴയനിയമഭക്തർക്ക് ലഭിച്ച ന്യായപ്രമാണത്തെ ശിശുപാലകൻ എന്നാണ് വേദപുസ്തകം വിളിക്കുന്നത് (ഗലാ.3:24). ന്യായപ്രമാണത്തിലൂടെ അവർക്ക് ഭാഗികമായ കാര്യങ്ങൾ മാത്രമാണ് ലഭിച്ചിരുന്നത് (ആവ.29:28). ബാഹ്യവും പ്രാഥമികവുമായ കാര്യങ്ങളാണ് അവർക്ക് ചെയ്യുവാനുണ്ടായിരുന്നത് (ഹെ.ബ്രാ.7:15). എന്നാൽ അവയ്ക്കുള്ളിൽ വെളിപ്പെടുവാനിരിക്കുന്ന മർമ്മങ്ങൾ ഉണ്ടായിരുന്നു. സത്യത്തിന്റെയും ജ്ഞാനത്തിന്റെയും സ്വരൂപമാണ് ന്യായപ്രമാണത്തിൽനിന്നും അവർക്ക് ലഭിച്ചിരുന്നത്. ആന്തരികമായി മറഞ്ഞിരിക്കുന്ന ഉന്നതമായ കാര്യങ്ങൾ അവർക്ക് എന്നാൽ വെളിപ്പെട്ടിരുന്നില്ല. വിരിയുന്നതിനുമുമ്പെയുള്ള ഒരു താമരമൊട്ടിനെയാണ് അവർ കണ്ടത്. അത് വിടർന്നിരുന്നില്ല. പുതിയനിയമസത്യങ്ങൾ നിത്യതയോളം കൊണ്ടെത്തിക്കുന്ന ആഴമേറിയ വെളിപ്പാടുകളാണ്. ക്രിസ്തുവിൽ മാത്രമാണ് ഇത് ലഭിക്കുന്നത്. മറഞ്ഞിരുന്ന യഹോവ വെളിപ്പെട്ടവനാണ് ക്രിസ്തു. ആത്മാവിന്റെ തലത്തിലുള്ള സമ്പൂർണ്ണമായ പഠനം (ആത്മാവ്, ദേഹി, ദേഹം) ക്രിസ്തുയേശുവിൽ പുതിയനിയമത്തിലാണുള്ളത് – പഥ്യോപദേശങ്ങളിൽ. എന്നാൽ, ഗുരുകുലത്തിലെ ശിശുക്കളുടെയും ഗുരുവും രക്ഷിതാവും ക്രിസ്തു തന്നെയായിരുന്നു. ന്യായപ്രമാണം നൽകിയതും ക്രിസ്തു തന്നെ (1 പത്രൊ.1:10). എന്നാൽ ജീവന്റെയും നിത്യതയുടെയും ഉന്നതപാഠങ്ങൾ പുതിയനിയമത്തിലാണ് വെളിപ്പെട്ടത്. പഴയനിയമം ക്രിസ്തുവിലേക്ക് നയിച്ചു.

**7. യേശു യഹൂദന്മാരോട് 'നിങ്ങളുടെ ന്യായപ്രമാണത്തിൽ പറഞ്ഞിട്ടില്ലയോ' എന്നു പറയവെ ന്യായപ്രമാണം യേശുവിന്റേതല്ല, പുതിയനിയമ ഉപദേശങ്ങൾ മാത്രമാണ് തന്റേതെന്നാണൊ ഉദ്ദേശിക്കുക?**

പരീശന്മാരും ശാസ്ത്രിമാരും ന്യായപ്രമാണത്തെ വളച്ചൊടിച്ചിരുന്നു. കുരുടർക്ക് വഴികാട്ടുന്നവനും മൂഢരെ പഠിപ്പിക്കുന്നവരും ശിശുക്കൾക്ക് ഉപദേഷ്ടാവും ആയിരിക്കേണ്ടുന്നവർ, താൻ അങ്ങനെയാണെന്ന് കരുതിക്കൊണ്ട് വിപരീതമായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും അങ്ങനെ ന്യാപ്രമാണലംഘനത്താൽ ദൈവനാമദൂഷകന്മാരായി തീരുകയും ചെയ്തു (റോമ.2:19–24). പഠിപ്പിക്കുന്നവരെങ്കിലും അതിൽ പ്രവർത്തിക്കാത്തവരായിരുന്നു അവർ. അവർ അവർക്കുതന്നെ മറ്റൊരു ന്യായപ്രമാണം ഉണ്ടാക്കിയെടുക്കുകയായിരുന്നു. എന്നാൽ യഥാർത്ഥ ന്യായപ്രമാണം അവർക്ക് ഭരമേല്പിക്കപ്പെട്ടിരുന്നു. കുട്ടികൾ പാഠപുസ്തകത്തിലുള്ളത് തെറ്റായി പറയുകയൊ ഉത്തരമെഴുതി കാണിക്കുകയൊ ചെയ്യവേ "നിങ്ങളുടെ പുസ്ത

(ശേഷം 26–ാം പേജിൽ)

ജീവൻ നൽകിയ പ്രാർത്ഥന

# ജീവൻ നൽകിയ പ്രാർത്ഥന



**പ്രേംജിത്ത്  Ph: 9476051755**

എന്റെ പേര് പ്രംജിത്ത്. ആൻഡമാൻ നിക്കോബാർ ദ്വീപിൽ ഒരു കമ്പനിയിലെ N.G.O ആണ്. ഞങ്ങൾ കുടുംബമായി ഇവിടെ തന്നെയാണ് താമസം. കർത്താവായ യേശു, ദേവസ്യാ മുല്ലക്കരസാർ എന്ന ദൈവദാസനിലൂടെ എന്നെ മരണത്തിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന അത്ഭുത സാക്ഷ്യം ആത്മാഭിഷേകം വായനക്കാരുമായി പങ്കുവെയ്ക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ കത്തെഴുതുന്നത്. കഴിഞ്ഞ വർഷം അതായത് 2017 ഡിസംബർമാസം 27-ാം തീയ്യതി ഞാൻ എന്റെ കാർ വഴിയരികിൽ പാർക്ക് ചെയ്തിട്ട് റോഡ് മുറിച്ചുകടക്കുമ്പോൾ അമിതവേഗതയിൽ വന്ന ഒരു ബൈക്ക് എന്നെ ഇടിച്ചു തെറിപ്പിച്ചു. വീഴ്ചയുടെ ആഘാതത്തിൽ എന്റെ കാൽ ഒടിഞ്ഞു. ശരീരത്തിനും മറ്റേ കാലിനും സാരമായ പരിക്കും പറ്റി. ഇവിടുത്തെ ചികിത്സ ശരിയാകാത്തതുകൊണ്ട് ഞാൻ ചികിത്സയ്ക്കായിട്ട് കേരളത്തിലേക്ക് പോന്നു. ഇവിടെ തിരുവല്ല കുറ്റപ്പുഴയിലുള്ള കെ.പി യോഹന്നാൻ സാറിന്റെ ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിൽ ഓപ്പറേഷന് വിധേയനായി. രണ്ട് ഓപ്പറേഷൻ കഴിഞ്ഞിട്ടും ശരിയാകാത്തതിനാൽ മൂന്നാമതും ഓപ്പറേഷൻ ചെയ്തു. ഇത് ചെയ്തുകൊണ്ടിരിക്കുമ്പോൾ എനിക്ക് ഹാർട്ട് അറ്റാക്കുണ്ടായി. (cardiac arrest: sudden,unexpected loss of heart function) ഞാൻ കോമാ സ്റ്റേജിലായി. കാഴ്ച മങ്ങി ബോധം മറയുന്നതിനിടയിലും ഡോക്ടർമാർ പറയുന്നത് അവ്യക്തമായി ഞാൻ കേട്ടു. ലിവർ ഫംഗ്ഷൻ നിന്നു. കിഡ്നി രണ്ടും ഫെയിലിയറായി. പൾസ്റേറ്റ് ഇല്ലാതെയായി. രക്തചംക്രമണം നിലച്ചു. വെന്റിലേറ്റർ കണക്ഷൻ മാറ്റിയാൽ മരണം സ്ഥിരീകരിക്കാം. ഈ അവസ്ഥയിൽ ആയിരുന്ന എന്നിലേക്ക് ഒറ്റപ്രാർത്ഥന എന്റെ ജീവനെ തിരികെ കൊണ്ടുവന്നു.

എന്റെ ചേച്ചി ജർമ്മനിയിലാണ്. പേര് റോഷ്നി. അവിടെ നിന്ന് ചേച്ചി ദേവസ്യാ സാറിനെ വിളിച്ചു. എന്റെ അമ്മയ്ക്കും ചേച്ചിക്കും സാറിനെ നേരത്തെ അറിയാമായിരുന്നു. സാർ എനിക്കുവേണ്ടി ഫോണിലൂടെ പ്രാർത്ഥിച്ചു. അപകടമൊന്നും വരികയില്ലെന്ന് സാർ പറഞ്ഞു. പിന്നെ എന്താണ് സംഭവിച്ചതെന്ന് ഞങ്ങൾക്കുമറിയില്ല. എന്റെ ഹാർട്ടും ലിവറും പ്രവർത്തിക്കാൻ തുടങ്ങി. കിഡ്നിയും മെല്ലെ പ്രവർത്തനനിരതമായി. ബ്ലഡ് സർക്കുലേഷനും തുടങ്ങി. ഞാൻ ജീവിതത്തിലേക്ക് തിരിച്ചുവന്നു. ഒരു ഡോക്ടറുമല്ല എന്നെ സുഖപ്പെടുത്തിയത്; കർത്താവായ യേശുവാണ്. കുറച്ചുദിവസങ്ങളിലെ ചികിത്സയ്ക്കുശേഷം ഞാൻ ആശുപത്രി വിട്ടു. കാലിന്റെ ഫ്രാക്ചർ പൂർണ്ണമായും സുഖപ്പെട്ടിരുന്നില്ല. എങ്കിലും സ്റ്റിക്കുപയോഗിച്ചു നടക്കാൻ സാധിക്കുമായിരുന്നു. ഞാൻ ജോലിസ്ഥലത്തേയ്ക്ക് - ആൻഡമാനിലേക്ക് - തിരിച്ചുപോയി. 2018 ജൂൺമാസം 15-ാം തീയ്യതി കാലിന് നാലാമതൊരു ഓപ്പറേഷനുവേണ്ടി ഞാൻ കേരളത്തിലെത്തി. 17-ാം തീയ്യതി ഞായറാഴ്ച ദേവസ്യാ മുല്ലക്കരസാർ നേതൃത്വം കൊടുക്കുന്ന എറണാകുളത്തെ പാലാരിവട്ടം ചർച്ചിൽ ഞാൻ വന്നു. അവിടെ കൂടിയിരുന്ന അനേകം ദൈവമക്കളുടെ മുമ്പിൽ ഈ അത്ഭുത സാക്ഷ്യം ഞാൻ പങ്കുവെച്ചു. ആരാധനയ്ക്കുശേഷം സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഓപ്പറേഷന്റെ ആവശ്യമില്ലെന്ന് പ്രഖ്യാപിച്ചു. ഞാൻ പരിശോധനയ്ക്കായി വീണ്ടും മെഡിക്കൽ കോളേജിൽ പോയി. വിശദമായ പരിശോധനകൾക്കുശേഷം ഡോക്ടർ പറഞ്ഞു ഇപ്പോൾ ഓപ്പറേഷൻ ആവശ്യമില്ല.ഞാൻ ആൻഡമാനിലേക്ക് തിരിച്ചുപോന്നു. യേശുവേ അങ്ങേയ്ക്കൊരായിരം നന്ദി, സാറിനും ഞാൻ നന്ദി പറയുന്നു. ടീമിനെ കർത്താവ് അധികമധികമായി അനുഗ്രഹിക്കട്ടെ.

**For I will restore health to you And heal you of your wounds,' says the Lord,
'Because they called you an outcast saying:"This is Zion; No one seeks her." '
Jeremiah 30:17**

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

പാ. രാധാകൃഷ്ണൻ

(24-ാം പേജിൽ നിന്നും തുടർച്ച)

കത്തിൽ'' എന്താണ് ഉള്ളത്, എന്താണ് എഴുതിയിരിക്കുന്നതെന്ന് നോക്കൂ എന്ന് ഒരു അദ്ധ്യാപകൻ കുട്ടികളോട് പറയവെ, പാഠപുസ്തകം പഠിക്കാനായി അവർക്ക് നൽകിയതാണെന്നും അതിന്റെ യഥാർത്ഥ കർത്താവ് വിദ്യാഭ്യാസമേഖലയിലെ ഉന്നതാധികാരപീഠമാണെന്നുമുള്ള ബോധം അവർക്കുണ്ടാകണം. 'നിങ്ങളുടെ ന്യായപ്രമാണത്തിൽ പറഞ്ഞിട്ടില്ലയൊ (യോഹ.8:17, 10:34) എന്ന്, ന്യായപ്രമാണകർത്താവ് കൂടിയായ ക്രിസ്തുവിനെ, അവർ തിരിച്ചറിയാതിരിക്കെ യേശു അവരെ ശാസിക്കുന്നതാണ്. "നിങ്ങളുടെ ന്യായപ്രമാണം" യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ തന്നെ ന്യായപ്രമാണമാണ്. അത് ക്രിസ്തു മോശെ വഴി അവർക്ക് കൊടുത്ത അവർക്കായുള്ള അവരുടെ ന്യായപ്രമാണവുമാണ് (യോഹ.17:20).

**8. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും." പിതാവിന്റെയും പുത്രന്റെയും കല്പനകൾ വ്യത്യസ്തമോ?**

യേശു സിനഗോഗിൽ ഉപദേശിക്കവെ അവരോട് പറഞ്ഞു! ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവു മൂലം ജീവിക്കുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും (യോഹ.6:57). ന്യായപ്രമാണത്തിൻകീഴിൽ ഉള്ളവരായ യഹൂദന്മാർക്ക് അവ അനുസരിച്ച് നീതി ലഭിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ അവർക്ക് അത് അസാധ്യമാണ്. എന്നാൽ മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്. ദൈവം മനുഷ്യനായി വന്നത്, യേശുവായി വന്നത്, നമ്മുടെ സ്ഥാനത്തുനിന്നുകൊണ്ട് ദൈവത്തിൽ നിന്ന് ലഭിച്ചിരുന്ന തിരുവെഴുത്തുകൾക്ക് നിവർത്തി വരുത്തുക എന്നതിനായിരുന്നു. യേശു തിരുവെഴുത്തുകൾക്ക് നിവർത്തി വരുത്തി (ലൂക്ക.4:18). യേശു തന്റെ ശിഷ്യന്മാരെ അയയ്ക്കവെ ഉപദേശിച്ചത് "പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയയ്ക്കുന്നു" (യോഹ.20:21) എന്നാണ്. "പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു" (യോഹ.15 :9). ശിഷ്യർ ഇനി ചെയ്യേണ്ടത് പഴയനിയമ ആചാരാനുഷ്ഠാനങ്ങളല്ല, അവയുടെ ആത്മീയ അവതരണമാണ്. താനത് ഒരുക്കിവെച്ചിരിക്കുന്നു. "അവന്റെ കല്പനകൾ പ്രമാണിക്കുന്നതല്ലയൊ ദൈവത്തോടുള്ള സ്നേഹം" (1 യോഹ.5:3).

**9. ദൈവകൃപ ന്യായപ്രമാണത്തിന് എതിരൊ? പഴയനിയമകാലഘട്ടത്തിൽ കൃപയില്ലേ?**

ന്യായപ്രമാണം എന്നത് രക്ഷകനായ മശിഹാ യേശുവായി വരുവോളമുള്ള കാവൽഭടനാണ് - പാപം അകത്തു കടക്കാതിരിക്കാനുള്ള, പാപത്തെക്കുറിച്ചുള്ള പരിജ്ഞാനമാണ്. എന്നാൽ ദൈവം വാഗ്ദത്തങ്ങൾ (സന്തതി, ദേശം, രാജാവ്) നൽകിയത് ന്യായപ്രമാണത്താലല്ല. വാഗ്ദത്തം കൃപ മൂലമായതിനാൽ വിശ്വാസത്താലാണ് അവകാശികളാകുന്നത്. കൃപയും നിയമവും തമ്മിൽ യാതൊരു മാത്സര്യവുമില്ല. കൃപയ്ക്ക് രക്ഷിക്കാൻ ശക്തിയുണ്ട്; കൂടാതെ പാപമുള്ള ഹൃദയത്തെ ദൈവഭയമുള്ളതാക്കുവാനും കഴിവുണ്ട്. ദൈവഭയമില്ലാത്തിടത്ത് രക്ഷിക്കുന്ന വിശ്വാസവുമില്ല. കൃപയാൽ വിശ്വാസംവഴിയാണ് രക്ഷ പ്രാപിക്കുന്നത്. യേശു കൃപ നിറഞ്ഞ സർവ്വകൃപാലുവായ ദൈവവും രക്ഷകനുമാണ്. ന്യായപ്രമാണത്തിൻകീഴിലടയ്ക്കപ്പെട്ടവരെയും പാപത്തിൻകീഴിൽ അടയ്ക്കപ്പെട്ടവരെയും കൃപയാൽ കൊടുത്തുയർത്തി രക്ഷിക്കുന്നത് യേശുവാണ്. പഴയനിയമകാലത്ത് ദൈവത്തിന്റെ കൃപ ലഭിച്ച, കൃപയാൽ വിശ്വാസത്താൽ - സാക്ഷ്യം പ്രാപിച്ച പഴയനിയമ വിശുദ്ധന്മാരുടെ ചിത്രം എബ്രാ.11-ൽ എഴുതിവെച്ചിരിക്കുന്നു. കൃപ ചൊരിയുന്നത് കൃപാലുവായ ദൈവമാണ്. ദൈവം അന്നും ഇന്നും എന്നും ഒരേ ദൈവം തന്നെ. എന്നാൽ ക്രിസ്തു വരുവോളം അന്നുണ്ടായിരുന്ന വ്യവസ്ഥ ന്യായപ്രമാണമായിരുന്നു. ഇതും കൃപാലുവായ ദൈവത്തിന്റെ സ്നേഹം തന്നെയാണ്. ന്യായപ്രമാണത്തിൽ അത് ചെയ്യുവാൻ സാധിക്കാതെ വന്നാൽ പാപത്തിന് ശിക്ഷയുണ്ട്. കൃപയാൽ വിശ്വാസം വഴി സകല ശിക്ഷാവിധികളും നീങ്ങിപ്പോകുന്നു (യോഹ.3:18).

**10. തിരുവെഴുത്തുകൾ പഴയനിയമലിഖിതങ്ങൾ മാത്രമോ, പുതിയനിയമ വചനവും കൂടിയല്ലേ?**

എബ്രാ.13:8-ൽ യേശുക്രിസ്തു അനന്യനാണെന്ന് കാണാം. അതായത് ഇന്നലെയും ഇന്നും എന്നും ഒരുവൻ എന്ന്. ക്രിസ്തു ദൈവമാണ് ദൈവത്തെ നാം കേൾക്കുന്നത്,

(ശേഷം 28-ാം പേജിൽ)



# ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

പാ.ബാബു (ചർച്ച് ഓഫ് ഇറ്റേണിറ്റി, ഇരിട്ടി 9846848950)

(ഏപ്രിൽ ലക്കം മാസികയിൽ വന്ന ലേഖനത്തിന്റെ തുടർച്ച)

**യേശുക്രിസ്തുവിന്റെ സുവിശേഷത്തിലെ അതിപ്രധാനമായ മർമ്മമാണ് ഏറ്റുപറയുക എന്നത്.**

**ഏറ്റുപറച്ചിൽ എത്രവിധം?**

1. "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമ.10:9). ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു (റോമ.10:10). ഈ ഏറ്റുപറച്ചിൽ വ്യക്തിപരമായ ഒന്നാണ്. ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ച് യേശുക്രിസ്തു തൻെറ കർത്താവ് എന്ന് സ്വയം ദൈവത്തോട് ഏറ്റുപറയുന്നു.

2. "നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു" (1 യോഹ.1:9). "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല; അവയെ ഏറ്റു പറയുന്നവനോ, ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃശ.28:13). ഒരുവൻ യേശുക്രിസ്തുവിനെ സത്യത്തിൽ അറിയുന്നതിനു മുമ്പ് ചെയ്തിട്ടുള്ള പാപങ്ങളെ, വഴിയും സത്യവും ജീവനുമായി നമ്മെ പൂർണ്ണമായി വിടുവിക്കാൻ പ്രാപ്തനായ നമ്മുടെ മഹാപുരോഹിതനായ യേശുക്രിസ്തുവിനോട് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക.

3. "എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോ.5:16). ഈ വചനം പറയുന്നത് നമ്മൾ മറ്റ് മനുഷ്യർക്ക് എതിരായി എന്തെങ്കിലും പാപം ചെയ്തിട്ടുണ്ടെങ്കിൽ അത് അവരോട് ഏറ്റുപറഞ്ഞ് നിരപ്പ് പ്രാപിക്കണമെന്നാണ്.

4. "അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക" (എബ്രാ.13:15). "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും" (മത്താ.10:32). "എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടരാകാതെയിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ല താനും" (യോഹ.12:42). ഈ വചനങ്ങളനുസരിച്ച് നമ്മൾ യേശുക്രിസ്തുവിനെ മറ്റുള്ളവരോട് ഏറ്റുപറയണം. യേശുക്രിസ്തുവിൽ നാം മാനസാന്തരപ്പെട്ടതും, പാപമോചനം പ്രാപിച്ചതും, ആത്മാഭിഷേകം പ്രാപിച്ചതും, വീണ്ടുംജനനവും പുതുജീവൻ ലഭിച്ചതുമെല്ലാം സാക്ഷ്യമായി പറയാം.

5. "വിശ്വസിച്ചവരിൽ അനേകരും വന്ന് തങ്ങളുടെ പ്രവൃത്തികളെ ഏറ്റുപറഞ്ഞറിയിച്ചു" (അപ്പൊ.19:18). "ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവന്ന് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു; അവയുടെ വില കണക്കുകൂട്ടിയാറെ അമ്പതിനായിരം വെള്ളിക്കാശ് എന്നു കണ്ടു" (അപ്പൊ.19:19). പാപങ്ങൾ ക്ഷമിക്കുന്നതിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോടാണ് പാപക്ഷമയ്ക്കുവേണ്ടി അപേക്ഷിക്കുക. "ചുങ്കക്കാരനോ ദൂരത്തുനിന്നുകൊണ്ട് സ്വർഗ്ഗത്തിലേക്ക് നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു; ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകണമേ എന്നു പറഞ്ഞു" (ലൂക്ക.18:13).

6. ദൈവം തന്റെ കൃപയാലാണ് നമ്മെ രക്ഷിക്കുന്നത് എന്ന് വിശ്വസിക്കണം. "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫേ.2:8,9). യേശുക്രിസ്തുവിനെ വിശ്വസിച്ച് അവനെ സ്വന്തരക്ഷിതാവും കർത്താവുമായി അംഗീകരിച്ച് പാപജീവിതത്തെ വിട്ടുപേക്ഷിച്ച് യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട് യേശുവിനായി ജീവിതത്തെ സമർപ്പിക്കുന്ന ഒരുവന്റെ ജീവിതം ഏറ്റവും ശ്രേഷ്ഠകരമായ ഒന്നാണ്.

(ശേഷം 29-ാം പേജിൽ)

# ന്യായപ്രമാണവും വിശ്വാസപ്രമാണവും

പാ. രാധാകൃഷ്ണൻ

(26-ാം പേജിൽ നിന്നും തുടർച്ച)

കേട്ടറിയുന്നത് ക്രിസ്തുവിലാണ്. അവന്റെ നാമം ദൈവവചനം എന്നാണ് (വെളി.19:15). ''വചനം ദൈവമാണെന്ന്'' യോഹ.1:2-ൽ പറയുന്നു. അങ്ങനെയെങ്കിൽ ഉല്പ.1-ൽ ആദിയിൽ എന്നാരംഭിച്ച് വെളിപാടിൽ അവസാനിക്കുന്ന വചനം ദൈവമാണ്. പഴയ-പുതിയ നിയമത്തിലുടനീളം കോപിക്കുകയും ശാസിക്കുകയും കെട്ടിപ്പിടിച്ച് സ്നേഹിക്കുകയും ചെയ്യുന്നത് ഒരേ ദൈവം തന്നെ. ഇത്രയേറെ വലിയ രക്ഷയെ അവഗണിച്ച് കളയുമ്പോൾ ദീർഘക്ഷമക്കൊടുവിൽ ശിക്ഷ വരുത്തുന്നവനും കോപിക്കുന്നവനും ഒരുവൻ തന്നെ. ഇതൊക്കെയും വചനമായി രേഖപ്പെടുത്തിവെച്ചിരിക്കുന്നു. മുമ്പ് ഭാഗം ഭാഗമായി പ്രവാചകരിലൂടെ വചനമായി വെളിപ്പെട്ടതും അന്ത്യകാലത്ത് ജീവന്റെ വചനമായി രൂപത്തിൽ വെളിപ്പെട്ടവനും ഒന്നുതന്നെ.

**11. സങ്കീർത്തനം വായനയും സങ്കീർത്തനങ്ങളും പുതിയ നിയമസഭയിൽ വേണ്ടെന്നോ?**

"സങ്കീർത്തനങ്ങളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു" എന്ന് യേശു ശിഷ്യന്മാരോട് പറയുന്നു (ലൂക്ക.24:44). സങ്കീർത്തനങ്ങളിൽ വെളിപ്പെടുന്നവനായ യേശുവിനേക്കുറിച്ച് പഠിക്കാതെ സങ്കീർത്തനങ്ങൾ പാടിയതുകൊണ്ട് എന്തുകാര്യം? കഥ അറിയാതെ ആട്ടം കാണുന്നതിന് തുല്യം. "ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മഗീതങ്ങളാലും തമ്മിൽ സംസാരിക്കുകയും ഹൃദയത്തിൽ കർത്താവിന് പാടുകയും വേണമെന്നാണ് സഭയോട് കർത്താവിന് പറയുവാനുള്ളത് (എഫേ.5:19). കൊലൊ.4:16-ൽ സങ്കീർത്തനം പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചുംകൊണ്ട് ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടി നിങ്ങളിൽ വസിക്കട്ടെ. വേദപുസ്തകത്തിലെ ശ്രദ്ധേയമായ പുസ്തകങ്ങളിൽ ഒന്നാണ് സങ്കീർത്തനങ്ങൾ. ഈ പ്രവചനഗീതങ്ങളിൽ മുഴുവനും ക്രിസ്തു തെളിഞ്ഞു നിൽക്കുന്നു; ആത്മാവിന്റെ കണ്ണിൽ നോക്കിക്കണ്ടാൽ മതി.

**12. ന്യായപ്രമാണത്തിന്റ പ്രവൃത്തിയാൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല. വിശ്വാസപ്രമാണത്തിനും പ്രവൃത്തി ആവശ്യമില്ലെന്നോ?**

ന്യായപ്രമാണത്തിന്റെ പ്രവൃത്തി മനുഷ്യന് പൂർത്തീകരിക്കാൻ സാധിക്കാത്ത വ്യഥാ ശ്രമമാണ്. അത് അകത്തെ ആത്മശക്തിയാലുള്ള പ്രവൃത്തിയല്ല; പുറത്തെ മനുഷ്യന്റെ കഠിനാദ്ധ്വാനമാണ്. കാളവണ്ടിയിലൊ സൈക്കിളിലൊ സുദീർഘമായി യാത്ര ചെയ്യേണ്ടുന്ന അവസ്ഥയിൽ ക്ഷീണിച്ച് തളർന്നിരുന്ന് പോകുന്ന പ്രവൃത്തിയാണത്. ഇന്ധനം നിറച്ച് ആകാശത്തിലൂടെ ബഹുദൂരം സഞ്ചരിച്ച് സുരക്ഷിതമായി ലക്ഷ്യത്തിലെത്തുന്ന ഒരു ആകാശവിമാനയാത്ര പോലെ പരിശുദ്ധാത്മശക്തിയിൽ നിറഞ്ഞ വിശ്വാസപ്രവൃത്തി രക്ഷയ്ക്കാവശ്യമാണ്. പുതിയനിയമകല്പനയ്ക്ക് അനുസൃതമായ ആത്മാവിലുള്ള പ്രവൃത്യാധിഷ്ഠിത വിശ്വാസജീവിതം ദൈവം ഓരോ വിശ്വാസിയിൽ നിന്നും ആവശ്യപ്പെടുന്നു. "പ്രവൃത്തിയില്ലാത്ത വിശ്വാസം ജീവനില്ലാത്ത ജഡംപോൽ നിർജ്ജീവമാണ്" (യാക്കോ.2:26). പുതിയനിയമം തികഞ്ഞ ന്യായപ്രമാണമാണ്. "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനിൽക്കുന്നവനൊ കേട്ട് മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിന് അനുഗ്രഹീതനായും" (യാക്കോ.2:25) ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലുള്ള നിഷ്ഫലതയെ ചൂണ്ടിക്കാട്ടി, സഭ മുഖാന്തരമുള്ള ദൈവരാജ്യപ്രവൃത്തിയെ യേശു ഉപദേശിക്കുന്നു പുതിയനിയമത്തിൽ. ഗിരിപ്രഭാഷണം മാത്രമല്ല, തന്റെ സമ്പൂർണ്ണ പ്രസംഗങ്ങളും പഠിപ്പിക്കലുകളും ഇവയ്ക്കെതിരെയുള്ള തെറ്റുതിരുത്തലുകളായിരുന്നു. വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ (1 പത്രൊ.1:9) വാക്കിനാലും നാവിനാലും ഉപരി പ്രവൃത്തിയിലും സത്യത്തിലുമുള്ള സ്നേഹത്താൽ സാക്ഷാൽക്കരിക്കപ്പെടുന്നതാണ്. നാം അതിനായി സൃഷ്ടിക്കപ്പെട്ടവരാണ് (മത്താ.5:16, എഫേ.2:10).

സ്വർഗ്ഗോന്നതിയുടെ വിശുദ്ധപടവുകൾ ചവിട്ടിക്കയറുവാൻ ദൈവത്തിന്റെ അനന്തസ്നേഹത്താൽ കാൽവരിയാഗത്തിലൂടെ ഒഴുകിയ ക്രിസ്തുവിന്റെ പവിത്ര രക്തത്താൽ അനുദിനം കഴുകപ്പെടണം നാം. പ്രാർത്ഥനയാലും വചനധ്യാനത്താലും വചനബദ്ധിതമായ ജീവിതത്താലും നാം അനുദിനം വിശുദ്ധീകരിക്കപ്പെട്ട് വിശുദ്ധവിശ്വാസപാതയിലൂടെ മുന്നേറിക്കൊണ്ടിരുന്നാൽ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷയെ നാമെല്ലാം അതിന്റെ പൂർണ്ണതയിൽ ആസ്വദിക്കുകതന്നെ ചെയ്യും. ക്രിസ്തുയേശുവിലുള്ള വിശ്വാസം നമ്മെ അതിന് പ്രാപ്തരാക്കട്ടെ ●

# ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

## പാ:ബാബു

(27-ാം പേജിൽ നിന്നും തുടർച്ച)

ദൈവത്തിന്റെ മകനോ, മകളോ ആകുവാൻ സാധിക്കുന്നതാണ് ഈ ലോകത്തിൽവച്ച് ഒരു വ്യക്തിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം. ആ വ്യക്തിയുടെ ജീവിതത്തിൽ എത്ര ശക്തമായ പ്രശ്നങ്ങളും പ്രതികൂലങ്ങളും ഉണ്ടായാലും നിന്ദയും കഷ്ടതയും ഉണ്ടായാലും അവൻ ഭാരപ്പെടുകയോ തളർന്നുപോകുകയോ ഇല്ല. കാരണം അവനിൽ ദൈവം പകർന്നിരിക്കുന്ന നിത്യസമാധാനവും സന്തോഷവും ഏത് പ്രതികൂലത്തെയും തരണം ചെയ്യുവാൻ അവനെ പ്രാപ്തനാക്കുന്നു.

7. ജീവിതം മുഴുവൻ കർത്താവിനായി സമർപ്പിക്കുക.

"സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത് ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ'' (റോമ.12:1). പാപത്തിന്മേൽ വിജയമുള്ള (പാപത്തിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ച) ഒരു ജീവിതം പുതിയനിയമം നമുക്ക് വാഗ്ദാനം ചെയ്യുന്നു. "നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളുടെമേൽ കർത്തൃത്വം നടത്തുകയില്ല" (റോമ.6:14). "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ച് നീതിക്ക് ദാസന്മാരായിത്തീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം" (റോമ.6:17,18).

8. രക്ഷിക്കപ്പെട്ടവർ പാപസ്വഭാവത്തിന് നീക്കംവന്ന് നീതിക്കു വേണ്ടി ജീവിക്കുവാൻ വിശ്വാസസ്നാനം സ്വീകരിക്കുക.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അഭിഷിക്ത ദൈവദാസന്മാരാൽ ജലത്തിൽ മുങ്ങിയുള്ള വിശ്വാസസ്നാനം. "വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും." (മർക്കോ.16:16). സ്നാനം ഒരു പാപമോചനകർമ്മമല്ല. വിശ്വാസത്തിൽ നിന്നുദ്ഭവിക്കുന്ന യഥാർത്ഥ മാനസാന്തരമാണ്. പുത്രനായ യേശുവിന്റെ രക്തമാണ് പാപങ്ങൾ മായിച്ചുകളയുന്നത്. "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ" (അപ്പൊ.3:19). "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ.1:7).

ദൈവവചനം പഠിച്ച് ദൈവത്തോട് നല്ല മന:സ്സാക്ഷിയുള്ളവരായി വിശുദ്ധജീവിതം ജീവിച്ചുകൊള്ളാമെന്ന് ദൈവവുമായുള്ള ഒരു ഉടമ്പടിയാണ് സ്നാനം. "സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോട് നല്ല മന:സ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെ രക്ഷിക്കുന്നു" (1 പത്രൊ.3:21). സ്നാനമെന്നത് പാപങ്ങളെ ഏറ്റുപറഞ്ഞ് ഹൃദയശുദ്ധി വരുത്തി ജലത്തിൽ കഴുകി ഒരു പുതിയ വ്യക്തിത്വം പ്രാപിക്കുക എന്നതാണ്.

എന്നാൽ ബൈബിൾ പ്രകാരം ഒരു 'കുഞ്ഞിനെ' സ്നാനപ്പെടുത്തണ്ട ആവശ്യമില്ല കാരണം –

1. സ്നാനം ഒരു പാപമോചനകർമ്മമല്ല. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കുന്ന യഥാർത്ഥ മാനസാന്തരമാണ്, പുത്രനായ യേശുവിന്റെ രക്തമാണ് പാപങ്ങൾ മായ്ച്ചുകളയുന്നത്. "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ'' (അപ്പൊ.3:19). കുഞ്ഞുങ്ങൾക്ക് മാനസാന്തരപ്പെടുവാൻ കഴിയുകയില്ല.

2. ''എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയുംകുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫീലിപ്പോസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനമേറ്റു" (അപ്പൊ.8:12). വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനമേറ്റു! കുട്ടികൾ സ്നാനമേറ്റതായി ബൈബിളിൽ ഒരിടത്തും എഴുതിയിട്ടില്ല. കുഞ്ഞുങ്ങൾക്ക് വിശ്വസിക്കാൻ പറ്റില്ല.

3. ''അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടും അവിശ്വാസിയായ ഭാര്യ സഹോദരൻ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു; അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്നു വരും; ഇപ്പൊഴൊ അവർ വിശുദ്ധരാകുന്നു" (1 കൊരി.7:14). ഭാര്യയൊ ഭർത്താവൊ

# ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

## പാ:ബാബു

ആരെങ്കിലും ഒരാൾ രക്ഷിക്കപ്പെട്ടു എങ്കിൽ നിങ്ങളുടെ മക്കൾ വിശുദ്ധരാകുന്നു.

9. ദൈവപുത്രപദവി ലഭിക്കുവാനായി പരിശുദ്ധാത്മസ്നാനം പ്രാപിക്കണം.

"ആത്മാവ് എന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാം നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു" (റോമ.8:23). മാരകമായ പാപത്തിൽ വീണുപോയ ദാവീദ് രാജാവ് തന്റെ പാപങ്ങളെ മായ്ച്ചുകളയണമേ എന്ന് വിലപിച്ച് മാനസാന്തരപ്പെട്ട് പ്രാർത്ഥിക്കുന്നതോടൊപ്പം ദൈവത്തോട് ഇപ്രകാരം യാചിക്കുന്നു. "ദൈവമേ , നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായ ഒരു ആത്മാവിനെ എന്നിൽ പുതുക്കേണമേ" (സങ്കീ.51:10). ദാവീദിന്റെ യാചനക്ക് ഉത്തരമായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് യെഹസ്ക്കേൽ പ്രവാചകനിലൂടെ മനുഷ്യകുലത്തിന് ഉത്തരം നൽകി. ഇതാണ് പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചുള്ള ആ വാഗ്ദത്തം. "ഞാൻ നിങ്ങൾക്ക് പുതിയോരു ഹൃദയം നൽകും; പുതിയ ഒരു ആത്മാവിനെ ഞാൻ നിങ്ങളുടെയുള്ളിലാക്കും; കല്ലായുള്ള ഹൃദയം, ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസളമായ ഒരു ഹൃദയം നിങ്ങൾക്ക് തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ച് അനുഷ്ഠിക്കും" (യെഹ.36:26,27). പിന്നീട് കുറച്ചുവർഷങ്ങൾക്കുശേഷം യേശുക്രിസ്തുവിനേക്കുറിച്ചും യേശുക്രിസ്തു നൽകുന്ന പരിശുദ്ധാത്മാവിലും ആത്മീയ അഗ്നിയാകുന്ന തീയിലൂടെയുള്ള സ്നാനത്തെക്കുറിച്ചും സ്നാപകയോഹന്നാൻ ഇപ്രകാരം പറഞ്ഞു. "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനമേല്പിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനൊ എന്നെക്കാൾ ബലവാനാകുന്നു; അവന്റെ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനമേല്പിക്കും" (മത്താ.3:11).

യേശുക്രിസ്തു നമ്മെ ദൈവവചനമാകുന്ന തീയിൽ സ്നാനം കഴിപ്പിക്കുന്നു. ഈ അനുഭവമാണ് പെന്തക്കൊസ്ത് അനുഭവം. ഇത് പലർക്കും വ്യത്യസ്തമായ ദൈവാനുഭവമായിരിക്കാം. "എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും അല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്" (യിര.23:29). ഈ ദൈവാനുഭവം പ്രാപിക്കുന്നവർക്ക് ആത്മീയദാഹമുണ്ടാകുന്നു. അവരോട് യേശുക്രിസ്തു പറഞ്ഞു: "വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളി.22:17).

ഇപ്രകാരം പഴയനിയമത്തിലെ പരിശുദ്ധാ


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

## പാ:ബാബു

ത്മാവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പുതിയനിയമത്തിൽ പൂർത്തിയായതായി നാം കാണുന്നു. "ഇത് യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതത്രേ; അത് എന്തെന്നാൽ: അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും" (അപ്പൊ.2:16,17). "പത്രൊസ് അവരോട്: നിങ്ങൾ നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി മാനസാന്തരപ്പെട്ട് ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പൊ.2:38). ഒരു വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ പരിശുദ്ധാത്മസന്തോഷത്താൽ നിറയുന്നു. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിലെല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്നു പറഞ്ഞു" (അപ്പൊ.1:8).

എന്നാൽ ചിലർ ഇതൊന്നും ഇപ്പോൾ നടക്കില്ല എന്ന് പറഞ്ഞ് കൃത്രിമമായി നൽകാൻ ശ്രമിക്കുന്നു. "ആകയാൽ അവർ ചെന്ന് പിറകോട്ട് വീണ് തകർന്ന് കുടുക്കിൽ അകപ്പെട്ട് പിടിപെടേണ്ടതിന്, യഹോവയുടെ വചനം അവർക്ക് ചട്ടത്തിന്മേൽ ചട്ടം, ചട്ടത്തിന്മേൽ ചട്ടം, സൂത്രത്തിന്മേൽ സൂത്രം. സൂത്രത്തിന്മേൽ സൂത്രം ഇവിടെ അല്പം അവിടെ അല്പം എന്നായിരിക്കും" (യെശ.28:13).

10, യഥാർത്ഥ മാനസാന്തരം വിഗ്രഹങ്ങളെവിട്ട് കർത്താവിങ്കലേക്ക് തിരിയുകയാണ്.

ജാതികളുടെ ക്ഷേത്രങ്ങളിൽ കാണുന്ന തടിയും കല്ലുംകൊണ്ടുണ്ടാക്കിയ രൂപങ്ങൾ മാത്രമല്ല വിഗ്രഹങ്ങൾ. അവയെപ്പോലെ മ്ലേച്ഛമായി തോന്നിക്കാത്തവയെങ്കിലും ജനങ്ങൾ ആരാധിക്കുന്നവയും അവയ്ക്കുതുല്യം ആപത്ക്കരങ്ങളുമായ വിഗ്രഹങ്ങളുണ്ട്. ലോകസുഖം, ആഡംബരം, പണം, പ്രശസ്തി, സ്വന്തവഴി, ദുരാഗ്രഹം തുടങ്ങിയവയാണ് ഈ വിഗ്രഹങ്ങൾ. മാനസാന്തരപ്പെടുക എന്നുവെച്ചാൽ ഇവയെ ആരാധിക്കുന്നത് നിർത്തിയിട്ട് അവയെ വിട്ട് ദൈവത്തിങ്കലേക്ക് തിരിയുക എന്നതാണ്.

ഒരു ദൈവപൈതൽ പാരമ്പര്യങ്ങളിൽനിന്നും അന്യാരാധനകളിൽ നിന്നും വിഗ്രഹാരാധനയിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും വേർപെടണം. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവരോട് ചേർന്ന് കൂട്ടായ്മ ആചരിക്കണം. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശംകേട്ടും കൂട്ടായ്മ ആചരിച്ചും അപ്പംനുറുക്കിയും പ്രാർത്ഥന കഴിച്ചുംപോന്നു" (അപ്പൊ.2:38).

11. ദൈവവചനം ദിനംതോറും വായിക്കുകയും അത് അനുസരിച്ച് ജീവിക്കുകയും ചെയ്യുക.

ദൈവവചനത്തിലൂടെ മാത്രമേ ആത്മീയവളർച്ച പ്രാപിക്കാൻ സാധിക്കുകയുള്ളൂ. "അവർ തെസ്സലോനിക്യയിലുള്ളവരേക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അത് അങ്ങനെതന്നെയോ എന്ന് ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ച് പോന്നു."

12. വിളിച്ച വിശുദ്ധനൊത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ.

ദൈവഭയം (ദൈവഭക്തി) ജ്ഞാനത്തിന്റെ ആരംഭമാണെന്ന് ദൈവവചനം പ്രസ്താവിക്കുന്നു (സദൃശ.9:10). നാം യഥാർത്ഥമായും ദൈവത്തെ ഭയപ്പെടുന്നുവെങ്കിൽ നാം പാപത്തിൽ നിന്ന് വിട്ടുമാറും. ''ഒരിയ്ക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിന്മാറി പോയാൽ തങ്ങൾക്ക് തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന് ലോകാപവാദം വരുത്തുന്നവരുമാകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല" (എബ്രാ.6:3-6).

അതിനാൽ മാനസാന്തരപ്പെട്ട് ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിൽ ജീവിക്കുന്ന ഒരു നീതിമാനായ വിശുദ്ധൻ (സ്വയം നീതിമാനായ വിശുദ്ധനൊ മറ്റുള്ളവർ വചനവിരുദ്ധമായി വിധിച്ച് വിശുദ്ധരാക്കുന്നവരോ അല്ല) ആയിത്തീരുന്നില്ല എങ്കിൽ നാം ക്രിസ്തീയജീവിതത്തിന്റെ

# ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

പാ:ബാബു

ആദ്യാക്ഷരങ്ങൾ പോലും പഠിച്ചവരല്ല. "പണ്ട് നിങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃക യാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം അനുസരണ മുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നെഴുതി യിരിക്കുന്നുവല്ലോ" (1 പത്രൊ.1:14,16). ദൈവത്തെ വിശ്വസിക്കുന്ന അനേകരുണ്ട്; പിശാചുക്കളും വിശ്വസിക്കുന്നു എന്ന് വേദപുസ്തകം പറയുന്നു (യാക്കോ.2:19). എന്നാൽ നാം രക്ഷിക്കപ്പെടണമെങ്കിൽ നമ്മുടെ പാപവഴികളെ വിട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് അവനുമായി വ്യക്തിപരമായ ഒരു ബന്ധത്തിൽ ഏർപ്പെട്ട് അവനെ പിൻപറ്റേണ്ടത് ആവശ്യമാണ്. മുഴുഹൃദയത്തോടെ യേശുകർത്താവിനെ വിശ്വസിച്ച് ആശ്രയിക്കേണ്ടതാണ്. "അവന്റെ കൃപയാൽ യേശുക്രിസ്തുവിങ്കലേ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്" (റോമ.3:24). "വെളിപാട് ഇല്ലാത്തിടത്ത് ജനം മര്യാദ വിട്ടു നടക്കുന്നു" (സദൃ.29:18). "സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഒരുത്തൻ വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു ക്രിസ്തുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്ക് ലഭിക്കാ ത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം" (2 കൊരി.11:3-4).

**ക്രിസ്തു വഴി ഞാൻ രക്ഷിക്കപ്പെട്ടു; എന്തിൽ നിന്ന്?**

1. പാപത്തിൽ നിന്ന്: "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ച് നീതിക്ക് ദാസന്മാരായി തീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം" (റോമ.6:17,18). പാപത്തിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ചു എങ്കിൽ ഒരുവൻ പിന്നീട് പാപിയല്ല. വിശുദ്ധനാണ്. ഇന്ത്യ ബ്രിട്ടീഷുകാരുടെ അടിമയായിരുന്നു. 1947-ൽ സ്വതന്ത്രയായി. ഇപ്പോൾ ഇന്ത്യ അടിമയാണെന്ന് ആരെങ്കിലും സമ്മതിക്കുമോ?

ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് വീണ്ടുംജനനവും പരിശുദ്ധാത്മാഭിഷേകവും പ്രാപിച്ച ഒരുവൻ ഇപ്പൊഴും ഞാൻ പാപിയാണ് എന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ കാൽവരിയാഗം കൊണ്ട് അവന് ഒരു ഗുണവും കിട്ടിയില്ല! "എന്നാൽ ക്രിസ്തുവിൽ നീതീകരണം അന്വേഷിക്കയിൽ നാമും പാപി കളെന്നു വരുന്നു എങ്കിൽ ക്രിസ്തു പാപത്തിന്റെ ശുശ്രൂഷ ക്കാരനെന്നോ? ഒരുനാളും അല്ല?" (ഗലാ.2:17).

2. ന്യായവിധിയിൽ നിന്ന്,

"ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടു വാനത്രേ. അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല; വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു" (യോഹ.3:17,18). "അതുകൊണ്ട് ഇപ്പോൾ ക്രിസ് തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല" (റോമ.8:1). സർവ്വ പാപികളും, രഹസ്യപാപം ചെയ്ത് പാപിയല്ല എന്നു പറയുന്ന കള്ളക്രിസ്ത്യാനികളും, വിഗ്രഹക്രിസ്ത്യാനികളും മറ്റെല്ലാവരും വിധിക്കപ്പെടും (വെളി.20:11-15). എന്നാൽ വചനത്തിൽ മായംചേർത്ത് കച്ചവടം ചെയ്യാതെ (2 കൊരി.2:27) അത് വിശ്വസിച്ച് പ്രമാണിക്കുന്നവന് ശിക്ഷാവിധിയില്ല.

ഒരു മനുഷ്യന്റെ നിത്യരക്ഷ ദൈവകൃപയാൽ ലഭിക്കുന്ന സത്യവിശ്വാസത്തിലൂടെയാണ്. കൃപ ലഭിച്ചവരായ സത്യവിശ്വാസികൾ മാനസാന്തരത്തിന് യോഗ്യമായ ഫലങ്ങൾ കായ്ച്ച് ദൈവീകവാഗ്ദാനം പ്രാപിക്കുന്നു. തന്റെ ആട്ടിൻതൊഴുത്തിലേക്ക് പ്രവേശി ക്കാനുള്ള ശരിയായ വഴി അതിന്റെ വാതിലിലൂടെയാണെന്ന് യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്. എന്നാൽ ചിലർ മതിൽ ചാടിക്കടന്ന് ഉള്ളിൽ കടക്കുവാൻ ശ്രമിക്കുമെന്നും കർത്താവ് പറഞ്ഞിട്ടുണ്ട് (യോഹ.10:1). "ആമേൻ, ആമേൻ. ഞാൻ നിങ്ങളോട് പറയുന്നു ആട്ടിൻതൊഴുത്തിൽ വാതിലി ലൂടെ കടക്കാതെ വേറ വഴിയായി കടക്കുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു."

യേശുക്രിസ്തു ഇന്നും ജീവിക്കുന്ന രക്തസാക്ഷി - പാപ, രോഗ, ശാപവിമോചകൻ. മനുഷ്യന്റെ ഏറ്റവും

# ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

പാ:ബാബു

വലിയ ആത്മീയപ്രശ്നമായ പാപത്തിൽ നിന്ന് എന്നെ സ്വതന്ത്രനാക്കിയത് യേശുക്രിസ്തുവിന്റെ പരമയാഗത്തിൽ ചൊരിഞ്ഞ രക്തത്താൽ ആണ്. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ.1:7). ഒരു കൂടാരത്തിൽക്കൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടെയും രക്തത്താലല്ല, സ്വന്ത രക്തത്താൽതന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേയ്ക്കുമുള്ളൊരു വീണ്ടെടുപ്പു സാധിച്ചു (എബ്രാ.9:12). അതു നിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ടു "നിത്യവകാശത്തിന്റെ വാഗ്ദത്തം" വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിനു അവൻ പുതിയനിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു (എബ്രാ.9:15).

"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ" (1 പത്രൊ.1:18–19). ചുരുക്കത്തിൽ ഒരു മനുഷ്യന്റെ വീണ്ടെടുപ്പിന് ആവശ്യമായത് എല്ലാം തന്നെ പിതാവായ ദൈവം തന്റെ പുത്രനിൽക്കൂടി നിറവേറ്റി.

യേശുവിന്റെ രക്തം കറയില്ലാത്തതും നമ്മുടെ മന:സ്സാക്ഷിയെ വെടിപ്പാക്കുന്നതും (എബ്രാ.9:14) യേശുവിന്റെ രക്തത്താൽ നമ്മെ വിലയ്ക്കു വാങ്ങുകയും (അപ്പൊ.20:28, 1 കൊരി.6:19–20) കുരിശിൽ ചൊരിഞ്ഞ രക്തത്താൽ നമ്മുടെ ദൈവത്തോട് നിരപ്പും സമാധാനവും ഉണ്ടാക്കുന്നതുമാകുന്നു (കൊലോ.1:20). കുഞ്ഞാടിന്റെ രക്തത്താൽ സാത്താനെ ജയിക്കുകയും (വെളി.12:11) നിത്യ നിമയത്തിന്റെ രക്തം (എബ്രാ.13:20) അവനിൽ നമുക്ക് അവന്റെ രക്തത്താൽ "അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്" (എഫേ.1:7).

"മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു; എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്ക് കരുണ ലഭിച്ചു" (1 തിമൊ.1:13). "പാപമോചനം കുരിശിൽ അല്ല-ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്ന് നിങ്ങൾ അറിയുന്നുവല്ലോ" (1 പത്രോ.1:18–19).

യേശുക്രിസ്തു ഒരു മതസ്ഥാപകനല്ല യേശുക്രിസ്തു ഒരു വിശ്വാസമാർഗ്ഗമാണ്. ക്രിസ്തുമാർഗ്ഗം മനം മാറ്റമാണ്. മതം മാറ്റമല്ല. 66 പുസ്തകങ്ങൾ ഉള്ള സത്യവേദപുസ്തകത്തിലെ എല്ല വചനങ്ങളും ദൈവവചനമാണ്. അത് മാത്രമാണ് സത്യമായ സത്യം. അതിനോട് കൂട്ടിയതും കുറച്ചതും മനുഷ്യന്റെ ഫിലോസഫിയും പാരമ്പര്യവുമനുസരിച്ച് ദൈവവചനത്തിൽ ഉള്ളവ പ്രമാണിക്കാതെയും ഇല്ലാത്തവ പ്രവർത്തിക്കുകയും ചെയ്യുന്നവരോട് ദൈവവചനം ഇപ്രകാരം പറയുന്നു (ആവ.4:2) "ഞാൻ നിങ്ങളോട് കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോട് കല്പിക്കുന്ന വചനത്തോട് കൂട്ടുകയോ അതിൽ നിന്ന് കുറയ്ക്കുകയോ ചെയ്യരുത്" (സദൃശ.30:5–6) "ദൈവത്തിന്റെ സകല വചനവും ശുദ്ധി ചെയ്തതാകുന്നു. തന്നിൽ ആശ്രയിക്കുന്നവർക്കു വൻ പരിച തന്നേ. അവന്റെ വചനങ്ങളോട് നീ ഒന്നും കൂട്ടരുത്; അവൻ നിന്നെ വിസതരിച്ചിട്ട് നീ കള്ളനാകാൻ ഇടവരരുത്." (യിര.26:2). യഹോവ ഇപ്രകാരം അരുളി ച്ചെയ്യുന്നു: "നീ യഹോവയുടെ ആലയത്തിന്റെ പ്രാകാരത്തിൽ നിന്നുകൊണ്ടു. യഹോവയുടെ ആലയത്തിൽ നമസ്ക്കരിപ്പാൻ വരുന്ന സകല യഹൂദാ പട്ടണങ്ങളോടും പ്രസ്താവിപ്പാൻ ഞാൻ നിന്നോട് കല്പിക്കുന്ന സകല വചനങ്ങളെയും അവരോട് പ്രസ്താവിക്ക; ഒരു വാക്കും വിട്ടുകളയരുത്. എസ്രാ.6:11 – ആരെങ്കിലും ഈ കലപ്ന മാറ്റിയാൽ അവന്റെ വീടിന്റെ ഒരു ഉത്തരം വലിച്ചെടുത്ത് നാട്ടി അതിന്മേൽ അവനെ തൂക്കിക്കളകയും അവന്റെ വീട് അതു നിമിത്തം കുപ്പക്കുന്ന് ആക്കിക്കളകയും വേണം എന്നും ഞാൻ കല്പന കൊടുക്കുന്നു."

1 കൊരി.4:6 – "സഹോദരന്മാരേ, ഇതു ഞാൻ നിങ്ങൾ നിമിത്തം എന്നെയും അപ്പൊല്ലോസിനെയും ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നതു: എഴുതിയിരിക്കുന്നതിനു അപ്പുറം (ഭാവിക്കാതിരിപ്പാൻ) ഞങ്ങളുടെ ദൃഷ്ടാന്തം കണ്ടു പഠിക്കേണ്ടതിനും ആരും ഒരുത്തനു അനുകൂലമായും മറ്റൊരുവനു പ്രതികൂലമായും ചീർത്തുപോകാതിരിക്കേണ്ടതിനും തന്നേ." ●

# വാർത്തകൾ NEWS

## പ്രാർത്ഥന കുറ്റകരം: ലണ്ടൻ ജഡ്ജിയുടെ തീരുമാനത്തിൽ ആശങ്കയുമായി ക്രൈസ്തവർ

ലണ്ടൻ: അബോർഷൻ ക്ലീനിക്കിനുമുന്നിൽ 'പ്രാർത്ഥിക്കുന്നത്' നിരോധിച്ച ഈലിംഗ് കൗൺസിൽ തീരുമാനത്തെ പിന്താങ്ങിയ ഹൈക്കോടതി ജഡ്ജിയുടെ ഇടപെടലിൽ ആശങ്ക പങ്കുവെച്ച് ക്രൈസ്തവസമൂഹം. ജസ്റ്റിസ് ടർണറിന്റെ തീരുമാനം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വലിയ ആശങ്കയാണ് നൽകുന്നതെന്ന് 'ബി ഹിയർ ഫോർ മി' പ്രചാരണ പദ്ധതിയുടെ വക്താവായ ക്ലയർ കാർബറി പറഞ്ഞു. 16-ാം നൂറ്റാണ്ടിനുശേഷം ഇത് ആദ്യമായാണ് പ്രാർത്ഥന യുകെയിൽ കുറ്റകരമാകുന്നതെന്നും അവർ കൂട്ടിച്ചേർത്തു.

അബോർഷൻ ക്ലിനിക്കിന്റെ പരിസരം പ്രാർത്ഥനാനിരോധന മേഖലായാക്കിയ തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ട് ക്രൈസ്തവ വിശ്വാസിയായ സ്ത്രീ കോടതിയെ സമീപിച്ചതിനെ തുടർന്നാണ് ജസ്റ്റിസ് ടർണർ ഏകപക്ഷീയമായ വിധി പ്രസ്താവം നടത്തിയത്. 'ഒരു ജനാധിപത്യ രാജ്യത്തിന് അനിവാര്യമായ നടപടി' എന്നാണ് അദ്ദേഹം തന്റെ തീരുമാനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. വിധിയുടെ പശ്ചാത്തലത്തിൽ അബോർഷൻ ക്ലിനിക്കിന്റെ പരിസരത്തുള്ള റോഡിൽ നിന്ന് പ്രാർത്ഥിക്കുവാനൊ, അബോർഷനെക്കുറിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനൊ, ഇക്കാര്യത്തിൽ സഹായമാവശ്യമുള്ളവരെ സഹായിക്കാനൊ സാധിക്കില്ലെന്ന് കാർബറി പറയുന്നു.

പ്രൊലൈഫ് പ്രവർത്തകരുടെ പ്രാർത്ഥനകളെ തുടർന്ന് പടിഞ്ഞാറൻ ലണ്ടൻ ബറോയിലെ 'മേരി സ്റ്റോപ്സ്' അബോർഷൻ ക്ലിനിക്കിന്റെ നൂറ് മീറ്റർ പരിസരം 'ബഫർ സോണായി' പ്രഖ്യാപിച്ചുകൊണ്ട് ഈലിംഗിലെ കൗൺസിലാണ് രാജ്യത്താദ്യമായി ഇത്തരമൊരു നടപടി കൈക്കൊണ്ടത്. പ്രൊലൈഫ് പ്രവർത്തകരായ വനിതകൾ പ്രതിഷേധിക്കുകയല്ലെന്നും അബോർഷൻ ക്ലിനിക്കിന്റെ മുമ്പിൽ ജാഗരണപ്രാർത്ഥനകൾ നടത്തുകയും, അബോർഷന് പകരം ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും മാത്രമാണ് ചെയ്തിരുന്നതെന്നും കാർബറി വ്യക്തമാക്കി. അതേസമയം പ്രാർത്ഥനയ്ക്ക് വിലക്കിടാനുള്ള വിധി വരും ദിവസങ്ങളിൽ വൻ പ്രതിഷേധങ്ങൾക്ക് കാരണമാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

കടപ്പാട്: പ്രവാചകശബ്ദം


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM**

| | |
|---|---|
| 1. Place of Publication | : Kamballur |
| 2. Periodicity of the Publication | : Monthly |
| 3. Printer's Name | : Devasia Mullakkara |
| Whether Citizen of India | : Indian |
| (If foreigner, State Country of origin) | : NA |
| Address | : Kamballur P.O., Cherupuzha 670511 |
| 4. Publisher's Name | : Devasia Mullakkara |
| Whether Citizen of India | : Indian |
| (If foreigner, State Country of origin) | : NA |
| Address | : Kamballur P.O Cherupuzha 670511 |
| 5. Editor's Name | : Devasia Mullakkara |
| Whether Citizen of India | : Indian |
| (If foreigner, State Country of origin) | : NA |
| Address | : Kamballur P.O., Cherupuzha 670511 |

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര,
പി.ബി നം.1
ചെറുപുഴ പി.ഒ
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.
04985 213999

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.
0484 4033178

e-mail: ekmoffice@gmail.com
our official website: churchofeternity.org

*'Assuredly, I say to you, inasmuch as you did it to one of the least of these My brethren, you did it to Me.' (Matthew 25:40)*



ചൈതന്യ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ
പ്രവർത്തിക്കുന്ന അച്ഛൻകിളിക്കൂട്ടിലെ ആശ്രിതർ

CHARITY
look at us love us
Support US

## അച്ഛൻകിളിക്കൂട്

# CHAITHANYA OLD AGE HOME

(REG. No. 384/2004, A UNIT OF CHAITHANYA SOCIAL SERVICE SOCIETY)

**PULINGOME, KANNUR, KERALA, INDIA**

സാമ്പത്തികമായി സഹായിക്കാനാഗ്രഹിക്കുന്നവർ ബന്ധപ്പെടുക:

**9947267701, 04985213999**

ATHMABHISHEKAM MONTHLY
2018 JULY
RNI NO. KER - MAL/2003/12060

Rs.20.00

Registration No.KL/KNR/41/2016-18
Licence to post without pre payment
LICENCE NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th JULY 2018

# The Great Day of God

"For behold, the day is coming,
Burning like an oven,
And all the proud, yes,
all who do wickedly will be stubble.
And the day which is coming
shall burn them up,"
Says the Lord of hosts,
"That will leave them
neither root nor branch.
But to you who fear My name
The Sun of Righteousness shall arise
With healing in His wings;
And you shall go out
And grow fat like stall-fed calves.

( Malachi 4:1, 2 )

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).